THE MALANKARA SABHA

മലങ്കരസഭ

നവംബർ 2016
The Official Media of Malankara Orthodox Syrian Church
MY LORD AND MY GOD
Rs : 15

ST. GREGORIOS INTERNATIONAL CANCER CARE CENTRE, PARUMALA

പരുമല കാൻസർ കെയർ സെന്റർ
സ്വപ്ന സാഫല്യത്തിലേക്ക്...

NOVEMBER 23

VISIT OF H.H. ABUNE MATHIAS PATRIARCH OF ETHIOPIA
2016 NOVEMBER, 19-25

14th
DEATH ANNIVERSARY
(29-11-2016)



ഫാ. മത്തായി നൂറനാൽ
(മുൻ വൈദീക ട്രസ്റ്റി)

പാവന സ്മരണയ്ക്കുമുമ്പിൽ...

സുൽത്താൻ ബത്തേരി സെന്റ് മേരീസ് കത്തീഡ്രൽ തീർത്ഥാടന കേന്ദ്രം ഇടവകാംഗങ്ങൾ

വയനാട്ടിലെ സുരക്ഷിതവും ചിലവുകുറഞ്ഞതുമായ താമസ സ്ഥലം

- Single Rooms
- Double Rooms
- Doormitory
- Spacious Parking

ബഥാന്യ റിട്രീറ്റ് സെന്റർ & ഡോർമിറ്ററി

സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ തീർത്ഥാടന കേന്ദ്രം
ഊട്ടി റോഡ്, ചുങ്കം, സുൽത്താൻ ബത്തേരി
വയനാട്, കേരളം – 673592

- ഇടവക വികാരിമാരുടെ സാക്ഷ്യപത്രവുമായി വരുന്നവർക്ക് റും വാടക ഇനത്തിൽ 10% ഇളവ് നൽകുന്നതാണ്.
- മുൻകൂട്ടിയുള്ള ഓർഡർ അനുസരിച്ച് ടൂർ ഗൈഡ്, വാഹനം, ഭക്ഷണം എന്നിവ ക്രമീകരിച്ച് നൽകുന്നതാണ്.

PRESS Graphix @ 9744686596

☎: 9946429867 - 9495318809 - 04936 224640

മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 11, പുസ്തകം 70, നവംബർ 2016

പ. ബസേലിയോസ് ഔഗേൻ I കാതോലിക്കാ ബാവായുടെ
11-ാം ഓർമ്മ
(ദേവലോകം അരമനയിൽ) ഡിസം. 8)

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

അകം

ഡോ. സഖറിയാസ് മാർ അപ്രേം 4
മഹാപുരോഹിത സന്ദേശം 5
എഡിറ്റോറിയൽ 6
പ. പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ 8
പൗലോസ് മാർ ഗ്രീഗോറിയോസ് 10
ഡോ. എം. കുര്യൻ തോമസ് 12
വർഗീസ് ജോൺ തോട്ടപ്പുഴ 12
ഡോ. മാത്യൂസ് മാർ സേവേറിയോസ് 15
ഫാ.ഡോ. റ്റി. ജെ. ജോഷ്വ 18
ഡോ. സിബി തരകൻ 22
പ്രൊഫ. ലീലാമ്മ ജോൺ 25
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം 29
ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ 32
സാം പൈനുംമൂട് 34
ഫാ. ഡോ. റെജി ഗീവർഗീസ്, മുട്ടം 38
ഡോ. അലക്സ് ഫിലിപ്പ് 44

VISIT OF H.H. ABUNE MATHIAS PATRIARCH OF ETHIOPIA

19-25, NOVEMBER, 2016

19 Saturday, November : 11:30 a.m: Arrival in Kochi Airport.
Sunday 20 : 7:50 a.m: HQ at the St. Mary's Orthodox Cathedral, Arthat. 12:00: Reception at Pazhanji, 4:00 p.m: The Bicentenary Meeting.
Monday 21 : 7:00 p.m: Attending the Synodal Session followed by dinner at Devalokam.
Tuesday 22 : 2:30 p.m: St. George Church, Kuzhimattom, 4:30 p.m: Inauguration of *Snehasparsam*, The Cancer Care Charity Project of the Church. Venue: Mammen Mappilai Hall, Kottayam.
Wednesday 23 : 9:30 a.m: Parumala Pally, 10:30 a.m: Consecration and Inauguration of St. Gregorios International Cancer Research Centre, Parumala.,
2:30 p.m:St. Mary's Church Niranam.
Thursday 24: 7:30 a.m.: Holy Eucharist Service and 200th year memorial of Malankara Metropolitan Joseph Mar Dionysius II (Pulikottil I) Old Seminary, Kottayam.
Late Afternoon: Farewell to the entourage of H.H. the Patriarch from Devalokam Aramana.
Return enroute Mumbai-Addis Ababa.

CANCER CARE CHARITY PROJECT



പരുമലയിൽ നമ്മുടെ ഒരു വലിയ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണ്. ക്ലേശപൂർണ്ണമായ ഒരായിരം പ്രതിസന്ധികളെ അതിജീവിച്ചാണ് നാം ഈ സ്വപ്നം പൂർത്തീകരിച്ചത്. ഇനിയും കടമ്പകൾ ഏറെയാണ്. നിരാലംബരായ അനേകം കാൻസർ രോഗികളുടെ കണ്ണുനീരൊപ്പാൻ പരുമല ആശുപത്രി നൽകുന്ന മെച്ചപ്പെട്ട സേവനം പര്യാപ്തമാകണം. ഇതിന്റെ ഓരോ സ്പന്ദനവും നിങ്ങളുടെ ഓരോരുത്തരുടെയും അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും വിലയാണ്.

സ്നേഹ സ്പർശം സഹായ പദ്ധതി വഴി അഞ്ചു കോടി രൂപ സ്ഥിര നിക്ഷേപം പ്രതീക്ഷിക്കുന്നു. അതിന്റെ പലിശ അർഹരായ പാവപ്പെട്ട രോഗികൾക്ക് ചികിത്സ സഹായമായി നൽകും.

സ്നേഹസ്പർശം പദ്ധതിക്ക് നൽകുന്ന സംഭാവനകൾക്ക്
80 G പ്രകാരം നികുതിയിളവ് ലഭിക്കും.
Contributions in Indian Rupees
A/c.No. 0801053000000861
IFSC: SIBL0000801, SWIFT CODE: SOININ55XXX
South Indian Bank, Mannar Branch
Contributions in Foreign Currency
A/c.No.: 11310100021237
IFSC: FDRL0001131, Federal Bank, Mannar Branch

മലങ്കരസഭ

10 നവംബർ 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

Cover & Graphic Designing:-
Jinto Kurichy @
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി

ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ

ആരാണ് വിശുദ്ധൻ? വിശുദ്ധൻ തന്റെ ഉറവയും ഉറവിടവും കണ്ടെത്തിയവനാണ്. മനുഷ്യന്റെ ഉറവിടവും ഉറവയും എവിടെയാണ്? മനുഷ്യ ജീവിതത്തിന്റെ ഉറവ സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിലാണ്. സംഗീതക്കാരനായ ദാവീദു പാടുന്നുണ്ട്, *തങ്ങളുടെ ഉറവകൾ യഹോവയിൽ ആകുന്നുവെന്ന് സംഗീതക്കാരും തപ്പു കൊട്ടുന്നവരും നൃത്തം ചെയ്യുന്നവരും പറഞ്ഞു കൊള്ളട്ടെ.* ഇതിൽ നിറയുന്ന ഉറവ ദൈവത്തിൽ ആകുന്നു എന്ന തിരിച്ചറിവ് പകരുന്ന വലിയ ദർശനമാണ്.

എന്തിനാണ് ചിലരെ വിശുദ്ധരാക്കി തീർക്കുന്നത് എന്ന് ചിലരെങ്കിലും ചോദിക്കാറുണ്ട്. വിശുദ്ധ സ്ഥാനം ആർക്കെങ്കിലും നൽകുന്നത് യുക്തിസഹജമാണോ എന്നതാണ് ഭാഷ്യം. വിശുദ്ധി എന്ന പദത്തിന്റെ നിർവ്വചനം നാം തിരിച്ചറിയണം. ദൈവത്തിന്റെ വിശുദ്ധിയും മനുഷ്യന്റെ വിശുദ്ധിയും എന്താണെന്ന് ഉൾക്കൊള്ളണം. *ദൈവമേ നീ പരിശുദ്ധൻ* എന്ന സ്തുതി വചനത്തോടു കൂടിയാണ് എന്നും നാം പ്രാർത്ഥിക്കുന്നത്. ദൈവത്തെ പരിശുദ്ധൻ എന്ന് സ്തുതി വചനങ്ങളിൽ നാം ഏറ്റുപറയുകയാണ്. ദൈവം തന്റെ ഉണ്മയിൽ പരിശുദ്ധനാണെന്നുള്ള പ്രഖ്യാപനമാണ് ഉദ്ദേശിക്കുന്നത്. ദൈവം തന്റെ സത്തയിൽ വിശുദ്ധനാണ് (Holiness is an essential nature of Godhead). ദൈവത്തിന്റെ അന്തസത്തയാണ് വിശുദ്ധി. ഭൂമിയിലുള്ള എല്ലാവരും ചേർന്ന് *ദൈവമേ നീ പരിശുദ്ധനാകുന്നു* എന്ന് നൂറ്റാണ്ടുകളോളം ഉരുവിട്ടാലും ദൈവത്തിന്റെ വിശുദ്ധി കൂടുകയില്ല. അത് ഉരുവിടാതെയിരുന്നാൽ ദൈവത്തിന്റെ വിശുദ്ധിക്ക് കുറവും സംഭവിക്കുകയില്ല. ദൈവത്തിന്റെ വിശുദ്ധിക്ക് ഏറ്റകുറച്ചിലുകൾ ഇല്ല. ഓർത്തഡോക്സ് ആരാധന ക്രമത്തിൽ നാം പ്രാർത്ഥിക്കുന്നു: *സ്തുതി നിനക്ക് ആവശ്യം ഉണ്ടായിട്ടല്ല. എന്നാലോ നിന്നെ സ്തുതിക്കുന്നവർ നിന്നാൽ ശ്രേഷ്ഠരാകുവാൻ വേണ്ടിയാണ്.* ദൈവത്തെ സ്തുതിക്കുന്നത് ദൈവത്തിന്റെ മഹത്വത്തിന്റെ മാറ്റ് കൂട്ടുവാനായിട്ടില്ല. എന്നാൽ സ്തുതിക്കുന്നതുവഴി, സ്തുതിക്കുന്നവരുടെ ജീവിതം ഏറ്റവും കൂടുതൽ ശ്രേഷ്ഠതയുള്ളതായി തീരും. ദൈവത്തെ സംബന്ധിച്ച് വിശുദ്ധി എന്നു പറയുന്നത് ദൈവത്തിന്റെ അടിസ്ഥാന ഭാവമാണ്. എന്നാൽ മനുഷ്യന്റെ വിശുദ്ധി എന്നത് വിശുദ്ധിയുടെ ഉറവയായ ദൈവത്തോട് ചേർന്നു നിന്ന്, ആ ഉറവയിൽ നിന്ന്, ആർജ്ജിച്ചെടുക്കുന്ന ഗുണമാണ്.

ദൈവത്തിന്റെ വിശുദ്ധി സത്താപരമാണ്. മനുഷ്യന്റെ വിശുദ്ധി ആർജിച്ചെടുക്കുന്ന ഗുണവിശേഷണമാണ്. ബൾബുകൾ പ്രകാശിക്കുന്നതും ഫാനുകൾ കറങ്ങുന്നതും എങ്ങനെയാണ്? ഇലക്ട്രിക് എനർജിയോട് ഇവ ബന്ധപ്പെട്ടിരിക്കുന്നതിനാലാണ്. സ്വിച്ച് ഓൺ ചെയ്യുമ്പോൾ വൈദ്യുതി പ്രവഹിച്ച്, മെക്കാനിക്കനൽ എനർജിയായി മാറ്റപ്പെടുകയാണ്. ബൾബിൽ നിന്ന് കിട്ടുന്ന പ്രകാശവും ഫാനിൽ നിന്നുള്ള കാറ്റും യഥാർത്ഥത്തിൽ അതിന്റെ ഉറവ ഇലക്ട്രിക്ക് എനർജി എന്ന യാഥാർത്ഥ്യത്തിലാണ്.

മനുഷ്യന്റെ വിശുദ്ധിയും ഇങ്ങനെയാണ്. വിശുദ്ധിയുടെ സ്രോതസായ ദൈവത്തോട് അഭേദ്യമായ ബന്ധം നിലനിർത്തുവാൻ കഴിയുന്നവർക്ക് വിശുദ്ധിയിലേക്ക് ഉയരുവാൻ കഴിയും. ദൈവത്തിൽ നിന്നും ആർജിച്ചെടുത്ത ഗുണമാണ് മനുഷ്യന്റെ വിശുദ്ധി. ദൈവം പരിശുദ്ധൻ എന്ന് പ്രാർത്ഥിക്കുമ്പോൾ ദൈവം തന്റെ ഉണ്മയിൽ, സത്തയിൽ വിശുദ്ധനാണെന്ന് വിശ്വസിച്ച് ഏറ്റുപറയുകയാണ്. പരുമല തിരുമേനി വിശുദ്ധൻ എന്നു പറയുമ്പോൾ വിശുദ്ധിയുടെ ഉറവിടമായ ദൈവത്തോട് അഭേദ്യമായ ബന്ധം നിലനിർത്തി ദൈവത്തിൽ നിന്നും വിശുദ്ധി എന്ന ഗുണം ആർജ്ജിച്ച് എടുത്തിട്ടുള്ള മഹാവ്യക്തിത്വത്തെയാണ് സ്മരിക്കുന്നത്. ദൈവത്തിന്റേത് സത്താപരമായ വിശുദ്ധിയും മനുഷ്യന്റേത് ആർജ്ജിത വിശുദ്ധിയുമാണ്. കാന്തത്തോട് ചേർത്ത് ഒരു കക്ഷണം ഇരുമ്പ് വെച്ചാൽ കുറേ നാൾ കഴിയുമ്പോൾ ഇരുമ്പാണിക്ക് പോലും കാന്തിക ശക്തി ലഭ്യമാക്കുകയാണ്.

വിശുദ്ധൻ ആരാണെന്നതിന്റെ വേദശാസ്ത്രപരമായ ലളിത വ്യാഖ്യാനം ഇങ്ങനെ സംക്ഷേപിക്കാം. വിശുദ്ധിയുടെ ഉറവയായ ദൈവത്തോട്, സത്താപരമായ വിശുദ്ധിയുള്ള ദൈവത്തോട്, നിലച്ചു പോകാത്ത ബന്ധം നിലനിർത്തി വിശുദ്ധിയുടെ ഗുണം ആർജ്ജിച്ചെടുത്തവരാണ് വിശുദ്ധർ.



മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് 19-ാം നൂറ്റാണ്ടിന്റെ പ്രാരംഭകാലത്ത് അതിധീരമായ നേതൃത്വം നൽകിയ സഭാ മേലദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ (മാർ ദീവന്നാസ്യോസ് രണ്ടാമൻ) തിരുമേനി ദിവംഗതനായിട്ട് 200 വർഷങ്ങൾ പൂർത്തിയാവുകയാണ്. ആ പുണ്യപിതാവിന്റെ ചരമ ദ്വിശതാബ്ദി ആഘോഷങ്ങളുടെ സമാപനം വിപുലമായ പരിപാടികളോടെ ആചരിക്കുവാൻ സഭ നിശ്ചയിച്ചിരിക്കുന്നു. കോട്ടയം പഴയ സെമിനാരി സ്ഥാപകനായ ആ പിതാവിന് കേരളത്തിന്റെ സാമൂഹിക - സാംസ്കാരിക - ആത്മീയ രംഗങ്ങളിൽ സവിശേഷ സ്ഥാനമുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ മേലദ്ധ്യക്ഷൻ എന്ന നിലയിൽ തിരുവെഴുത്തു വിളംബരത്തിലൂടെ തിരുവിതാംകൂർ സർക്കാർ അംഗീകരിച്ച ആദ്യത്തെ മലങ്കര മെത്രാപ്പോലീത്താ കൂടിയായിരുന്നു അദ്ദേഹം. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ തിരുമേനിയുടെ ചരമ ദ്വിശതാബ്ദി ആഘോഷ സമാപന വേദിയിലേക്ക് എത്തിച്ചേരേണ്ടത് മലങ്കര സഭാംഗങ്ങളായ നാം ഓരോരുത്തരുടെയും കടമയാണ്. എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ആബൂനാ മത്ഥ്യാസ് പാത്രീയർക്കീസ് ബാവാ മുഖ്യ അതിഥിയായി പങ്കെടുക്കുന്ന ഈ സമ്മേളനം സ്മര്യപിതാവിന്റെ ജന്മദേശമായ കുന്നംകുളത്തുവച്ച് 2016 നവംബർ മാസം 20-ാം തീയതി ഞായറാഴ്ച 3 മണി മുതലാണ് ക്രമീകരിച്ചിരിക്കുന്നത്. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെയും സഭാ സ്ഥാനികളുടെയും കുന്നംകുളം മെത്രാസനത്തിന്റെയും നേതൃത്വത്തിലാണ് സമ്മേളനത്തിന്റെ ക്രമീകരണങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. നവംബർ മാസം 20-ാം തീയതി ഞായറാഴ്ച ദിവസമാണ് എന്നതിനാൽ അന്നത്തെ വി. കുർബ്ബാനയുടെ സമയം അനുയോജ്യമായ വിധത്തിൽ ക്രമീകരിച്ച് ആ ഇടവകയിൽ നിന്നുള്ള പങ്കാളിത്തം ഉറപ്പാക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. പ. സഭയുടെ ചരിത്രത്തിലെ ഈ മഹാ സദസ്സിൽ ആ പള്ളി ഇടവകയിൽനിന്നുള്ള വൈദികരുടെ നേതൃത്വത്തിൽ പരമാവധി വിശ്വാസികൾ പള്ളിച്ചെലവിൽ വന്ന് സംബന്ധിക്കേണ്ടതാണ്.

മലങ്കര സഭയുടെ അഭിമാന പദ്ധതിയായ പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ച് കൂദാശ ചെയ്യപ്പെടുവാൻ ഒരുങ്ങുന്നു എന്നതിൽ നമുക്കുള്ള സന്തോഷം നാം നിങ്ങളേവരേയും അറിയിക്കട്ടെ. പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടതിന്റെ ശതാബ്ദിയോടനുബന്ധിച്ച് പരിശുദ്ധ സഭ ഏറ്റെടുത്ത ഈ പദ്ധതിയിൽ ദൈവത്തിന്റെ സമൃദ്ധിയായ കരുതലും പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രാർത്ഥനാ സഹായങ്ങളും അങ്ങേയറ്റം ലഭ്യമായിട്ടുണ്ട്. ദൈവേഷ്ടമായാൽ 2016 നവംബർ മാസം 23-ാം തീയതി രാവിലെ 9.30 മണിക്ക് കൂദാശയും തുടർന്ന് പൊതുസമ്മേളനവും നടത്തുവാനാണ് ആഗ്രഹിക്കുന്നത്. ഈ സംരംഭത്തിന്റെ ഒന്നാം ഘട്ടം പൂർത്തീകരണത്തിനായി 150 കോടി രൂപയോളം ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. അന്തർദേശീയ നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി ലീനിയർ ആക്സിലറേറ്റർ, പെറ്റ് സ്കാൻ, ബ്ലഡ് ബാങ്ക് തുടങ്ങി കാൻസർ ചികിത്സയോടൊപ്പം തന്നെ എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സാ സൗകര്യങ്ങളും ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്. നാനാ ജാതി മതസ്ഥരുടെ സഹകരണത്തോടെ നിർമ്മിച്ച ആശുപത്രിയിൽ എത്തുന്നവർക്ക് ചികിത്സാസഹായം നൽകുന്നതിനായി **സ്നേഹസ്പർശം ചികിത്സാ സഹായ പദ്ധതി**യും രൂപീകരിച്ചിട്ടുണ്ട്. പരിശുദ്ധ എത്യോപ്യൻ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ കൂദാശ ചെയ്യപ്പെടുന്ന പരുമല ആശുപത്രിയുടെ മഹത്തായ ഈ മുഹൂർത്തത്തിൽ പങ്കെടുക്കുവാൻ തക്കവണ്ണം സഭാ മക്കളേവരെയും നാം ആഹ്വാനം ചെയ്യുന്നു. സാമ്പത്തിക ബാദ്ധ്യതകൾ ഏറെയുള്ള ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി നിങ്ങളേവരുടെയും സഹകരണം തുടർന്നും ഉണ്ടാകണമെന്ന് നാം നിങ്ങളോട് ആവശ്യപ്പെടുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

PATROLOGY

ഗുരുക്കന്മാർ പിതാക്കന്മാർ

Life and Witness of EARLY TEACHERS OF THE FAITH

മലങ്കരസഭാ പിതാക്കന്മാർ : സാമൂഹിക ചരിത്ര പശ്ചാത്തലത്തിൽ ജീവിതവും ദർശനവും അപഗ്രഥിക്കപ്പെടണം

‘

നമ്മുടെ ആദ്ധ്യാത്മീകവും വേദശാസ്ത്രപരവുമായ മഹത്തായ പാരമ്പര്യത്തെപ്പറ്റി തികച്ചും ബോധവന്മാരാകേണ്ടത് അത്യന്താപേക്ഷിതമാണ്. അതിമഹത്തായ ക്രൈസ്തവ പാരമ്പര്യത്തെ മനസിലാക്കികൊടുക്കുവാൻ വൈദികരുടെയും അത്മായരുടെയും കൂട്ടായ ചർച്ചകളും സംവാദങ്ങളും ഉണ്ടാകുവാൻ പദ്ധതി തയ്യാറാക്കണം.

- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് (1971)

* * *

മലങ്കര ഓർത്തഡോക്സ് സഭയിലെ പിതാക്കന്മാരുടെ രചനകൾ മുഴുവൻ സമാഹരിച്ച് പഠിക്കുകയും അവർ സഭയ്ക്കും സമൂഹത്തിനും നൽകിയ അമൂല്യ സംഭാവനകൾ അഭിവ്യക്തമാക്കുകയും ചെയ്യുന്ന അന്താരാഷ്ട്ര പഠന കേന്ദ്രം കോട്ടയത്തുണ്ടാകണം. ഇത് സാഹിത്യവും വേദശാസ്ത്രവും ചരിത്രവും സമന്വയിപ്പിച്ചുള്ള ഗവേഷണ കേന്ദ്രമാകണം.

- ഡോ. സാമുവേൽ ചന്ദനപ്പള്ളി (മലങ്കരസഭാ പിതാക്കന്മാർ, 1990)

* * *

പുരുഷന്മാരായ പിതാക്കന്മാരെപ്പോലെയോ അതിലധികമോ ആയി വിശ്വാസ പ്രബോധനത്തിനും വിശ്വാസ സംരക്ഷണത്തിനും സംഭാവന നൽകിയ സ്ത്രീകളായ അമ്മമാരുമുണ്ട് എന്ന് നാം മറക്കരുത്. അതുകൊണ്ട് സഭാപിതാക്കന്മാർ എന്ന പരമ്പരാഗത പദം നാം ഉപയോഗിക്കുമ്പോൾ അതിനു പുറകിൽ പേരെടുത്തു പറയാത്ത അനേകം ശ്രേഷ്ഠ വനിതാ രത്നങ്ങളുണ്ട് എന്ന് വിനയപൂർവ്വം പുരുഷന്മാർ ഓർക്കേണ്ടതാണ്.

- ഫാ. ഡോ. കെ.എം. ജോർജ്, (2001)

സഭാപിതാക്കന്മാരുടെ ജീവിതം, എഴുത്തുകൾ, പഠിപ്പിക്കലുകൾ, ദർശനങ്ങൾ എന്നിവ അപഗ്രഥിക്കുന്ന പഠന ശാഖയാണ് പിതൃവിജ്ഞാനീയം (Patrology). പൈതൃക വിജ്ഞാനീയം, വിശ്വാസത്തിന്റെ ആദ്യകാല ഗുരുക്കന്മാർ (Early teachers of the faith) എന്നും അറിയപ്പെടുന്നു. സഭാപിതാക്കന്മാർ എന്നതിൽ സഭയെ വിവിധ തരത്തിൽ വിശ്വാസ പ്രബോധനത്തിൽ സംരക്ഷിച്ച സ്ത്രീകളേയും പുരുഷന്മാരേയും (lay people) കൂടി ഉൾക്കൊള്ളിച്ചുള്ള പഠനമാണ് അക്കാദമിക് തലങ്ങളിലുള്ളത്.

സഭാപിതാവ് എന്നു വിളിക്കപ്പെടുവാൻ സിദ്ധാന്തങ്ങളുടെ യഥാസ്ഥിതികത്വം (Orthodoxy of doctrine), ജീവിത വിശുദ്ധി (Holiness of life), സഭയുടെ കാനോനിക അംഗീകാരം (Ecclesiastical approval), പൗരാണികത്വം (Antiquity) എന്നീ സവിശേഷതകൾ ഉണ്ടാകണം. എന്നാൽ പൗരസ്ത്യ സഭകൾ 'പൗരാണികത' അനിവാര്യമാണെന്ന് ശക്തമായി നിർണ്ണയിക്കുന്നില്ല. അതിനാൽ ഏതു കാലത്തുള്ളവരേയും *സഭാപിതാവ്* എന്നു വിളിക്കപ്പെടാം. അപ്പോസ്തോലർ, അപ്പോസ്തോലിക പിതാക്കന്മാർ, വിശ്വാസ സമർത്ഥർ, രക്തസാക്ഷികൾ, വേദശാസ്ത്രജ്ഞർ പരിശുദ്ധന്മാർ എന്നീ വിഭാഗത്തിലുള്ള പിതാക്കന്മാർ സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു. സഭയുടെ വലിയ പിതാക്കന്മാരായ മാർ അത്താനാസിയോസ് (295-373), മാർ ബസേലിയോസ് (330-379), നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് (325-389), നിസായിലെ മാർ ഗ്രീഗോറിയോസ് (335 - 394), സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് (354 - 397) എന്നിവരിൽ കൂടി പകർന്നു വന്ന വിശ്വാസമാണ് സഭയിൽ ഉൾക്കൊള്ളുന്നത്. അതിനാൽ ഒന്നു മുതൽ ഏഴുവരെയുള്ള നൂറ്റാണ്ടിനെ സഭാപിതാക്കന്മാരുടെ യുഗം (Patristic age) എന്ന് വിശേഷിപ്പിക്കുന്നു. ഇതിൽ നാലാം നൂറ്റാണ്ടാണ് സഭാപിതാക്കന്മാരുടെ *സുവർണ്ണയുഗമായി* അറിയപ്പെടുന്നത്.

നാലാം നൂറ്റാണ്ടിൽ ജീവിച്ച ചരിത്രകാരനായ കൈസറിയായിലെ യൂസേബിയോസിന്റെ സഭാചരിത്രം (Historia ecclesiastia) പെട്രിസ്റ്റിക്ക് വിജ്ഞാനീയത്തിലെ പ്രാമാണിക രേഖയാണ്. യൂസേബിയോസ് ഉദ്ധരിക്കുന്ന പല ഗ്രന്ഥങ്ങളും ചരിത്രത്തിൽ വിസ്മൃതമായതിനാൽ സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിന് ഇത് മൂലകൃതിയാണ്. സഭാപിതാക്കന്മാരേക്കുറിച്ച് വി. ജെറോമും പഠനം ക്രോഡീകരിച്ചിട്ടുണ്ട്. പാശ്ചാത്യസഭയിൽ പെട്രിസ്റ്റിക്ക് വിജ്ഞാനീയം ആവിഷ്ക്കരിച്ചത് ദൈവശാസ്ത്രജ്ഞനായ ജെ. ജെർഹാർഡ് ആണ്. പെട്രോളജിയ (Patrologia) എന്ന പേരിൽ 1653 ൽ തന്റെ രചനകൾ പ്രസിദ്ധീകരിച്ചതോടെ പാശ്ചാത്യ രാജ്യത്ത് സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം ശക്തിപ്പെട്ടു.



EDITORIAL

സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പിതാക്കന്മാരുടെ ജീവിത ദർശനം, വിശ്വാസപ്രമാണങ്ങൾ, സഭാചരിത്രം എന്നിവ ഉൾക്കൊള്ളുന്നു. സഭാപിതാക്കന്മാർ ജീവിച്ച കാലത്തെ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസ പ്രമാണങ്ങൾ, വിരുദ്ധോപദേശങ്ങൾക്കെതിരെ സഭയുടെ പഠിപ്പിക്കലുകൾ, സഭാദർശനങ്ങൾ എന്നിവയും ഇതിൽ അന്തർഭവിച്ചിരിക്കുന്നു.

സഭയുടെ പാരമ്പര്യവും വിശ്വാസ പ്രമാണങ്ങളും സാംശീകരിച്ച് സഭാചരിത്ര - വേദശാസ്ത്ര രചനകൾ നടത്തിയവരെ പിതാക്കന്മാരായും വേദശാസ്ത്രജ്ഞരായും (Fathers and Doctors) വിശേഷിപ്പിക്കുന്നു. പ്രബന്ധം, ജീവചരിത്രം, പുരാവൃത്തം, ആത്മകഥ, വിശ്വാസ പ്രബോധനം, വേദവ്യാഖ്യാനം, രക്തസാക്ഷിചരിത്രം, ആരാധനാക്രമം, പ്രഭാഷണം, കത്ത്, കവിത, ഗീതം തുടങ്ങി സഭാപിതാക്കന്മാരുടെ രചനകൾ വിസ്തൃതമാണ്. ആത്മീയ അനുഷ്ഠാനങ്ങളിൽ പരിത്യാഗികളായി ജീവിച്ച സഭാപിതാക്കന്മാർ ഗ്രന്ഥരചനകളിലും പ്രബോധനങ്ങളിലും അനിതരസാധാരണ പാടവം പ്രകടമാക്കി. ഗ്രീക്ക്, ലത്തീൻ, സുറിയാനി ഭാഷകളിൽ സഭാപിതാക്കന്മാരുടെ നിരവധി രചനകൾ ഉണ്ട്.

മലങ്കര സഭയിൽ ജീവിക്കുകയും പൗരസ്ത്യ പാരമ്പര്യം ഉൾക്കൊണ്ട് സഭാവിശ്വാസ ഭരണക്രമങ്ങളിൽ പങ്കുചേർന്ന് നേതൃത്വം നൽകുകയും ചെയ്തവരാണ് മലങ്കര സഭാപിതാക്കന്മാർ. മലങ്കര സഭയിൽ സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം ആരംഭിച്ചിട്ട് ദീർഘകാലമായില്ല. ഗ്രന്ഥരചനയും പ്രഭാഷണവും അവയുടെ ക്രോഡീകരണവും ദൗത്യവും ദർശനവുമായി സ്വീകരിക്കുവാൻ വിമുഖത പ്രകടിപ്പിച്ചതാവാം പിതൃവിജ്ഞാനീയ പഠനത്തിന് ഇന്നും വേണ്ടത്ര അടിത്തറ ഉറപ്പിക്കുവാൻ സാധിക്കാത്തത്. മലങ്കര നസ്രാണികളുടെയും മലങ്കര സഭാപിതാക്കന്മാരുടെയും ആദ്യകാല വിവരണങ്ങൾ ലഭ്യമാകുന്നത് *നിരണം ഗ്രന്ഥാവരി* (1824 - 1829), *മാർ ശീമോൻ ദിവന്നാസിയോസിന്റെ നാളാഗമം* (1850 - 1880) തുടങ്ങിയ കൃതികളിലാണ്. പുകടിയിൽ ഇട്ടൂപ്പ് റൈട്ടരുടെ *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം* (1869), ഫാ. ബർണാദിന്റെ *മാർത്തോമ്മാ ക്രിസ്ത്യാനികൾ* (1816), ഇ. എം. ഫീലിപ്പോസിന്റെ *മാർത്തോമ്മാ ക്രിസ്ത്യാനികൾ* (1929) എന്നിവയിലും മലങ്കര സഭയിലെ ആദ്യകാല പിതാക്കന്മാരെക്കുറിച്ചുള്ള വിശകലനങ്ങളുണ്ട്. *മലങ്കര നസ്രാണികൾ* എന്ന ഗ്രന്ഥപരമ്പരയുമായി 74-ാം വയസ്സിൽ സഭാചരിത്ര രചന ആരംഭിച്ച ഇസൈഡ്. എം. പാറേട്ട് (1890-1981), *മലങ്കര സഭാപിതാക്കന്മാർ* എന്ന സിദ്ധാന്തം അവതരിപ്പിച്ച ഡോ. സാമുവേൽ ചന്ദനപ്പള്ളി (1938 -1999) എന്നിവരുടെ രചനകളും മലങ്കരയിലെ പിതാക്കന്മാരെക്കുറിച്ചുള്ള അന്വേഷണത്തിന് മാർഗ്ഗം പകരുന്നു. മലങ്കര നസ്രാണികളുടെ സ്വത്വവും പിതാക്കന്മാരുടെ ദർശനവും സാമൂഹിക ചരിത്ര പശ്ചാത്തലത്തിൽ സമ്പൂർണ്ണമായി അവതരിപ്പിക്കുവാൻ എഴുത്തും ഗവേഷണവും ജീവിത വ്രതമാക്കുന്ന ഗവേഷകർ ഉണ്ടെങ്കിലേ ഈ രംഗം സജീവമാകൂ.

സഭാപിതാക്കന്മാരുടെ ഗണത്തിൽ വിശ്വാസപ്രബോധനം, ഗ്രന്ഥരചന, വചന ശുശ്രൂഷ, സാമൂഹിക സേവനം എന്നിവയിൽ അമൂല്യ സംഭാവനകൾ നൽകിയ വൈദികരേയും, അൽമായരേയും ഉൾപ്പെടുത്തി *സഭാപിതാക്കന്മാരുടെ പഠനശാഖ* വിപുലപ്പെടുത്താവുന്നതാണ്. സഭാചരിത്രത്തിൽ അതിനുള്ള ശക്തമായ പാരമ്പര്യവും പിന്തുണയും ലഭ്യമാണ്. *മലങ്കര സഭാപിതാക്കന്മാർ* എന്ന പരമ്പരയിൽ ഡോ. സാമുവേൽ ചന്ദനപ്പള്ളി വൈദികരേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അൽമായരായ സ്ത്രീ പുരുഷന്മാർ സഭയ്ക്കും സമൂഹത്തിനും നൽകിയ കാഴ്ചപ്പാടുകളും അന്വേഷിക്കേണ്ടതാണ്.

ക്രിസ്തീയ പാരമ്പര്യത്തിൽ ആധികാരികമായി പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമുള്ള ഉത്തരവാദിത്വം മെത്രാപ്പോലിത്തയിൽ ഉറപ്പിച്ചതാണ്. അതിനാൽ *ഗുരു* എന്ന അർത്ഥത്തിൽ മെത്രാപ്പോലിത്തായെ പിതാവ് എന്നു വിളിച്ചു. എന്നാൽ നാലാം നൂറ്റാണ്ടു മുതൽ സഭയിലെ എഴുത്തുകാരേയും പ്രഭാഷകരേയും അദ്ധ്യാപകരേയും *പിതാവ്* എന്നു വിളിച്ചിട്ടുണ്ട്. ക്രിസ്തീയ വിശ്വാസം സംരക്ഷിക്കുവാൻ എഴുത്തുകളിൽ കൂടി പരിശ്രമിച്ച പ്രസംഗകർ, എഴുത്തുകാർ, വേദശാസ്ത്രജ്ഞർ, വൈദികർ എന്നിവരേയും പിതാവ് എന്നു വിശേഷിപ്പിച്ചു. ക്ലമന്റ് ഓഫ് അലക്സന്ത്രിയ (150 -215), തെർത്തുല്യൻ (160 -220) എന്നിവർ അത്മായരാണ്. സഭാചരിത്രത്തിൽ ഇവർ പിതാക്കന്മാരുടെ ഗണത്തിലാണ്. ഒറിഗന്റെ (185-254) മുഖ്യരചനകൾ അത്മായനായ കാലത്തുള്ളതാണ്. മരുഭൂമിയിലെ പിതാക്കന്മാരും (Dessert Fathers), നാലും അഞ്ചും നൂറ്റാണ്ടിലെ ഈജിപ്റ്റിലെ സന്യാസികളിൽ അധികവും അത്മായരായിരുന്നു.

മലങ്കരയിലെ പിതാക്കന്മാരുടെ ദർശനങ്ങളും സംഭാവനകളും ശാസ്ത്രീയമായി അപഗ്രഥിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ ഉണ്ടാകണം. മലങ്കര സഭാ പിതാക്കന്മാരുടെ ദർശനങ്ങളും രചനകളും പൊതു സമൂഹ സമക്ഷം ശാസ്ത്രീയമായി അവതരിപ്പിക്കുവാനുള്ള സംവിധാനം വേണം. മലങ്കരയിലെ നസ്രാണി സമൂഹത്തിന്റെ സ്വത്വത്തിന്റെ തായ്‌വേർ മാർത്തോമ്മൻ പൈതൃകത്തിലാണ്. ഇതു വെളിപ്പെടുത്തുന്ന ദർശനങ്ങളാണ് മലങ്കരയിലെ പിതാക്കന്മാർ അവതരിപ്പിച്ചിട്ടുള്ളത്.

> “ ഗവേഷണ ഔത്സുക്യം, സംവേദനക്ഷമമായ ഭാഷാ ശൈലി,
> സഭാചരിത്രവും സാമൂഹികപാഠവും സമന്വയിപ്പിക്കുവാനുള്ള
> സാംസ്കാരിക ചരിത്രാവബോധം, രീതിശാസ്ത്ര നിർണ്ണയ സിദ്ധി
> തുടങ്ങിയവ ഗവേഷകർക്ക് ഉണ്ടെങ്കിൽ മാത്രമേ ഫലപ്രദമായ
> പിതൃവിജ്ഞാനീയ പഠനങ്ങൾ അവതരിപ്പിക്കുവാൻ കഴിയൂ. ”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

അത്യാധുനിക സൗകര്യങ്ങളോടെ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ പരുമല കാൻസർ കെയർ സെന്റർ 2016 നവംബർ 23-ന് രാവിലെ 9.30-ന് കൂദാശ ചെയ്ത് മാനവ സമൂഹത്തിന് സമർപ്പിക്കും. തുടർന്ന് പൊതുസമ്മേളനവും.

ST. GREGORIOS INTERNATIONAL കാൻസർ സെന്റർ പരുമലയിൽ യാഥാർത്ഥ്യമാകുന്നു

■ പ. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ

മലങ്കര സഭയ്ക്ക് അസാധ്യമെന്ന് കരുതിയ പരുമല സെന്റ് ഗ്രിഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്റർ 2016 നവംബർ 23-ന് കൂദാശ ചെയ്ത് സമർപ്പിക്കുകയാണ്. ദൈവത്തിന്റെ അളവറ്റ കൃപയിലും പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിലുമാണ് കാൻസർ കെയർ സെന്റർ സ്വപ്ന സാഫല്യത്തിലേക്ക് എത്തുന്നത്.

കാൻസർ രോഗത്തിന്റെ ആധിക്യവും അപകടവും ഏവർക്കും അറിവുള്ളതാണല്ലോ. കാൻസർ പകർച്ച വ്യാധിയല്ല എന്നു സാങ്കേതികമായി പറയാമെങ്കിലും അനവധിപ്പേർ ഈ രോഗത്തിന് വിധേയപ്പെട്ടുകൊണ്ടിരിക്കുന്നു. കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിലാണ് പരുമലയിൽ കാൻസർ സെന്റർ എന്ന ആശയം ഉണ്ടായത്.

ജീവിച്ചിരുന്ന കാലഘട്ടത്തിൽ അനേകർക്ക് സൗഖ്യം പകർന്ന പരുമല തിരുമേനിയുടെ നാമത്തിലാണ് കാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നത്. കാൻസർ രോഗത്തെ പ്രതിരോധിക്കുവാനും ചികിൽസിക്കുവാനുമായി ആശുപത്രി സ്ഥാപിക്കണമെന്ന് ആറ് വർഷം മുമ്പ് സഭ എടുത്ത തീരുമാനമാണ് ഇപ്പോൾ പൂവണിയുന്നത്.

പരുമല കാൻസർ സെന്ററിന് ഏകദേശം 150 കോടിരൂപാ ആവശ്യമുള്ള പദ്ധതിയാണ്, 125 കോടി രൂപാ ഇപ്പോൾ ചെലവായിട്ടുണ്ട്. എത്രയും വേഗം 25 കോടിയിലധികം ഉണ്ടാകണം. സംഭാവനയായും ലോൺ ആയും ധാരാളം തുക നമ്മുടെ വിശ്വാസികൾ നൽകിയതു കൊണ്ടാണ് ഇത് ഇപ്പോൾ യാഥാർത്ഥ്യമാകുന്നത്. ദ്രുതഗതിയിൽ കൂദാശയ്ക്കായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇത് സ്വപ്ന സാഫല്യത്തിൽ എത്തുവാൻ ഏവരും ഹൃദയപൂർവ്വം സംഭാവനകളും ലോണും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആശുപത്രിയുടെ നിർമ്മാണത്തിന് പല തരത്തിലുള്ള സഹായങ്ങളാണ് ലഭിക്കുന്നത്. സാധുവായ വിധവയുടെ ചില്ലിക്കാശു പോലെ ഇല്ലായ്മയിൽ നിന്ന് നൽകുന്നവരുണ്ട്. അവരുടെ കൈയ്യിൽ പണം ഇല്ല. എന്നാലും സഭയോടുള്ള സ്നേഹം കൊണ്ട് കഴിവിന് ഉപരിയായി നൽകുന്നു. ഉള്ളതിൽ നിന്ന് നൽകുന്നവരുണ്ട്. ഓർത്തഡോക്സുകാരനായ വ്യവസായ ഗ്രൂപ്പുകാർ സംഭാവനയായും ലോണായും 10, 14 കോടി രൂപാ വരെ തന്നിട്ടുണ്ട്.

പരുമല കാൻസർ ആശുപത്രിക്ക് ഇല്ലായ്മയിൽ നിന്ന് തരുന്നവരുണ്ട്, ഉള്ളതിൽ നിന്ന് നൽകുന്നവരുണ്ട്. എന്നാൽ ഉണ്ടായിട്ടും നൽകാത്തവരുണ്ട്. കൊടുത്താലും ഇല്ലെങ്കിലും എല്ലാവരും കാൻസർ സെന്റർ സഫലമാകുവാൻ പ്രത്യേകം പ്രാർത്ഥിക്കണം. കഴിവുള്ള എല്ലാവരും കാൻസർ സെന്റർ നിർമ്മാണ പ്രവർത്തനങ്ങൾ പരുമലയിൽ പോയി കണ്ട് ബോധ്യപ്പെടണം. കാൻസർ ചികിൽസയ്ക്കായി പണിതുയർത്തിയ പരുമല കാൻസർ സെന്റർ എങ്ങനെയാണ് രോഗത്തെ പ്രതിരോ

പരിശുദ്ധ പരുമല തിരുമേനിയുടെ 114-ാം ഓർമ്മപ്പെരുന്നാൾ സമാപന ശ്ലൈഹീക വാഴ്വ് (2016 നവം. 2)

ധിക്കുന്നത് എന്നുകൂടി വ്യക്തമാക്കട്ടെ.

1. കാൻസർ രോഗം ചികിൽസിച്ചാൽ 90 ശതമാനവും ഭേദമാകുന്ന രോഗമാണ്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തത്വം വളരെ നേരത്തെ രോഗനിർണ്ണയം നടത്തുക എന്നതാണ്. കാൻസർ രോഗം ഉണ്ടെന്ന് അറിയുന്നത് ചിലപ്പോൾ അതിന്റെ രണ്ടും മൂന്നും നാലും ഘട്ടം കഴിഞ്ഞിട്ടായിരിക്കും. പ്രാഥമിക അവസ്ഥയിൽ രോഗനിർണ്ണയം നടത്തിയാൽ രോഗം ചികിൽസിച്ച് ഭേദപ്പെടുത്താമെന്ന് പ്രഗൽഭരായ കാൻസർ രോഗവിദഗ്ധർ പറയുന്നു.

രോഗനിർണ്ണയം നേരത്തെ നടത്തുകയാണ് പ്രധാനപ്പെട്ട ഉത്തരവാദിത്തം. പലപ്പോഴും നമുക്ക് രോഗനിർണ്ണയം നടത്തുവാൻ സാധിക്കുകയില്ല. പേടിയാണ്. ഇനി രോഗം ഉണ്ടെന്നും ഇല്ലെന്നും ഓർത്ത് പേടിച്ചിട്ട് കാര്യമില്ല. അതിനാൽ പരുമല കാൻസർ സെന്റർ ആദ്യം ലക്ഷ്യമിടുന്നത് രോഗനിർണ്ണയമാണ്. മെഡിക്കൽ ക്യാമ്പു വഴി രോഗ നിർണ്ണയ പദ്ധതി നടപ്പാക്കും. ചുരുങ്ങിയ ചെലവിൽ രോഗം നിർണ്ണയിക്കുവാനുള്ള സംവിധാനം ഉണ്ട്. പലരും രോഗം ബാധിച്ചെന്ന് അറിയാതെ രോഗവാഹകരായി ജീവിക്കുന്നവരാണ്. രോഗം ഏറ്റവും നേരത്തെ നിർണ്ണയിക്കുക എന്നതാണ് ഈ ആശുപത്രിയുടെ രോഗപ്രതിരോധ ക്രമത്തിന്റെ ആദ്യ ചുവട്.

2. രോഗം വന്നവരെ ഫലപ്രദമായി ചികിൽസിക്കുക എന്നതാണ് രണ്ടാം ഘട്ടം. കാൻസർ രോഗത്തിന്റെ ചികിൽസ വളരെ ചെലവേറിയതാണ്. അല്പം പണം കൊണ്ട് അത് പൂർണ്ണമായും ചികിൽസിക്കുവാൻ പ്രയാസമാണ്.

പരുമല ഒരു ഗ്രാമീണ അന്തരീക്ഷമുള്ള ദ്വീപാണ്. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ ഗ്രാമാന്തരീക്ഷമാണ്. ഇവിടെ യാഥാർത്ഥ്യമാകുന്ന ഈ ആശുപത്രി വഴി കാൻസർ രോഗത്തിന് സമഗ്രമായ ചികിൽസ നൽകുവാനാണ് ശ്രമിക്കുന്നത്. ഇവിടെ 25 കോടിയിലധികം രൂപയുടെ വിദേശ ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. ഒരു രോഗി ചികിൽസയ്ക്ക് ഇവിടെ വന്നാൽ മറ്റൊരിടത്തേക്കും പോകേണ്ടതില്ല. രോഗനിർണ്ണയത്തിനുള്ള എല്ലാ ഉപകരണങ്ങളും ഇവിടെ സ്ഥാപിച്ചതിനാലാണ് ആശുപത്രി നിർമ്മാണ ചെലവ് 150 കോടി ഉയർന്നത്. ഇതൊക്കെ ഇവിടെ വന്നു സ്ഥാപിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾ ഉണ്ട്. കമ്പനികളും ആശുപത്രിയും തമ്മിൽ കരാർ ഉണ്ടാക്കിയാൽ അവർ ഉപകരണങ്ങൾ ഇവിടെ കൊണ്ടു സ്ഥാപിക്കും. പക്ഷെ ആ ഉപകരണങ്ങൾ വഴി രോഗിയെ പരിശോധിച്ചാൽ ലാഭേച്ഛയോടെ ബില്ല് ഇടുന്നത് കമ്പനിയാണ്. രോഗികൾ ആശുപത്രിയെ കുറ്റപ്പെടുത്തും. അതു വരാതിരിക്കുവാൻ എല്ലാ ഉപകരണങ്ങളും ഇവിടെ തന്നെ വേണമെന്ന നിലപാടാണ് എടുത്തിരിക്കുന്നത്. ഇവിടെ എത്തുന്ന ഒരു രോഗിയെയും രോഗനിർണ്ണയത്തിനായി കമ്പനികൾ നടത്തുന്ന സ്ഥാപനത്തിലേക്ക് അയയ്ക്കുകയില്ല. ഇവിടെ തന്നെ രോഗം സമഗ്രമായി നിർണ്ണയിച്ച് ചികിൽസിക്കും.

പരുമല കാൻസർ സെന്റർ വളരുന്നത് പരുമല തിരുമേനിയുടെ പ്രത്യേക പ്രാർത്ഥനയാൽ ആണ്. അദ്ദേഹമാണ് ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. വേണ്ടത് വേണ്ട നേരത്ത് തോന്നാനും ചെയ്യാനും കുരുക്കുകൾ അഴിക്കാനും എല്ലാം പരുമല തിരുമേനി ചെവിയിൽ വന്നു പറയുന്നുപോലെ യാണ് നടക്കുന്നത്.

സഭാ മക്കൾ എല്ലാവരും പരുമല കാൻസർ സെന്റർ സന്ദർശിച്ച് അതിന്റെ പുരോഗതി മനസിലാക്കണം. പരുമല തിരുമേനിയുടെ നാമത്തിലുള്ള വലിയ രോഗ ചികിൽസാലയമാണിത്. പരുമല തിരുമേനി ജീവിച്ചിരുന്നപ്പോൾ രോഗസൗഖ്യ നൽവരം ഉണ്ടായിരുന്നു. ഏതു രോഗം ബാധിച്ചവരേയും തലയിൽ കൈവച്ച് പ്രാർത്ഥിച്ചാൽ സൗഖ്യം ലഭിക്കുമായിരുന്നു. അവിടെ മറ്റ് രോഗനിർണ്ണയ ഉപകരണങ്ങൾ ഒന്നും വേണ്ടായിരുന്നു. ദൈവത്തിന്റെ ആലോചനയോടെയാണ് പരുമല തിരുമേനി രോഗിയുടെ ശിരസ്സിൽ കൈ വച്ച് പ്രാർത്ഥിച്ചത്.

3. നിർദ്ധനരായ രോഗികളുടെ ചികിൽസയ്ക്കായി പരുമല കാൻസർ സെന്ററിൽ *സ്നേഹസ്പർശം* എന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുള്ള കാൻസർ രോഗികളെ സഹായിക്കുവാനുള്ള *സ്നേഹസ്പർശം* പദ്ധതിയിൽ അഞ്ചുകോടി രൂപാ സമാഹരിക്കും. ഇത് പാവപ്പെട്ട രോഗികൾക്ക് സഹായ ധനം നൽകുവാനുള്ളതാണ്. സാമ്പത്തിക ഭാരമുള്ളവർ കാൻസർ രോഗ ചികിൽസ നടത്തി അതീവ ദാരിദ്ര്യത്തിലാകുന്ന അവസ്ഥ ധാരാളം ഉണ്ട്. അങ്ങനെയുള്ള രോഗികളെ ചികിൽസിക്കാനും സഹായിക്കുവാനുമുള്ള പദ്ധതിയാണ്.

ആയതിനാൽ പ്രിയമുള്ളവരേ, പരുമലയിൽ ഉയരുന്ന കാൻസർ കെയർ സെന്റർ വേഗം യാഥാർത്ഥ്യമാകുന്നതിനായി നിങ്ങൾ ഏവരും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യണം. ദൈവം നമ്മെ സഹായിക്കും പരുമല തിരുമേനി നമ്മെ കൈവിടില്ല. ദൈവം എല്ലാവരേയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

(പരുമല പെരുന്നാൾ ദിനത്തിൽ പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നടത്തിയ പ്രഭാഷണത്തിൽ നിന്നും: 2016 നവം. 2, പരുമല).

തയ്യാറാക്കിയത്:
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ



പള്ളികളിൽ നിന്ന് തിരഞ്ഞെടുത്തു വന്നിട്ടുള്ളവർ പ്രാർത്ഥനാപൂർവ്വം സമ്മേളിച്ച് സഭയുടെ ഉൽക്കർഷത്തിനുവേണ്ടി തീരുമാനങ്ങൾ എടുക്കുന്ന പതിവാണ് നമുക്കുള്ളത്.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 2012 മർച്ച് 7-ന് പത്തനംതിട്ടയിൽ നടന്നു. അഞ്ചു വർഷത്തിന് ശേഷമാണ് ഈ സമ്മേളനം 2017 മാർച്ച് ഒന്നിന് കോട്ടയത്ത് നടക്കുന്നത്.

■ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

സഭയിലെ എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിപുരുഷന്മാരുടെ കൂടിവരവിനെയാണ് സുന്നഹദോസ് എന്നു പറയുന്നത്. ഇങ്ങനെയുള്ള ഒരു കൂടിവരവിനെക്കുറിച്ച് അപ്പോസ്തലപ്രവൃത്തികൾ 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുമുണ്ട്.

ഭാരതത്തിൽ പാരമ്പര്യമനുസരിച്ച് ഇതോടനുരൂപമായി മൂന്നു സുന്നഹദോസുകളാണ് പ്രസിദ്ധിയാർജിച്ചിട്ടുള്ളത്. 1599-ലെ ഉദയംപേരൂർ സുന്നഹദോസും 1836 -ലെ മാവേലിക്കര സുന്നഹദോസും 1876-ലെ മുളന്തുരുത്തി സുന്നഹദോസും ആണ് അവ.

എന്നാൽ ഭാരതസഭയായ നമ്മുടെ സഭയെ റോമാവല്കരിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടെ ആർച്ച്ബിഷപ്പ് മെനെസിസ് വിളിച്ചുകൂട്ടിയ 1599-ലെ ഉദയംപേരൂർ സുന്നഹദോസ് നമ്മുടെ സഭ അംഗീകരിക്കുന്നില്ല.

ഭാരതത്തിലെത്തിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ നവീകരണ രീതികൾ സഭാവിശ്വാസികളിൽ ചിന്താക്കുഴപ്പമുണ്ടാക്കി. ഒരു വിഭാഗം ആളുകളുടെ പിന്തുണയും അവർക്കു ലഭിച്ചു. സഭയുടെ പരമ്പരാഗതമായുള്ള രീതികൾക്ക് വ്യതിയാനം വരുത്തിക്കൊണ്ടുള്ള മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഏറെ കുഴപ്പങ്ങളുണ്ടാക്കി. ഈ അവസരത്തിൽ പ്രശ്നപരിഹാരം നിർദ്ദേശിച്ചുകൊണ്ട് ആംഗ്ലിക്കൻ ബിഷപ്പ് ഡാനിയേൽ വിത്സൺ, മാർ ദിവന്നാസ്യോസ് നാലാമന് 6 നിർദ്ദേശങ്ങൾ സമർപ്പിച്ചു. ഈ നിർദ്ദേശങ്ങളുടെ പരിചിന്തനത്തിനുവേണ്ടി മാർ ദിവന്നാസ്യോസ് നാലാമൻ 1836-ൽ മാവേലിക്കര സുന്നഹദോസ് വിളിച്ചുകൂട്ടി. എന്നാൽ യോഗം ആ നിർദ്ദേശം നിരാകരിക്കുകയും ആ തീരുമാനം 'മാവേലിക്കര പടിയോല' എന്നറിയപ്പെടുകയും ചെയ്യുന്നു.

പത്രോസ് പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ 1876-ലെ മുളന്തുരുത്തി സുന്നഹദോസിന് ഒരു പ്രത്യേക ചട്ടക്കൂടു തന്നെ ഉണ്ടാക്കിയിരുന്നുവെന്നു പറയാം. അതിന് ഇപ്പോഴുള്ള നമ്മുടെ അസോസ്യേഷൻ ക്രമീകരണങ്ങളുമായി സാധർമ്മ്യമുണ്ട്. മുളന്തുരുത്തി സുന്നഹദോസിൽ തിരഞ്ഞെടുക്കപ്പെട്ട പള്ളിപ്രതിപുരുഷന്മാർ അധികാരപത്രം ഏല്പിച്ചാണ് യോഗത്തിൽ പങ്കെടുത്തത്.

അന്ന് അധികാരപത്രം വായിച്ചു കേൾപ്പിച്ച് സുന്നഹദോസിൽ ക്രമീകരിച്ചിരുന്ന പെട്ടിയിൽ നിക്ഷേപിക്കുന്നതിന് ചാത്തുരുത്തി റമ്പാനായിരുന്നു (പ. പരുമല കൊച്ചുതിരുമേനി) നിയോഗിക്കപ്പെട്ടിരുന്നത്. അധികാരപത്രങ്ങ

ളിൽ 10 എണ്ണം പനയോലയിലായിരുന്നു എഴുതപ്പെട്ടത്. ആ യോഗത്തിൽ പത്രോസ് പാത്രിയർക്കീസ് മദ്ബഹായിലും മലങ്കര മെത്രാപ്പോലീത്താ ഹൈക്കലായിലുമാണ് ഇരുന്നു സംബന്ധിച്ചത്.

മാത്യൂസ് അത്താനാസ്യോസിന്റെ നേതൃത്വത്തിലുള്ള നവീകരണ മുന്നേറ്റത്തെ തടയുകയും പള്ളികളിൽ ഇതിന്റെ പേരിൽ നടക്കുന്ന വ്യവഹാരങ്ങൾക്ക് ഒരു പൊതുഫണ്ട് രൂപീകരിക്കുകയും മാത്യൂസ് അത്താനാസ്യോസിന്റെ നേതൃത്വത്തിലുള്ള പണപ്പിരിവുകൾ നിരോധിക്കുന്നതിനും, സഭാജനങ്ങളുടെ വിദ്യാഭ്യാസപരമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിനും യോഗം തീരുമാനിച്ചു (ഇതോടൊപ്പം വന്ന ഒരു കൈക്കുറ്റപ്പാടാണ് പാത്രിയർക്കീസിന് മലങ്കരയുടെ മേലുള്ള അധീശത്വം അംഗീകരിച്ചു കൊണ്ടുള്ള തീരുമാനം). മുളന്തുരുത്തി സുന്നഹദോസിലെ നാലാം കാനോനാപ്രകാരമാണ് മലങ്കരസഭയിൽ ഒരു സ്റ്റാൻഡിംഗ് അസോസ്യേഷൻ നിലവിൽ വന്നത്. അതനുസരിച്ച് അസോസ്യേഷൻ അംഗങ്ങളായി 24 വൈദികരും 79 അത്മായക്കാരും ചേർന്ന ഒരു സ്റ്റാൻഡിംഗ് അസോസ്യേഷൻ രൂപീകൃതമായി.

ഇങ്ങനെ രൂപീകൃതമായ അസോസ്യേഷന്റെ പേര് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്നായിരുന്നു. അതിന്റെ രക്ഷാധികാരി പാത്രിയർക്കീസും പ്രസിഡന്റ് മലങ്കര മെത്രാപ്പോലീത്തായും എന്ന് അനുശാസിക്കപ്പെട്ടു. അംഗങ്ങളെ നാലു ക്ലാസുകളായി തിരിച്ചിരിക്കുന്നു.

ഒന്നാം ക്ലാസ് അംഗം 100 രൂപയും രണ്ടാം ക്ലാസ് അംഗം 50 രൂപയും മൂന്നാം ക്ലാസ് അംഗം 25 രൂപയും നാലാം ക്ലാസ് അംഗം 10 രൂപയും നല്കിയിരിക്കണം എന്നായിരുന്നു നിബന്ധന. അംഗത്വമുള്ള ഇടവകകൾ 500 രൂപാ അംഗത്വഫീസായി നല്കിയിരിക്കുകയും വേണം. പണം മുഴുവൻ മുടക്കുവാൻ നിർവ്വാഹമില്ലാത്ത ഇടവകകൾ ഒരു ശതമാനം മാസപ്പലിശയോടെ ഒടുക്കിക്കൊള്ളാമെന്ന് സമ്മതപത്രം എഴുതിക്കൊടുക്കയും ചെയ്യേണ്ടിയിരിക്കുന്നു.

ഇതിന്റെ നടത്തിപ്പിലേക്ക് 8 വൈദികരും 16 അത്മായക്കാരും ചേർന്നുള്ള ഒരു പ്രധാന കമ്മറ്റി രൂപീകരിക്കപ്പെട്ടു (ഇത് നമ്മുടെ ഇപ്പോഴത്തെ മാനേജിംഗ് കമ്മറ്റി എന്നു പറയാം). ഈ പ്രധാന കമ്മറ്റിക്ക് ഒരു സെക്രട്ടറിയും നിയമിതനായി.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ

കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം 2017 മാർച്ച് 1 -ാം തീയതി കോട്ടയത്ത് എം.ഡി സെമിനാരിയിലുള്ള മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ വച്ച് നടത്തും. കോട്ടയം പഴയ സെമിനാരി സ്മൃതി ഓഡിറ്റോറിയത്തിൽ ചേർന്ന സഭാ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ ആണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഈ കാര്യം പ്രഖ്യാപിച്ചത്. നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട സഭാ മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി 2017 മാർച്ചിൽ അവസാനിക്കും.

അടുത്ത അഞ്ച് വർഷത്തേക്കുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നിവരെ തിരഞ്ഞെടുക്കുന്നതിനാണ് അസ്സോസിയേഷൻ ചേരുന്നത്. 1876-ലെ മുളന്തുരുത്തി സുന്നഹദോസിന് ശേഷം ചേരുന്ന 37-ാമത് അസ്സോസിയേഷൻ യോഗമാണ് കോട്ടയത്ത് നടത്തപ്പെടുന്നത്. 1987 ഡിസംബർ ഒൻപതിനാണ് എം.ഡി സെമിനാരിയിൽ അവസാനമായി ഒരു അസ്സോസിയേഷൻ യോഗം നടന്നത്. അതിന് മുമ്പ് വിവിധ വർഷങ്ങളിലായി പത്ത് അസ്സോസിയേഷൻ യോഗങ്ങൾക്ക് എം.ഡി സെമിനാരി വേദിയായിട്ടുണ്ട്.

ഫാ. അലക്സാണ്ടർ പി. ഡാനിയേൽ ധ്യാനം നയിച്ചു. സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിച്ച് തീർപ്പു കൽപ്പിക്കുന്നതിന് ഡോ. മാത്യൂസ് മാർ സേവേറിയോസ് ചെയർമാനായും, ഫാ. പി. കെ. സഖറിയാ പെരിയോർമറ്റം, അഡ്വ. മത്തായി മാമ്പള്ളി, അഡ്വ. മാത്യൂസ് മാടത്തേത്ത്, തോമസ് ജോൺ മോളേത്ത് എന്നിവർ അംഗങ്ങളായുമുള്ള ട്രിബ്യൂണലിനെ യോഗത്തിന്റെ ആലോചനയോടെ ബാവാ പ്രഖ്യാപിച്ചു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സപ്തതി സ്മാരകമായി ആരംഭിക്കുന്ന സ്നേഹസ്പർശം കാൻസർ ചികിത്സ സഹായ പദ്ധതി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നവംബർ 22 ന് വൈകിട്ട് 4:30 ന് ഉദ്ഘാടനം ചെയ്യും. പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്ററിന്റെ കൂദാശ നവംബർ 23 ന് പരിശുദ്ധ എത്യോപ്യൻ പാത്രിയർക്കീസ് നിർവ്വഹിക്കുമെന്ന് യോഗത്തിൽ അറിയിച്ചു.

സഭാ ജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ സ്മരണയ്ക്കായി മനോരമ തോപ്പിൽ നിർമ്മിക്കുന്ന സ്മൃതി മന്ദിരത്തിന്റെ ശിലാസ്ഥാപനം നവംബർ 10 ന് വൈകിട്ട് നാല് മണിക്ക് പരിശുദ്ധ കാതോലിക്കാ ബാവാ നിർവ്വഹിക്കും. കോട്ടയം കാരാപ്പുഴയിലെ സഭാ വക സ്ഥലത്ത് നടത്തേണ്ട വികസന പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്തു.

സഭയുടെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് സജീവ പിന്തുണയും പ്രോത്സാഹനവും നൽകിയ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ പരിശുദ്ധ കാതോലിക്കാ ബാവാ അഭിനന്ദിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അത്മായ ട്രസ്റ്റി എം.ജി. ജോർജ്ജ് മുത്തൂറ്റ്, ഫാ. മോഹൻ ജോസഫ്, കുരുവിള.എം. ജോർജ്ജ് ഐ.ആർ.എസ്, എ. കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. ■

www.gregoriantv.com
മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക ഇന്റർനെറ്റ് വെബ് ചാനൽ
പരുമല പെരുനാൾ തത്സമയം ലഭ്യമാകുന്നു.

MALANKARA ASSOCIATION

കോട്ടയം സമ്മേളനങ്ങൾ

ആദിമസഭയുടെ ശക്തിയായിരുന്നു യോഗം. *ജനമെല്ലാം ഏകമനസോടെ* ഒന്നിച്ചുകൂടി സഭാകാര്യങ്ങൾ തീരുമാനിച്ചിരുന്നു. പ്രാദേശിക സഭകൾ ഭരണശ്രേണിയിലെ ഘടകങ്ങളാകുകയും എപ്പിസ്കോപ്പസി ശക്തിയാർജിക്കുകയും ചെയ്തതോടെ ആഗോളസഭയിൽ യോഗങ്ങൾ അപ്രസക്തങ്ങളായി.

എന്നാൽ മദ്ധ്യ പൗരസ്ത്യദേശവും യൂറോപ്പും കേന്ദ്രമാക്കി വളർന്ന ക്രൈസ്തവ സഭാ ഭരണരീതി അവരുമായി നേരിട്ടു ബന്ധപ്പെടാതിരുന്ന കേരള ക്രൈസ്തവർക്ക് അപരിചിതമായിരുന്നു. ആദിമസഭയുടെ തനിമയിൽ ഇടവക പള്ളികളും, മലങ്കരസഭ മുഴുവനും പള്ളി യോഗങ്ങളാലും *മലങ്കര പള്ളിയോഗത്താലും* ഭരിക്കപ്പെട്ടു. *ജാതിക്കു തലവനായ* അർക്കദിയാക്കോൻ (Archdeacon of All India) ആയിരുന്നു മലങ്കര പള്ളിയോഗത്തിന്റെ തലവൻ. *സുന്നഹദോസ്* എന്ന പേരിലാണ് 16 മുതൽ 19 വരെയുള്ള നൂററാണ്ടുകളിലെ മലങ്കര പള്ളിയോഗങ്ങൾ അറിയപ്പെടുന്നത്. പട്ടക്കാരും ജനങ്ങളും ഉൾപ്പെട്ടതായിരുന്നു *മലങ്കര പള്ളിയോഗം*.

കോട്ടയത്തു നടന്ന മലങ്കര അസ്സോസിയേഷൻ യോഗങ്ങളുടെ ഒരു ലഘുവിവരണമാണ് താഴെ. (സ്ഥലം, അദ്ധ്യക്ഷൻ, തീയതി, തീരുമാനം എന്ന ക്രമത്തിൽ):

1. കോട്ടയം (?) –1816 ജനുവരി – (991 മകരം) – കിടങ്ങൻ മാർ പീലക്സീനോസ് – പകലോമറ്റം പാരമ്പര്യ വാഴ്ച അവസാനിപ്പിക്കുകയും പകരം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുകയും ചെയ്തു.

2. കോട്ടയം ചെറിയപള്ളി – 1817 ജനുവരി (992 മകരം 10)– കിടങ്ങൻ മാർ പീലക്സീനോസ് – പുന്നത്ര കുര്യൻ കത്തനാരെ വികാരി ജനറലായി നിയമിച്ചു.

3. കോട്ടയം ചെറിയപള്ളി – 1825 ജൂൺ 27 (1000 മിഥുനം 15) – കിടങ്ങൻ മാർ പീലക്സീനോസ് – ചേപ്പാട് ആഞ്ഞിലിമൂട്ടിൽ ഫിലിപ്പോസ് മല്പാനെ മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു.

4. കോട്ടയം ചെറിയപള്ളി – 1825 ഡിസംബർ (1001 ധനു 13–16) – ചേപ്പാട് മാർ ദീവന്നാസിയോസ് – അന്ത്യോഖ്യായിൽ നിന്നും വന്ന് *മലങ്കര മെത്രാൻ* സ്ഥാനം അവകാശപ്പെട്ട മാർ അത്താനാസിയോസ് എന്ന മെത്രാനെ മാർ പീലക്സീനോസിന്റെയും മാർ ദീവന്നാസിയോസ് നാലാമന്റെയും സഹായിയായി മാത്രം അംഗീകരിച്ചു.

5. കോട്ടയം പഴയസെമിനാരി – 1853 ഫെബ്രുവരി 14 (1028 കുംഭം 2) – പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസിയോസ് – ഇടവഴീക്കൽ ഫീലിപ്പോസ് കത്തനാർ മുതൽ പേർ മുൻകയ്യെടുത്തു തയ്യാറാക്കിയ മലങ്കരസഭയുടെ വിശ്വാസ, ആചാര, ഭരണസംബന്ധമായി 101 ഭാഗങ്ങളുള്ള ഒരു *ചട്ടവര്യോല* പാസ്സാക്കി. മലങ്കരസഭയുടെ ആദ്യ സമ്പൂർണ ലിഖിത ഭരണഘടനയാണ് ഇത്.

6. കോട്ടയം പഴയസെമിനാരി – 1869

ഈ പ്രധാന കമ്മറ്റി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സമ്മേളിക്കണമെന്നതായിരുന്നു തീരുമാനം. പള്ളികളുടെ കണക്കുകൾ കേൾക്കുക, പള്ളികളുടെ പുനർനിർമ്മാണത്തിനും നിർമ്മാണത്തിനും സഹായിക്കുക എന്നതായിരുന്നു പ്രധാന ചുമതലകൾ.

അതനുസരിച്ച് നിലവിൽ വന്ന സ്റ്റാൻഡിംഗ് അസോസ്യേഷന്റെ (സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ) പ്രധാന കമ്മറ്റി (8 വൈദികർ, 16 അത്മായക്കാർ, മലങ്കര മെത്രാപ്പോലീത്താ എന്നിവരടക്കം 25 പേർ) പരുമലയിൽ കൂടി. എന്നാൽ ഈ യോഗത്തിൽ അനൗദ്യോഗികമായെങ്കിലും 150 പള്ളികളിൽ നിന്നുള്ള ആയിരത്തിലധികം പേർ വന്നു ചേർന്നു. പ്രധാന കമ്മറ്റിയിൽ മുളന്തുരുത്തി സുന്നഹദോസിനുശേഷം വാഴിക്കപ്പെട്ട ആറ് മെത്രാപ്പോലീത്തന്മാർക്ക് അംഗത്വം ഇല്ലാതിരുന്നതിനാൽ കോപ്റ്റ് ചെയ്യാൻ യോഗം തീരുമാനിച്ചു. പ്രധാന കമ്മറ്റി 25 പേരിൽ നിന്ന് വൈദികരും അത്മായരും അടക്കം 40 പേരും 6 മെത്രാപ്പോലീത്തന്മാരും മലങ്കര മെത്രാപ്പോലീത്തായുമടക്കം 47 പേർ ആയി ഉയർത്തി.

പ്രധാന കമ്മറ്റി അങ്ങനെ സഭാ മാനേജിംഗ് കമ്മറ്റി എന്ന പേരിൽ 1878–ൽ സമ്മേളിച്ചു. നവീകരണ സഭയായ മാർ ത്തോമ്മാ സഭയ്ക്കെതിരെ വ്യവഹാരം നടത്തുക, വിദ്യാഭ്യാസ പുരോഗതിയ്ക്കായി സ്കൂളുകൾ പണിയുക, പള്ളികളുടെ കണക്കുകൾ കേട്ട് അംഗീകരിക്കുക എന്നിവയായിരുന്നു പ്രസ്തുത കമ്മറ്റിയിൽ നടന്ന പ്രധാന കാര്യങ്ങൾ.

1934–ൽ കോട്ടയം എം. ഡി. സെമിനാരിയിൽ വിളിച്ചുകൂട്ടിയ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനാണ് സഭയുടെ ഭരണഘടന പാസാക്കിയത്. മുളന്തുരുത്തി സുന്നഹദോസിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ളതായിരുന്നു ഭരണഘടന.

പള്ളി, പള്ളി വസ്തുക്കൾ, ഭരണം എന്നിവയ്ക്ക് വ്യക്തമായ സംഹിതകൾ, പള്ളിയുടെ കണക്കുകൾ കേൾക്കുക, വിദ്യാഭ്യാസപരമാ പ്രവർത്തനങ്ങൾ നടത്തുക, സമുദായത്തിന്റെ ആവശ്യത്തിലേക്കുള്ള പുസ്തകങ്ങൾ നിർമ്മിക്കുക, പള്ളികൾ പുനരുദ്ധരിക്കുക, പുതിയ പള്ളികൾ പണിയുക, റിശീശാ പിരിച്ചെടുക്കുക, മെത്രാന്മാരുടെ വിഹിതമായ കൈമുത്ത് ഏർപ്പെടുത്തുക, സന്യാസിമാരുടെ ജീവസന്ധാരണത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക, ഇടവകയിലെ വൈദീകർക്കുള്ള ശമ്പളം ഏർപ്പെടുത്തുക തുടങ്ങി പലതും അസോസ്യേഷൻ തീരുമാനങ്ങളായിരുന്നു.

ആദ്യ സുന്നഹദോസുകളിലെങ്ങും മെത്രാൻ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്ന പതിവുണ്ടായിരുന്നില്ല. 1934–ലെ എം. ഡി. അസോസ്യേഷ

ഒക്ടോബർ 21 (തുലാം 9) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് - വട്ടിപ്പണപ്പലിശ വാങ്ങുന്നതിന് കൂട്ടു ട്രസ്റ്റികളായി താഴത്ത് ചാക്കോ ചാണ്ടപ്പിള്ള കത്തനാരെയും കുളങ്ങര ഇട്ടിച്ചൻ പൈലിയേയും തെരഞ്ഞെടുത്തു.

7. കോട്ടയം പഴയസെമിനാരി - 1870 ഫെബ്രുവരി 7 (മകരം 26) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് - വട്ടിപ്പണം ചെലവാക്കുന്നതിനും സെമിനാരി പഠനം സുഗമമായി നടത്തുന്നതിനുമായി ഒരു കമ്മിറ്റി ഉണ്ടാക്കാൻ തീരുമാനിച്ചു. പത്തു ഭാഗങ്ങളുള്ള ഒരു *പടിയോലയും* പാസ്സാക്കി.

8. കോട്ടയം പഴയസെമിനാരി - 1886 സെപ്ററംബർ 11-13 - മാർ ദീവന്നാസിയോസ് അഞ്ചാമൻ - ഇടവക പള്ളികളുടെ വരുമാനത്തിന്റെ അഞ്ചു ശതമാനം എല്ലാ വർഷവും പൊതുവകയ്ക്ക് നല്കണം. കൂട്ടു ട്രസ്റ്റിമാരായി കോനാട്ട് കോര യോഹന്നാൻ മല്പാനെയും കുന്നുംപുറത്ത് കോര ഉലഹന്നാനെയും തെരഞ്ഞെടുത്തു.

9. കോട്ടയം പഴയസെമിനാരി - 1892 മാർച്ച് 30, 31 - മാർ ദീവന്നാസിയോസ് അഞ്ചാമൻ - മാനേജിംഗ് കമ്മിറ്റിയിലേക്ക് പുതിയതായി 24 പേരെ തെരഞ്ഞെടുത്തു. കമ്മിറ്റിയുടെ നടപടിക്രമങ്ങൾക്ക് രൂപംകൊടുത്തു.

10. കോട്ടയം പഴയസെമിനാരി - 1895 നവംബർ 21-23 - മാർ ദീവന്നാസിയോസ് അഞ്ചാമൻ - വൈദിക ട്രസ്റ്റിയായ കോനാട്ട് കോര യോഹന്നാൻ മല്പാന്റെ നിര്യാണം മൂലം ഒഴിവുവന്ന സ്ഥാനത്തേക്ക് കോനാട്ട് കോര മാത്തൻ മല്പാനെ തെരഞ്ഞെടുത്തു.

11. കോട്ടയം പഴയസെമിനാരി - 1901 ഏപ്രിൽ 24, 25 - മാർ ദീവന്നാസിയോസ് അഞ്ചാമൻ - കുന്നുംപുറത്ത് കോര ഉലഹന്നാൻ മരിച്ച ഒഴിവിൽ കുന്നുംപുറത്ത് സി.ജെ. കുര്യനെ അത്മായ ട്രസ്റ്റിയായും 24 അംഗ മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. മാർ ദീവന്നാസിയോസിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിക്കണം എന്നു തീരുമാനിച്ചു.

12. കോട്ടയം പഴയസെമിനാരി - 1908 ഫെബ്രുവരി 27 - മാർ ദീവന്നാസിയോസ് അഞ്ചാമൻ - മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെയും, കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മേല്പട്ട സ്ഥാനത്തേക്കും തെരഞ്ഞെടുത്തു. ഇവരിൽ വട്ടശ്ശേരിൽ റമ്പാനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി നിശ്ചയിച്ചു. 26 അംഗ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തു.

13. കോട്ടയം പഴയസെമിനാരി - 1909 നവംബർ 25-27 - പ. അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് - പാത്രിയർക്കീസ് ലൗകീകാധികാരം ആവശ്യപ്പെട്ടത് യോഗം നിരസിച്ചതിനാൽ തീരുമാനമെടുക്കാതെ പിരിഞ്ഞു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം 2017 മാർച്ച് 1-ാം തീയതി കോട്ടയത്ത് എം.ഡി സെമിനാരിയിലുള്ള മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ വച്ച് നടത്തും.

14. കോട്ടയം എം. ഡി. സെമിനാരി - 1911 സെപ്റ്റംബർ 7 - വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് ആറാമൻ - *ബാവാ കക്ഷിയിൽ* ചേർന്ന കോനാട്ട് കോര മാത്തൻ മല്പാൻ, സി. ജെ. കുര്യൻ എന്നിവരെ മാറ്റി പകരം പാലപ്പള്ളിൽ മാണി പൗലോസ് കത്തനാരെയും ചിറക്കടവിൽ കോര കൊച്ചുകോരുളയെയും കൂട്ടു ട്രസ്റ്റികളായി തെരഞ്ഞെടുത്തു.

15. കോട്ടയം പഴയസെമിനാരി - 1930 സെപ്റ്റംബർ 4 - മാർ ദീവന്നാസിയോസ് ആറാമൻ - ആറു പേരെ മേല്പട്ടസ്ഥാനത്തേക്കും 36 പേരെ മാനേജിംഗ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുത്തു. ഒ. എം. ചെറിയാൻ കൺവീനറായി ഭരണഘടനാ രൂപീകരണ സമിതിയെ നിയമിച്ചു.

ശേഷം 14-ാം പേജിൽ

നിലെ ഭരണഘടനപ്രകാരമാണ് മെത്രാൻ തിരഞ്ഞെടുപ്പിനുള്ള അധികാരം അസോസ്യേഷനിൽ നിക്ഷിപ്തമായത്. ഏറ്റവും വിപുലമായ ജനായത്ത സമ്പ്രദായം തിരഞ്ഞെടുപ്പുകളിൽ വർത്തിക്കുന്ന ഏക സഭയാണ് മലങ്കരസഭ. അസോസ്യേഷനിൽ പങ്കെടുക്കുന്ന വൈദികരുടെയും അത്മായക്കാരുടെയും വോട്ടുകൾ പ്രത്യേകം എണ്ണിതിട്ടപ്പെടുത്തി 50% ത്തിനു മുകളിൽ പ്രത്യേകം പ്രത്യേകം വോട്ടുകൾ നേടി മാത്രമേ മെത്രാൻ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുന്നുള്ളൂ. മെത്രാൻ തിരഞ്ഞെടുപ്പിനുള്ള അധികാരം അസോസ്യേഷനാണെങ്കിലും അതിന് അംഗീകാരം നല്കി വാഴിക്കുന്നതിനുള്ള അധികാരം പ. എപ്പിസ്കോപ്പൽ സുന്നഹദോസിലും അതിന്റെ അദ്ധ്യക്ഷനായ കാതോലിക്കായിലും നിക്ഷിപ്തമാണ്.

ഇതുപോലെ മറ്റെല്ലായിടങ്ങളിലും ഏതെങ്കിലും ഒരു മെത്രാസനത്തിനു വേണ്ടി തിരഞ്ഞെടുപ്പു നടത്തിയിരുന്നത് അതതു മെത്രാസനത്തിലുള്ളവരായിരിക്കും. എന്നാൽ നമ്മുടെ സഭയിൽ മാത്രമാണ് സഭ മുഴുവനും ഈ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. മറ്റെങ്ങും ഈ പതിവു കാണുന്നില്ല.

ജനങ്ങൾ തിരഞ്ഞെടുക്കുകയും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയും പ്രധാന തലവൻ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സഹകരണത്തോടെ വാഴിക്കുകയും ചെയ്യുന്ന രീതിയാണ് മലങ്കരസഭയിലുള്ളത്.

നാലാം നൂറ്റാണ്ടു മുതൽ മെത്രാൻ സ്ഥാനാർത്ഥിയുടെ ഗുണങ്ങളെക്കുറിച്ചു വിവരിക്കുന്ന ധാരാളം കാനോനാകൾ നിലവിൽ വന്നു. അദ്ദേഹം 30 വയസിൽ കുറയാത്തവനും ഏവർക്കും സ്വീകാര്യം ഉള്ളവനും ആയിരിക്കണമെന്നും കാനോനാകൾ അനുശാസിക്കുന്നു. ഇപ്പോഴത്തെ ട്രസ്റ്റി, ട്രഷറാർ എന്ന പേരിലാണ് ആദ്യം അറിയപ്പെട്ടിരുന്നത്. മലങ്കര മെത്രാപ്പോലീത്താ വ്യവഹാരങ്ങൾക്ക് കോടതിയിൽ പോകുന്നത് ഒഴിവാക്കുവാനും വട്ടിപ്പണം വാങ്ങുവാനുമായിരുന്നു ഈ കൂട്ടുസ്ഥാനം നിലവിൽ വന്നത്.

പിന്നീട് ഭരണഘടന നിലവിൽ വന്നതോടെ, മലങ്കര മെത്രാപ്പോലീത്തായോടു കൂടി വട്ടിപ്പണം വാങ്ങുക, കോട്ടയം സുറിയാനി സെമിനാരി ആദായത്തിന്റെ ട്രസ്റ്റികളായി രണ്ടുപേർ ഉണ്ടായിരിക്കണമെന്നും അതിൽ ഒരാൾ വൈദികനും ഒരാൾ അത്മായക്കാരനും ആയിരിക്കണമെന്നും വ്യവസ്ഥയുണ്ടായി.

നിയമ നിർമ്മാണത്തിനുള്ള അവകാശം അസോസിയേഷ്യനിൽ നിക്ഷിപ്തമാണ്. പലരും മലങ്കരസഭയുടെ പരമാധികാരസമിതിയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനെ മലങ്കരസഭയുടെ പാർലമെന്റ് എന്നു വിശേഷിപ്പിക്കാറുണ്ട്. ആ പദം അസോസ്യേഷന് ഉപയോഗിച്ചുകൂടാ. ■

16. കോട്ടയം എം. ഡി. സെമിനാരി – 1931 ജൂലൈ 10 – മാർ ദീവന്നാസി യോസ് ആറാമൻ – ചിറക്കടവിൽ കോര കൊച്ചുകോരുളയുടെ നിര്യാണം മൂലം ഒഴിവു വന്ന സ്ഥാനത്തേക്ക് എറികാട് ഇ. ഐ. ജോസഫിനെ കൂട്ടു ട്രസ്റ്റി യായി തെരഞ്ഞെടുത്തു.

17. കോട്ടയം എം. ഡി. സെമിനാരി – 1934 ഡിസംബർ 26 – പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ – പൗരസ്ത്യ കാതോലിക്കാ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ മല ങ്കര മെത്രാപ്പോലീത്തായായി തെര ഞ്ഞെടുത്തു. സഭാഭരണഘടന പാസ്സാ ക്കി. 60 അംഗ മാനേജിംഗ് കമ്മി റ്റിയെയും ഒരാളെ മേല്പട്ടസ്ഥാന ത്തേക്കും തെരഞ്ഞെടുത്തു. 10 അംഗ വർക്കിംഗ് കമ്മിറ്റി ഉണ്ടായിരിക്കണ മെന്നും നിശ്ചയിച്ചു. *കാതോ ലിക്കാനിധി* രൂപീകരിച്ചു.

18. കോട്ടയം എം. ഡി. സെമിനാരി – 1951 മെയ് 17 – പ. ഗീവർഗീസ് ദ്വിതീ യൻ കാതോലിക്കാ – ഭരണഘടന ഭേ ദഗതി ചെയ്തു. രണ്ടുപേരെ മേല്പട്ട സ്ഥാനത്തേക്കും 66 പേരെ മാനേജിംഗ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുത്തു. 15 പേരെ നോമിനേറ്റ് ചെയ്തു.

19. കോട്ടയം എം. ഡി. സെമിനാരി – 1959 സെപ്റ്റംബർ 16 – പ. ഗീ വർഗീസ് ദ്വിതീയൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 72 പേരെ തെരഞ്ഞെടുത്തു (പിന്നീട് 18 പേരെ നോമിനേറ്റു ചെയ്തു).

20. കോട്ടയം എം. ഡി. സെമിനാരി – 1965 ഡിസംബർ 28 – പ. ഔഗേൻ കാതോലിക്കാ – മണലിൽ യാക്കോബ് കത്തനാർ രാജിവച്ച ഒഴിവിൽ തെങ്ങും തോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പായെ വൈദികട്രസ്റ്റി യായി തെരഞ്ഞെടുത്തു. മേല്പട്ട സ്ഥാനത്തേക്ക് അഞ്ചു പേരെയും മാനേജിംഗ് കമ്മിററിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

21. കോട്ടയം എം. ഡി. സെമിനാരി – 1970 ഡിസംബർ 31 – പ. ഔഗേൻ കാതോലിക്കാ – പൗരസ്ത്യ കാതോലി ക്കായുടെയും മലങ്കര മെത്രാപ്പോലീത്താ യുടെയും പിൻഗാമിയായി വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടു ത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

22. കോട്ടയം എം. ഡി. സെമിനാരി – 1980 മെയ് 1 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – പൗരസ്ത്യ കാതോ ലിക്കായുടെയും മലങ്കര മെത്രാപ്പോലീ ത്തായുടെയും പിൻഗാമിയായി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോ ലീത്തായെയും നിര്യാതനായ ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനു പകരം പടിഞ്ഞാറേക്കര പി. സി. ഏബ്രഹാമി നെ അത്മായ ട്രസ്റ്റിയായും തെരഞ്ഞെ ടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 86 പേരെ തെരഞ്ഞെടുത്തു. (പിന്നീട് 22 പേരെ നോമിനേറ്റു ചെയ്തു).

23. കോട്ടയം എം. ഡി. സെമിനാരി – 1985 ഒക്ടോബർ 23 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – മാനേജിംഗ് കമ്മിറ്റിയിലേക്ക് 90 പേരെ തെരഞ്ഞെടു ത്തു (പിന്നീട് 24 പേരെ നോമിനേറ്റു ചെയ്തു).

24. കോട്ടയം എം. ഡി. സെമിനാരി – 1987 ഡിസംബർ 29 – പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ – നിര്യാതനായ കോനാട്ട് ഏബ്രഹാം മല്പാന് പകരം നൂറനാൽ മത്തായി കത്തനാരെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തു. മേല്പട്ടസ്ഥാനത്തേക്ക് ഒരാളെ തെര ഞ്ഞെടുക്കുവാൻ ശ്രമിച്ചെങ്കിലും മതി യായ മിനിമം വോട്ടു ലഭിക്കാതിരുന്ന തിനാൽ ആരെയും തെരഞ്ഞെടുക്കാൻ കഴിഞ്ഞില്ല.

ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ

marriage

പെരുമ്പുഴ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് ഇടവകയിൽ 'കൃപ'യിൽ സി.ഒ. ഗീവർഗ്ഗീസിന്റെയും ജസ്സി കെ. അലക്സിന്റെയും മകൻ **AJU GEORGE KOSHY** യും ഡൽഹി ഭദ്രാസനത്തിൽ ജെയ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ 21, Shantinagar, Karmic Colony യിൽ പരേതനായ പി.സി. ജേക്കബിന്റെയും വി.ഡി. മേരിക്കുട്ടിയുടേയും മകൾ **RINI M. JACOB** ഉം തമ്മിലുള്ള വിവാഹം 16-10-2016 ഞായറാഴ്ച അഭിവന്ദ്യ സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ചു നടന്നു.

മലങ്കരസഭാ മാസികയുടെ ആശംസകൾ..

പൗരോഹിത്യ നൽവര ദാന ശുശ്രൂഷ -3

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
(പ. സുന്നഹദോസ് സെക്രട്ടറി)

3. പുരോഹിതൻ (Presbyter)

കൊഹനോയുടെയും കാശീശോയുടെയും ബലിയർപ്പണ, ഭരണ ചുമതലകൾ ഒരുമിച്ചു പുരോഹിതനിൽ നിക്ഷിപ്തമാണ്. വി. പൗലൂസ് ശ്ലീഹാ സമഗ്രമായി പുരോഹിതന്റെ യോഗ്യത, ഉത്തര വാദിത്വം ഇവ വിശദമാക്കുന്നു.(1 തിമൊത്തി 4:16,5:17; തീത്തോ 1:5). പുരോഹിതന്മാരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണമെന്ന് റോമിലെ വി. ക്ലീമ്മിസിന്റെ ലേഖനത്തിലേതാണ് സഭാചരിത്രത്തിലെ ആദ്യപരാമർശം. പൗരാണിക പിതാക്കന്മാരിൽ പുരോഹിതസ്ഥാനം അപ്പോസ്തോലന്മാരുടെ സ്ഥാനമായി വിശ ദീകരണം നൽകുന്നത് അന്ത്യോക്ക്യയിലെ വി.ഇഗ്നാത്തിയോസ് ആണ്. എപ്പിസ്ക്കോപ്പാ, പുരോഹിതൻ, ശുശ്രൂഷകൻ എന്നി മൂന്ന് വ്യതിരിക്ത സ്ഥാനങ്ങൾ സഭയിൽ നിലനിൽക്കുന്നതായി അദ്ദേഹം സമർത്ഥിക്കുന്നു. ആദിമ സഭാ ഉപദേഷ്ടാക്കന്മാരായ പോളി ക്കർപ്പോസ്, ഹെർമാസ്, ഐറേനിയോസ്, അലക്സാന്ത്രിയയിലെ ക്ലീമ്മിസ്,

തെർത്തുല്ല്യൻ, ഒറിഗൺ, കുപ്രിയാനോസ്, അലക്സാന്ത്രിയ യിലെ ദീവന്നാസിയോസ്, അപ്പോസ്തോലിക പ്രമാണങ്ങൾ എന്നീ രേഖകളിലാണ് പുരോഹിതന്റെ യോഗ്യതകളും ദൗത്യങ്ങളും കൂടു തൽ വിശദീകരിച്ചിട്ടുള്ളത്. പൗരോഹിത്യക്രമങ്ങളിലെ പ്രഥമവും പ്രധാനവുമായ ഉന്നത പദവിയാണിത്.

മ്ദഖിയോനോ (വെടിപ്പാക്കുന്നവൻ) മനഹ്റേ്നോ (പ്രകാ ശിപ്പിക്കുന്നവൻ) എന്ന രണ്ടു പദവികൾ പുരോഹിതനുള്ളതായി സുറിയാനിസഭാ പാരമ്പര്യം അനുശാസിക്കുന്നു. പഠിപ്പിക്കലുകളും കൂദാശകളിലൂടെയുള്ള ശുദ്ധീകരണവും പ്രകാശിപ്പിക്കലുമാണ് ഇവിടെ ഉദ്ദേശിക്കുന്നത് (മലാഖി. 2:7 ; 1 തെസ്സ. 3: 8). പട്ടത്വദാന ശുശ്രൂഷയും പള്ളികൂദാശയും മൂറോൻകൂദാശയും സൈത്തുകൂദാ ശയും ഒഴിച്ചുള്ള എല്ലാ കൂദാശകളും നിർവഹിക്കുവാനുള്ള അവകാശവും അധികാരവുമാണ് അദ്ദേഹത്തിന്റെ നൽവരത്തിൽ ഉൾപ്പെടുന്നത്. പരിശു ദ്ധാത്മാഹ്വാന പ്രാർത്ഥനയിലും മറ്റ് പ്രാർത്ഥനകളിലും ഇത് അടങ്ങിരിക്കു ന്നു. അമാലോഗിയയിൽ തദനുസൃത മായ നിർദ്ദേശങ്ങൾ ഉണ്ട്. പുരോഹിത സ്ഥാനികൾക്കു മാത്രമെ ഏവൻഗേലി യോൻ അദ്ദേഹത്തിന്റെ കഴുത്തിൽ വച്ചുവായിക്കുമ്പോൾ എപ്പിസ്കോപ്പാ അദ്ദേഹത്തിന്റെ തലയിൽ ഊതു ന്നുള്ളു. സ്ഥാന വസ്ത്രങ്ങൾ പൗരോ ഹിത്യ പൂർണ്ണതയുള്ള വസ്ത്രങ്ങളാ ണ്. തൊപ്പിയുൾപ്പെടെ എല്ലാം വാഴ്ത്തി ധരിപ്പിക്കുന്നു. സ്ഥാനചിഹ്നം ധൂപകുറ്റിയാണ്. ആയതിനാൽ സ്ഥാന മേറ്റാൽ ആദ്യം അദ്ദേഹം സ്വന്തമായി ധൂപകുറ്റിയിൽ കുന്തുരുക്കമിട്ട് ധൂപം വീശുന്നു. മാത്രമല്ല സ്വയമായി വി. കുർബ്ബാന അർപ്പിക്കുവാനും അനുഭവി ക്കുവാനുമുള്ള അർഹത ലഭ്യമായ തിനെ കാണിക്കുവാനായി കർത്താ വിന്റെ തിരുശരീരരക്തങ്ങൾ സ്വയം കാസായിൽ നിന്നും എടുത്ത് ആദ്യ മായി അനുഭവിക്കുന്നു. പൗരോഹിത്യ നൽവരം ദാനം ചെയ്ത സഭയുടെ അദ്ധ്യക്ഷനായ എപ്പിസ്കോപ്പായെ പ്രതിനിധികരിക്കാൻ സഭയിലെ ഏക സ്ഥാനി പുരോഹിതനായതിനാലാണ് സ്ഥാനലബ്ധിക്കുശേഷം അദ്ദേഹം എപ്പിസ്കോപ്പായുടെ അംശവടി പിടി ച്ചുകൊണ്ട് വി. കുർബ്ബാനയുടെ ശേഷ മുള്ള ഭാഗങ്ങളിൽ സംബന്ധിക്കുന്നത്.

4. കോറെപ്പിസ്കോപ്പാ

ഗ്രാമങ്ങളിലുള്ള പള്ളികൾ സന്ദർശിക്കുവാനും എപ്പിസ്കോ പ്പായുടെ നിർദ്ദേശപ്രകാരം ആവശ്യമായ ഭരണക്രമീകരണങ്ങൾ നൽകുവാനും സഭയുടെ വികസനകാലത്ത് മൂന്നാം നൂറ്റാണ്ടു മുതൽ രൂപപ്പെട്ട ഒരു സ്ഥാന മാണ് കോറെപ്പിസ്കോപ്പ. എ. ഡി. 325 ലെ നിഖ്യാസുന്നഹദോസിൽ 15 കോറെപ്പിസ്കോപ്പാമാർ സംബന്ധിച്ച തായി പറയുന്നുണ്ട്. അവരുടെ അധി കാര പരിധികൾ ഓരോ ഗ്രാമത്തെ അടി സ്ഥാനമാക്കി ആയിരുന്നു. ആൻസിറാ സുന്നഹദോസിന്റെ (314 എ. ഡി.) 13-ാം കാനോനിലും അന്ത്യോക്ക്യൻ സുന്ന ഹദോസിന്റെ (341) 10-ാം കാനോനാ യിലും ഇവരുടെ അധികാരങ്ങൾ നിജപ്പെടുത്തി. അതനുസരിച്ച് ഇവർക്ക് എപ്പിസ്കോപ്പയുടെ അനുവാ

അനുസ്മരണം

വയലിപ്പറമ്പിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

കർക്കശക്കാരനായ ഒരു കർമ്മയോഗി

വയലിപ്പറമ്പിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 50-ാം ഓർമ്മ നവം. 6-ന് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ



ഈ തിരുമേനി ഇന്നുണ്ടായിരുന്നെങ്കിൽ ഈ സഭ രണ്ടാവുകയില്ലായിരുന്നു. ഒരു ശ്രേഷ്ഠനും വിശിഷ്ഠനും ഇവിടെ ഉണ്ടാവില്ലായിരുന്നു. അരമന ഭിത്തിയിലെ വലിയ ചിത്രം നോക്കി പിൽക്കാലത്ത് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി, നടുവീർപ്പിട്ടു, പ്രസ്താവിച്ചു! അടുത്തുണ്ടായിരുന്ന എന്റെ ചോദ്യത്തിന് മറുപടി. എനിക്കു അത്ര പരിചയമില്ല. എന്നെ മെത്രാനാക്കണമെന്ന് സുന്നഹദോസിൽ ശഠിച്ചു പറഞ്ഞത് ഇദ്ദേഹമായിരുന്നു. പിന്നെ ഇവിടെ വന്നു. ഇവിടത്തെ കെട്ടും മറ്റും കർശനകല്പനകളും കണ്ടപ്പോൾ മുഴുവനും ബോദ്ധ്യമായി. അങ്ങിനെ വേണം ജനുവരി 1953-1966 നവംബർ 6 വരെ അങ്കമാലി മെത്രാപ്പോലീത്ത! സുന്നഹദോസിന്റെ പ്രധാന വക്താവ്. പള്ളികളും പട്ടക്കാരും ശേഷം ജനങ്ങളും ഭയത്തോടെ ആദരിച്ചു പോന്ന ഭദ്രാസനാധിപൻ. ലളിത ജീവിതം കഞ്ഞിയും കപ്പയും കാച്ചിലും! സ്റ്റഡി ബക്കർ കാറ്, പൗലോസ് ഡ്രൈവർ, രണ്ടു നാലു ശെമ്മാശന്മാർ, ജ്യേഷ്ഠ തുല്യനായ കോച്ചേരി അച്ചൻ ഭദ്രാസന/പള്ളി മാനേജർ, കറവ പശു, ഇരുപതേക്കർ സെമിനാരി പറമ്പിലെ അല്പം കല്പവൃക്ഷങ്ങൾ, രണ്ടു നിലയുള്ള സെമിനാരി കെട്ടിടം. വൃദ്ധൻ കുറുച്ചേട്ടൻ കപ്പ്യാര്, വണ്ടിക്കൂലി മാത്രം വാങ്ങി ആഴ്ച തോറും വന്നു ബലി അർപ്പിക്കുന്ന വിവിധ പട്ടക്കാര്. ഇതൊക്കെയായിരുന്നു പണ്ടു ആലുവ ഭദ്രാസന കേന്ദ്രം-തൃക്കുന്നത്തു പള്ളിയും സെമിനാരിയും.

അല്പം അസഹ്യം എങ്കിലും കൃത്യതയും കർക്കശത്വവും ആയിരുന്നു തിരുമേനിയുടെ മുഖമുദ്ര. ആരാധനാ നിഷ്ഠയും പറയാതെ തന്നെ അർഹത നോക്കിയുള്ള പരസഹായവും ആശ്രിതവാത്സല്യവും നന്നേ ഉണ്ടായിരുന്നുതാനും. ഭയത്തോടും വിറയലോടുള്ള ആദരവായിരുന്നു തിരുമേനി സ്വായത്തമാക്കിയത്. സ്വന്തക്കാരെയും വഴിയോര ബന്ധുക്കളെയും സന്ദർശിച്ച്, കുശലം തേടും. യാത്രാന്ത്യത്തിൽ കാറിന്റെ ഡിക്കി നിറയെ എന്തെങ്കിലും ഉണ്ടാവു. പശുവിന് വയ്ക്കോൽ വരെ! കിട്ടുന്നതെന്തും!

* * *

വയലിപ്പറമ്പിൽ തിരുമേനിയെ പറ്റി അടുത്ത കാലത്ത് നിര്യാതനായ കല്ലുപ്പറമ്പിലച്ചൻ പറഞ്ഞു:

സമാധാന ചർച്ചകൾ നടന്നു കൊണ്ടിരിക്കെ തന്നെ 1958 സെപ്റ്റംബർ 12 ന് സുപ്രീം കോടതിവിധി വന്നു. സമാധാനപ്രക്രീയകൾ ത്വരിതപ്പെടുകയും ഡിസംബർ 16-ന് കോട്ടയം പഴയസെമിനാരിയിൽ പരസ്പരം

ദത്തോടെ പൂർണശെമ്മാശന്റെ കീഴ്സ്ഥാനികൾക്ക് കൈവയ്പ്പ് കൊടുക്കുവാൻ അധികാരമുണ്ട്. എന്നാൽ ലവുദൂക്യ സുന്നഹദോസിൽ (4-ാം നൂറ്റാണ്ട്) 57-ാം കാനോനിൽ കൂടുതൽ കോറെപ്പിസ്കോപ്പാമാരുടെ നിയമനം നിരോധിച്ചതായും കാണുന്നുണ്ട്. എ.ഡി. 451 ലെ കൽക്കദോൻ സുന്നഹദോസിൽ ഇവരുടെ എണ്ണം വളരെ പരിമിതമായിരുന്നു. അർക്കിദിയാക്കോന്മാരുടെ സ്ഥാനം സഭയിൽ പിൽക്കാലത്ത് നിലവിൽവന്നതോടെ ഈ സ്ഥാനം നിഷ്പ്രഭമായിതീർന്നു. മലങ്കര സഭയിൽ പ്രഗത്ഭരായ വൈദീകരുടെ ഇടവകശുശ്രൂഷയുടെ ബഹുമാനാർത്ഥം ഈ സ്ഥാനം നിലവിലുണ്ട്.

ആരംഭത്തിൽ തലയിൽനിന്ന് തൊപ്പി മാറ്റി ശോശപ്പാകൊണ്ട് തല മൂടുന്നു. ഏവൻഗേലിയോൻ വായനാസമയത്തു തലയിലിട്ടിരിക്കുന്ന ശോശാപ്പാ നീക്കുന്നു. എപ്പിസ്കോപ്പാ സ്ഥാനാർത്ഥിയുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ച് പട്ടാഭിക്ഷകപ്രഖ്യാപനം നടത്തുന്നു. കാപ്പായോടൊപ്പം ചെറുകാപ്പാ (തോൾ വസ്ത്രം - അൽമത്തി) ധരിപ്പിക്കുകയും ഓക്സിയോസ് ചൊല്ലുകയും ചെയ്യുന്നു. സ്ഥാന ചിഹ്നമായി ഒരു അംശവടി നൽകുന്നുണ്ട്. സാധാരണവേഷത്തിൽ നടക്കുമ്പോൾ ചുവന്നകുപ്പായമോ ചുവന്ന ഇടക്കെട്ടോ ധരിക്കാം. കുരിശുമാലയും ധരിക്കാം. എന്നാൽ അവയൊന്നും പട്ടത്വദാനത്തിന്റെ ഭാഗമല്ലാത്തതിനാൽ വി. കുർബ്ബാനയിൽ ധരിക്കേണ്ടതില്ല. മറ്റെല്ലാ വൈദീകരെയും പോലെ ഹയ്മനീക്കാ ധരിച്ചുകൊണ്ട് മാത്രമെ മദ്ബഹായിൽ കയറുകയോ വി. കുർബ്ബാന അനുഭവിക്കുയോ ചെയ്യാൻ പാടുള്ളു.

ഉപസംഹാരം

കോറെപ്പിസ്ക്കോപ്പ, പുരോഹിതൻ, ശെമ്മാശൻ, കീഴ്സ്ഥാനികൾ, തൽസംബന്ധങ്ങളായ മറ്റ് സ്ഥാനികൾ എന്നിവരുടെ സ്ഥാനദാനം മാത്രമെ ഈ ലേഖനത്തിൽ ന്ൽകുന്നുള്ളു. സഭയുടെ ശ്രേഷ്ഠരായ പിതാക്കന്മാർ ചിട്ടപ്പെടുത്തിയ പ്രതീകങ്ങൾക്കനുസൃതമായാണ് ഈ ക്രമങ്ങൾ ഓരോന്നും നടത്തപ്പെടുന്നത്. *(അവസാനിച്ചു)*

സ്വീകരിച്ച് മലങ്കര സഭ ഒന്നായിത്തീരുകയും ചെയ്തു.

ചായ സൽക്കാരം കഴിഞ്ഞ് മദ്ബഹായിൽ പ്രവേശിച്ച് പ്രാർത്ഥനക്കുശേഷം സ്വീകരണ കൽപനകൾ പരസ്പരം കൈമാറിയാണ് സ്വീകരിച്ചത്. കാതോലിക്കാ ബാവായുടെ കൽപനയിലെ "ഭരണഘടനയ്ക്കു വിധേയമായി സ്വീകരിക്കുന്നു" എന്ന വ്യവസ്ഥ എതിർപ്പിന് ഇടയാക്കി. വീണ്ടും ചർച്ചകൾ നടന്നു. ആ സമയത്ത് വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി "ഭരണഘടനയ്ക്കു വിധേയമായി എന്നെഴുതിയാൽ എന്താ കുഴപ്പം?" എന്നു ചോദിച്ചു. "തലേദിവസത്തെ ചർച്ചയിലുണ്ടാക്കിയ വ്യവസ്ഥയിലുള്ളതല്ല" എന്നു പറഞ്ഞപ്പോൾ "ആ കാരണത്താൽ തള്ളിക്കളയരുത്. നമുക്കോ ഭരണഘടനയില്ല. ഒരു ഭരണഘടനയില്ലാതെ നമുക്ക് മുമ്പോട്ടു പോകാനാകുകയില്ല. അവർക്കുള്ളത് നല്ലത്. അത്രയും ഭാരം ഒഴിഞ്ഞെന്നു വിചാരിച്ചാൽ മതി. അതുകൊണ്ട് അതു കൂടി ഇരുന്നോട്ടെ, കുഴപ്പമില്ല" എന്നു പറഞ്ഞു. വയലിപ്പറമ്പിൽ തിരുമേനിയാണ് ആദ്യം ഉറച്ചു നിന്നത്. മറ്റു തിരുമേനിമാരും അക്കര സി. ജെ. കുര്യൻ (ജൂണിയർ), പാലാമ്പടം ഡോ. പി.ടി. തോമസ് തുടങ്ങിയ അത്മായ നേതാക്കന്മാരും അതിനെ പിന്തുണച്ചു. അങ്ങനെ 1958ൽ സമാധാനമായി, പ്രശ്നങ്ങൾ അവസാനിച്ചു. ബാവാ കക്ഷിയെക്കൊണ്ട് ഭരണഘടന അംഗീകരിപ്പിച്ചത് വഞ്ചനയിലൂടെയാണെന്ന് പറയുന്നതിൽ അർത്ഥമില്ല. പാത്രിയർക്കീസ് കക്ഷിയിലെ ഉന്നത നേതൃത്വം അത് അംഗീകരിച്ചതാണ്. ഇതൊരു ഭിന്നതയ്ക്ക് പിന്നീട് വിഷയമാക്കിയതാണ്.

– എം.സി. വർഗീസ്, ആലുവ

പരുമല പെരുനാൾ സമാപനം

പരുമല:- പ. പരുമല തിരുമേനിയുടെ 114-ാം ഓർമ്മപ്പെരുന്നാൾ ഭക്തിപ്രഭയിൽ സമാപിച്ചു. പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമ്മികത്വം വഹിച്ചു.

പരുമലപ്പെരുന്നാളിൽ പങ്കുചേർന്ന അരലക്ഷം ഭക്തജനങ്ങൾക്ക് നവംബർ 2-ന് വിഭവ സമൃദ്ധമായ നേർച്ച സദ്യ നടത്തി. പെരുന്നാളിന്റെ പ്രധാന ദിവസം നേർച്ചസദ്യ നൽകുന്നത് രണ്ടാം പ്രാവശ്യമാണ്.

നിരണം - ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനങ്ങളിലെ 500-ൽപ്പരം യുവജനപ്രസ്ഥാനം പ്രവർത്തകരാണ് ഭക്ഷണ ക്രമീകരണങ്ങൾക്ക് പരുമലയിൽ നേതൃത്വം നൽകിയത്.

കബറിലേക്കുള്ള തീർത്ഥാടകരുടെ പ്രവേശന കവാടം ആകർഷകമായി അലങ്കരിക്കുകയും പള്ളി പരിസരം മുഴുവൻ അലങ്കരിച്ച പന്തൽ ഇടുകയും ചെയ്തു. ഇത് മഴ നനയാതെ തീർത്ഥാടകർക്ക് കബറിങ്കൽ എത്തി പ്രാർത്ഥിക്കുവാൻ അവസരം ലഭിച്ചു. താൽക്കാലികമായി നിർമ്മിച്ച രണ്ട് ഫ്ളൈ ഓവർ തീർത്ഥാടകർക്ക് അനുഗ്രഹമായി.

പെരുനാളിനോടനുബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് സൗജന്യ ആയുർവേദ ചികിത്സയും മരുന്നും വിതരണം ചെയ്തു. ഡോ. ഷേർളി മാത്യു, ഡോ. ജോൺ കെ. ജോർജ്, ഡോ. മോൾ എലിസബത്ത്, ഫാ. ജോൺ വർഗീസ് കൂടാരത്തിൽ എന്നിവർ ആയുർവേദ ചികിത്സാ ക്യാമ്പിന് നേതൃത്വം നൽകി.

തീർത്ഥാടന വാരത്തോടനുബന്ധിച്ച് വിവിധ ദിവസങ്ങളിൽ വിവിധ പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ സമ്മേളനങ്ങൾ നടന്നു. പരുമല പെരുനാൾ തത്സമയം ഗ്രിഗോറിയൻ ടി.വി. സംപ്രേഷണം ചെയ്തു.

പരുമല പെരുന്നാൾ ഏറ്റവും അനുഗ്രഹകരമാക്കുവാൻ സഹായിച്ച എല്ലാവർക്കും പരുമല സെമിനാരി മാനേജർ ഫാ. എം.സി. കുറിയാക്കോസ് നന്ദി പറഞ്ഞു.

MGOCSM COFERENCE

കോട്ടയം: എം.ജി.ഒ.സി.എസ്.എം. 108-ാമത് വാർഷിക സമ്മേളനം 2016 ഡിസംബർ 26 മുതൽ 29 വരെ കോട്ടയം ബസേലിയോസ് കോളജിൽ നടത്തും. *എന്റെ ദൈവത്താൻ ഞാൻ സകലത്തെയും നേരിടും.* സങ്കീ. 18:29, ഫിലി. 4:13 എന്നതാണ് ചിന്താവിഷയം. എം.ജി.ഒ.സി.എസ്.എം. വെബ്സൈറ്റായ www.mgocsm.in ൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഓരോ ഇടവകയിൽ നിന്നും രണ്ട് അംഗങ്ങൾ പള്ളി ചെലവിൽ വന്ന് പങ്കെടുക്കണം.

സെമിനാരി അഡ്മിഷൻ

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരി പുതിയ ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബിരുദധാരികളായ ഓർത്തഡോക്സ് യുവാക്കൾക്ക് അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ 2016 ഡിസംബർ 20ന് മുമ്പായി സെമിനാരി ഓഫീസിൽ ലഭിക്കേണ്ടതാണ്.

അപേക്ഷാഫോമിന് 500/- രൂപ MO/DD സഹിതം, പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പോസ്റ്റ് ബോക്സ് 98, കോട്ടയം - 686 001, കേരള, ഇന്ത്യ എന്ന വിലാസത്തിൽ ബന്ധപ്പെടുക. സെമിനാരി വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്. Website : www.ots.edu.in



അഖില മലങ്കര ഒ.വി.ബി.എസ്. 2016-ൽ നടത്തിയ ഏറ്റവും മികച്ച അവലോകന റിപ്പോർട്ടിന് ഒന്നാം സ്ഥാനം നേടിയ ഹാൻ സാറാ സ്റ്റീഫൻ. പുന്നമൂട് സെ. ഗ്രീഗോറിയോസ് ഇടവകയിൽ പുളിമൂട്ടിൽ സ്റ്റീഫൻ പി. ജോണിൻരേയും സിബി സ്റ്റീഫന്റേയും മകൾ.

കുടുംബം പ്രതിസന്ധിയിൽ

കുടുംബജീവിതം ഇന്ന് സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു. കുടുംബക്കോടതികളിലേക്കു പോകുന്നവരുടെ സംഖ്യ വർദ്ധിക്കുന്നു. വിവാഹ മോചനങ്ങൾ പെരുകുന്ന പ്രവണതയാണ്. കുടുംബത്തകർച്ചയുടെ പ്രധാനപ്പെട്ട കാരണങ്ങൾ നാം മനസ്സിലാക്കി അവയ്ക്കുള്ള പ്രതിവിധികളും അവ പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമവും, ശ്രദ്ധയുമാണ് ഉണ്ടാകേണ്ടത്.

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വ

അമേരിക്കയിലെ പ്രസിദ്ധനായ പ്രഭാഷകനും ഗ്രന്ഥകാരനുമായ ബിഷപ്പ് ഫുൾട്ടൺ ചെയ്തിട്ടുള്ള ഒരു പ്രസ്താവന അത്യന്തം ശ്രദ്ധേയമാണ്. The foundations of social life are shaken at the very moment when the foundations of family life are destroyed. കുടുംബ ജീവിതത്തിന്റെ അടിസ്ഥാനം ഇളകി നഷ്ടമാകുന്ന നിമിഷത്തിൽത്തന്നെ സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാനങ്ങളും നാശോന്മുഖമാകുന്നു. ഇന്ന് അദ്ദേഹത്തിന്റെ വാക്കുകൾ പ്രവചനം പോലെ അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു. അസ്വസ്ഥവും, പ്രക്ഷുബ്ധവുമായ സമൂഹത്തിന്റെ ചരിത്രമാണുള്ളതെങ്കിൽ, അതിന്റെ കാരണം കുടുംബത്തിനു വന്നിരിക്കുന്ന തകർച്ചയാണ്.

പാശ്ചാത്യ സമൂഹത്തിൽ വന്നിരിക്കുന്ന കുടുംബത്തകർച്ചയെ വെളിപ്പെടുത്തുന്ന ഒരു സംഭാഷണം ശ്രദ്ധിക്കുക: തന്റെ വിവാഹ ജീവിതത്തിന്റെ അൻപതു വർഷം പിന്നിട്ട് ജൂബിലി ആഘോഷിക്കുന്ന മുത്തശ്ശി, കൗമാരം കടക്കുന്ന തന്റെ കൊച്ചുമകളുമായി (grand daughter) അനുഭവങ്ങൾ അയവിറക്കുകയാണ്: "വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും ഉൾക്കള്ളുന്നതായിരുന്നു ഞങ്ങളുടെ ജീവിതം. എങ്കിലും അൻപതു വർഷം മുമ്പു നടന്ന വിവാഹ ശുശ്രൂഷയിൽ ഞങ്ങൾ ചെയ്ത പ്രതിജ്ഞ ഞങ്ങളുടെ ബന്ധത്തെ കെട്ടുറപ്പുള്ളതാക്കി. സുഖത്തിലും ദുഃഖത്തിലും, രോഗത്തിലും ആരോഗ്യത്തിലും, ഉയർച്ചയിലും താഴ്ചയിലും, മരണം വേർപെടുത്തും വരെ പരസ്പരം സഹായിച്ചും സഹകരിച്ചു, പ്രോത്സാഹിപ്പിച്ചും ആശ്വസിപ്പിച്ചും വിശ്വസ്തതയോടെ ജീവിച്ചുകൊള്ളാമെന്ന പ്രതിജ്ഞയാണ് അന്ന് ഞങ്ങൾ എടുത്തത്. വിവാഹം ആജീവനാന്തബന്ധമാണെന്ന് അതു ഞങ്ങളെ നിരന്തരം ഓർമ്മപ്പെടുത്തി".

അതുകേട്ട കൊച്ചുമക്കളുടെ പ്രതികരണം: "ഞാൻ ആരെങ്കിലുമായി പ്രേമബന്ധത്തിൽ ഏർപ്പെടും. പക്ഷേ വിവാഹത്തിനു ഞാൻ ഒരുമ്പെടുകയില്ല. ആ സാഹസം ഞാൻ ഒഴിവാക്കും. വിവാഹത്തിന്റെ നൂലാമാലകളിൽ കുടുങ്ങാൻ ഞാൻ ഒരുക്കമല്ല.

മാറ്റം എന്നുള്ളതാണ് ജീവിത നിയമം. അപ്പോൾ സ്ഥിരമായ ഒരു ബന്ധം സാധ്യമല്ല."

രണ്ടു തലമുറകളുടെ വീക്ഷണമാണ് ഇവിടെ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്. രണ്ടും തമ്മിലുള്ള അന്തരം ആരെയും ആശ്ചര്യപ്പെടുത്തും. വിവാഹത്തെ ബന്ധമെന്നല്ല, ബന്ധനമാക്കുന്ന വികല വീക്ഷണം! ഇത്തരത്തിലുള്ള ചിന്ത നമ്മുടെ സമൂഹത്തിലേക്കും വ്യാപിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ റ്റി. വി. ചാനലിൽ വന്ന ആ പരിപാടിയിൽ ഒരു ഭാര്യ പറയുന്ന വാക്കുകൾ: "എന്റെ സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കുവാൻ ഞാൻ ഒരുക്കമല്ല, ബന്ധം ഉലയുന്നെങ്കിൽ ഞാൻ കാര്യമാക്കുന്നില്ല." ഇത്തരം വീക്ഷണങ്ങളും ചിന്തകളുമാണ് മാധ്യമങ്ങളിൽ കൂടി പ്രചരിച്ചുകൊണ്ടിരിക്കുന്നത്. കുടുംബക്കോടതികളിൽ എത്തുന്ന കേസ്സുകളുടെ സംഖ്യ ഞെട്ടിപ്പിക്കത്തക്കവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിവാഹ മോചനത്തിനും പുനർവിവാഹത്തിനും അനുവദിച്ചുകൊണ്ടുള്ള കല്പനയ്ക്കായി കാതോലിക്കാ ബാവായുടെ അടുക്കൽ എത്തുന്ന അപേക്ഷകളും വർദ്ധിച്ചിരിക്കുന്നു. ഇന്ന് കുടുംബങ്ങൾ പ്രതിസന്ധിയിലാണ്. കുടുംബത്തകർച്ചയുടെ സുനാമി ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു. എന്തായിരിക്കാം അതിന്റെ കാരണം? നിശ്ചയമായും നാം വിശകലനം ചെയ്തു പരിഹാരം കണ്ടെത്തേണ്ടതാണ്.

1. ഭൗതികത്വത്തിന്റെ അതിപ്രസരം:

ധനത്തെപ്പറ്റിയുള്ള അമിതാവേശം, അത് ആർജ്ജിക്കുവാനുള്ള വ്യഗ്രതയും ഒരു പ്രധാന ഘടകമാണ്. മാമ്മോനാണ് ഇന്ന് കുടുംബാംഗങ്ങളിൽ ആധിപത്യം പുലർത്തുന്നത്. പലയിടത്തും സ്ത്രീപീഡനത്തിന് ഒരു കാരണം സാമ്പത്തിക ഘടമാണ്. ഏതു കുത്സിതമാർഗ്ഗത്തിൽ കൂടിയും ധനം ആർജ്ജിച്ചാൽ ജീവിതം സന്തുഷ്ഠമാകുമെന്ന വീക്ഷണം പ്രാബല്യത്തിലുണ്ട്. പണത്തിന്റെ ആർത്തിയോടൊപ്പമെത്തുന്നതിനും സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നിനുമുള്ള വ്യഗ്രതയുണ്ട്. എന്നാൽ കുടുംബബന്ധങ്ങൾ ഭദ്രമാക്കുന്നിനോ ശക്തിപ്പെടുത്തുന്നതിനോ ഉള്ള ഉത്സാഹം കാണുന്നുമില്ല.

എന്താണ് പ്രതിവിധി? കാര്യവിചാരകത്വ ബോധം (aware of stewardship) വളർത്തുകയാണാവശ്യം. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു കാര്യവിചാരകത്വം. ധനം ദൈവം നമ്മെ ഏല്പിക്കുന്ന ട്രസ്റ്റ് ആണ്. അത് എങ്ങനെ വിനിയോഗിക്കണമെന്നുള്ള ഉത്തമ ബോധ്യത്തോടെയാണ് ക്രയവിക്രയങ്ങൾ ചെയ്യേണ്ടത്. ആവശ്യവും, ആഡംബരവും, ധൂർത്തും തമ്മിൽ തിരിച്ചറിയാൻ കഴിവുണ്ടാകണം.

ആഡംബരത്തിന്റെ ഉപോൽപ്പന്നമായി മദ്യപാനം കടന്നുവരുന്നു. ഇന്ന് മദ്യം മാന്യതയുടെ മാനദണ്ഡമായി (status symbol) തീർന്നിരിക്കുന്നു. ഏതു തരത്തിലുള്ള ആഘോഷങ്ങളുടെയും അവിഭാജ്യഘടകമാണ് മദ്യം. കുടുംബത്തകർച്ചയ്ക്കു വഴി തെളിക്കുന്ന വലിയ വില്ലനാണ് മദ്യം. എനിക്കു ലഭിച്ച രണ്ടു കത്തുകൾ ഈ സത്യം വെളിവാക്കും. രണ്ടിലെയും പ്രതിപാദ്യ വിഷയം ഒന്നു തന്നെ. രണ്ടു വ്യത്യസ്ത കുടുംബങ്ങളിലെ രണ്ടു പെൺകുട്ടികൾ എഴുതിയിട്ടുള്ളവയാണ്, ഒരാൾക്കു പത്തൊമ്പതു വയസ്സും മറ്റെയാൾക്ക് പതിനഞ്ചും. കത്തുകൾ തമ്മിലുള്ള വ്യത്യാസം വളരെയുണ്ട്. ഒന്ന് കേരളത്തിലെ അവികസിത മേഖലയായ ഹൈറേഞ്ചിലെ ഒരു ഗ്രാമീണ കുടുംബത്തിൽ നിന്ന്; മറ്റേത് ന്യൂയോർക്ക് നഗരത്തിലെ ഒരു നസ്രാണി കുടുംബത്തിൽ നിന്ന് ആദ്യ കത്ത് മലയാളത്തിൽ വടിവില്ലാത്ത അക്ഷരത്തിൽ, അക്ഷരത്തെറ്റോടുകൂടെയെങ്കിൽ രണ്ടാമത്തേത് മനോഹരമായ ഇംഗ്ലീഷിൽ അച്ചടി പോലുള്ള കൈയ്യക്ഷരത്തിൽ! രണ്ടു കത്തും ഹൃദയനൊമ്പരത്തിൽ നിന്ന് ആശ്വാസം കണ്ടെത്താനുള്ള തീവ്രമായ ആഗ്രഹത്തിൽ നിന്ന് രൂപം കൊണ്ടതാണ്.

ഹൈറേഞ്ചിലെ പെൺകുട്ടിയുടെ കത്തിൽ നിന്ന്: പ്രത്യേകം പ്രാർത്ഥിക്കണമെന്ന് യാചിച്ച്, അപേക്ഷിച്ചുകൊണ്ട് ഈ ലെറ്റർ എഴുതുവാൻ തുടങ്ങുന്നു. എന്റെ അപ്പൻ മദ്യപനാണ്. ഞങ്ങളുടെ കുടുംബത്തിൽ സമാധാനം ഇല്ലാതെ അലയുന്നു. ഈ എഴുത്ത് എഴുതുമ്പോഴും ചീത്തയും തെറിയും പറയുകയാണ്. ഞങ്ങളുടെ അമ്മ സങ്കടത്തിലാണ്. പതിനാറു വർഷമായി ഇതു തുടങ്ങിയിട്ട് എന്നു പറയാം. ചിലപ്പോൾ ഞങ്ങളെ തല്ലിയിറക്കും. പിന്നെയില്ലാത്ത വഴക്കൊന്നുമില്ല.... ഈ കത്ത് എഴുതിയപ്പോൾ പകുതി ഭാരം തീർന്നു. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം.

രണ്ടാമത്തെ കത്തിലെ പ്രസക്ത ഭാഗത്തിന്റെ പരിഭാഷ; "ഞങ്ങൾക്കു

സാമ്പത്തിക മുന്നേറ്റവും സുഖ സൗകര്യങ്ങളും വർദ്ധിച്ചപ്പോൾ ദൈവത്തെ ആശ്രയിച്ചേ മതിയാവൂ എന്ന ചിന്തയ്ക്കു പ്രസക്തി ഇല്ലാതായി. ജീവിത ശൈലിയിൽ വന്ന മാറ്റം പ്രാർത്ഥനയെ അവഗണിക്കാനോ വിസ്മരിക്കാനോ, കാരണമാകുന്നു.

ഉറക്കമില്ലാത്ത രാത്രികളാണ് മിക്കപ്പോഴും, പപ്പായുടെ ബഹളം മൂലം വെളുപ്പിന് രണ്ടുമണിവരെ ഉറങ്ങാൻ കഴിയില്ല. പപ്പാ വീട്ടിൽ എത്തുമ്പോൾ മുതൽ അമ്മ ഞങ്ങളുടെ (മക്കളുടെ) മുറിയിൽ അഭയം തേടും. ഞങ്ങളുടെ ഭവനാന്തരീക്ഷം ശ്വാസം മുട്ടിക്കുന്നതാണ്.... ഞാൻ എന്റെ പപ്പായെ വെറുക്കുന്നു; ശരിയായിട്ടും വെറുക്കുന്നു. എന്റെ പിതാവുമൂലം പുരുഷ സമൂഹത്തെ മുഴുവൻ ഞാൻ വെറുക്കുന്നു. ഞങ്ങൾ സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം ശക്തിയും ബലവും നൽകാത്തതിൽ എനിക്കു ദൈവത്തോടു തന്നെ പരിഭവമാണ്... എന്റെ സഹോദരന്മാർക്കും അമ്മയും ഞങ്ങൾക്കും എന്തും സംഭവിക്കാമെന്നുള്ള ഭീതിയിലാണ്.

മദ്യപിശാചിനു നഗരമെന്നോ ഗ്രാമമെന്നോ വ്യത്യാസമില്ല. അതെവിടെയും കടന്നെത്തി കുടുംബാന്തരീക്ഷത്തെ നരകതുല്യമാക്കുമെന്നാണല്ലോ ഈ കത്തുകൾ വെളിപ്പെടുത്തു

St. Gregorios Senior Secondary School

Post Box No. 172,Khara Kuan, New Bhupalpura, Udaipur, 313001, Ph: 0294-2413801

REQUIRED

(Applications are invited from the members of Malankara Orthodox Church for the following posts)

1. Nursery / Pre. Primary Teacher - 01 Post
   (Graduate with Nursery / Montessori Training / B.Ed.)
2. P.R.T. - 12 Posts
   (English - 02, Sanskrit / Hindi - 03, Maths - 04, Science - 01, So.St. - 02)
   (Graduate with B.Ed in the specific subject)
3. T.G.T. - 02 Posts
   (Sanskrit / Hindi - 01, So.St. - 01)
   (Graduate / Post Graduate with B.Ed in the specific subject)
4. P.G.T. - 01 Post
   (English - 01)
   (Graduate / Post Graduate with B.Ed in the specific subject)
5. Drawing Teacher - 01 Post
   (Graduate with Fine Art/Art/Drawing and Painting)
6. Library Assistant - 01 Post
   (12th with Certificate in Library Science)

Note :- * Proficiency in English is essential for all the teaching posts.

*** Preference will be given to candidate with minimum 5 years teaching experience.**

7. Electrician cum Plumber - 01 Post
   (12th with I.T.I. Diploma)

1. Application along with supporting documents should reach via Email on School's email id (sgsschool@yahoo.com) on or before 20th December 2016 positively.
2. Hard copy of Application along with supporting documents should reach via Speed Post or Courier in the School's office on or before 31st December 2016.

MANAGER

ന്നത്. ഇപ്രകാരം നെടുവീർപ്പിടിലും ശ്വാസം മുട്ടലിലും കഴിയുന്ന എത്രയോ കുടുംബങ്ങൾ ഉണ്ട്!

2. ബന്ധങ്ങളിലുള്ള വിള്ളലുകൾ:

ഹൃദയം തുറന്ന് ആശയവിനിമയം നടത്തുവാനുള്ള സുപ്രധാനവേദി കുടുംബമാണ്. ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും മറയില്ലാതെ ഹൃദയം തുറക്കുവാൻ കഴിയണം. ഭാരങ്ങൾ ഇറക്കിവയ്ക്കുവാൻ, സന്തോഷം പങ്കുവയ്ക്കുവാൻ, അഭിനന്ദനവും പ്രോത്സാഹനവും ആത്മാർത്ഥതയോടെ പ്രകടിപ്പിക്കുവാൻ, ആശ്വാസവും സാന്ത്വനവും പകരുവാൻ എല്ലാം ഉതകുന്ന സ്ഥലം ഭവനമല്ലാതെ മറ്റൊന്നില്ല. വ്യക്തിത്വങ്ങൾ കരുപ്പിടിപ്പിക്കുന്നതും വികസിപ്പിക്കുന്നതും വളരുന്നതുമെല്ലാം ഭവനാന്തരീക്ഷത്തിലാണ്.

എന്നാൽ ഇന്ന് അതു സംഭവിക്കുന്നുണ്ടോ? പരസ്പരം ഹൃദയം തുറക്കുവാൻ ഇന്നു കുടുംബാംഗങ്ങൾക്കു സാധിക്കുന്നില്ല. ഭാര്യയും ഭർത്താവും ജോലിക്കാരാണ്. ഭവനത്തിൽ എത്തിയാൽ ജോലിത്തിരക്ക്. ഹൃദയം തുറന്നു സംസാരിക്കാൻ കഴിയാതെ പോകുന്നു. ജോലിത്തിരക്ക് ഒഴിഞ്ഞാൽ റ്റിവി പരിപാടികൾ സമയം അപഹരിക്കും. ഉറക്കം വരുന്നതുവരെ മിനിസ്ക്രീനിന്റെ മുമ്പിൽ ചടഞ്ഞിരിക്കും. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ശരിയായ ആശയ വിനിമയം നടക്കാതെ പോകുമ്പോൾ സംശയത്തിന്റെ മാറാല കയറിപ്പറ്റും. പിന്നെ വീർപ്പുമുട്ടൽ; മൂർദ്ധന്യതയിലെത്തുമ്പോൾ പൊട്ടിത്തെറിക്കും. ഇത് ആവർത്തിക്കപ്പെടുമ്പോൾ അന്യോന്യമുള്ള അകൽച്ച വർദ്ധിക്കുന്നു. മക്കളെ വഴിതെറ്റിക്കുന്നത് മൊബൈൽ ചാറ്റിങ്ങും വാട്സ് ആപ്പും, ഇന്റർനെറ്റുമൊക്കെയാണ്. മാതാപിതാക്കളുമായി ആശയവിനിമയം പരിമിതപ്പെടുന്നു. ക്രമേണ വിള്ളൽ വർദ്ധിക്കുന്നു.

പലയിടത്തും ഭവനം ഒരു ലോഡ്ജിന്റെ നിലവാരത്തിലേക്ക് മാറിപോകുന്നു. ഉണ്ണുവാനും ഉറങ്ങുവാനുമുള്ള ഒരു സ്ഥലം മാത്രം. ജീവിത ശൈലിയിലും, സാമൂഹ്യ രംഗത്തും വന്ന മാറ്റങ്ങൾ കുടുംബബന്ധങ്ങളെ ഏറെ ബാധിച്ചിരിക്കുന്നു. എന്താണ് പ്രതിവിധി?

പരസ്പരമുള്ള ബന്ധം മെച്ചപ്പെടണമെങ്കിൽ ആശയവിനിമയം നടക്കണം. എല്ലാ കാര്യങ്ങളും പങ്കാളിയുമായി പങ്കുവയ്ക്കണം. അവിടെ ഒന്നും മറച്ചു വയ്ക്കുവാനില്ല. ജീവിതത്തിന്റെ ആനന്ദം കേവലം രതിക്രീഡയിൽ അല്ല; എല്ലാ കാര്യങ്ങളും തുറന്നറിയിക്കാനും ഹൃദയം പകരാനും സാധിക്കുന്ന അനുഭവമാണ്. ജീവിതത്തിന്റെ സമസ്ത കാര്യങ്ങളും പങ്കു വയ്ക്കാൻ സാധിക്കുന്ന ഒരാൾ ജീവിത പങ്കാളി മാത്രമാണ്. ആ പങ്കാളിയെ നഷ്ടപ്പെട്ടവർ പലരും വീർപ്പു മുട്ടിക്കഴിയേണ്ടി വരും.

ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത് ഹൃദ്യമായ അനുഭവമാണ്. അതാതു ദിവസത്തെ അനുഭവങ്ങളും വിഷയങ്ങളും പങ്കുവയ്ക്കുവാനുള്ള ഒരവസരം കൂടി ആയിത്തീരുന്നു. വിഭവങ്ങളുടെ സമൃദ്ധിയോ വൈവിധ്യമോ അല്ല, ഒരുമിച്ചുള്ള കൂട്ടായ്മയുടെ മാധുര്യമാണ് ഭക്ഷണമേശയുടെ സംതൃപ്തി. ഒരുമിച്ചുള്ള വിനോദങ്ങൾക്കും, കളികൾക്കും അവസരം ഒരുക്കുന്നതും ആവശ്യമാണ്.

3. ആത്മീയതയുടെ അന്തർധാനം:

ഭൗതികത്വത്തിന്റെ അതിപ്രസരം, ആത്മീയതയെ ഇല്ലാതാക്കുന്നു. പഴയ കാലത്ത് ക്രിസ്തീയ ഭവനങ്ങളിൽ ഒരുമിച്ചുള്ള പ്രാർത്ഥന സന്ധ്യയിലും പ്രഭാതത്തിലും ക്രമമായി നടന്നിരുന്നു. ഇന്ന് ആ പതിവു നഷ്ടമായിപ്പോയി. കുടുംബം ഒരുമിച്ച് ദൈവസന്നിധിയിൽ ചേർന്നുവരികയും, ദൈവത്തെ പാടിപ്പുകഴ്ത്തുന്നതിലും തിരുവചനം വായിച്ചു കേൾക്കുന്നതിലും, ആത്മിക ചൈതന്യം ലഭിച്ചിരുന്നു. പ്രശ്നങ്ങൾ ഉയർന്നാലും, പ്രതിസന്ധികൾ രൂപപ്പെട്ടാലും അവ തൃപ്പാദത്തിൽ സമർപ്പിച്ച് അവിടുത്തെ നിയോഗവും നടത്തിപ്പും അപേക്ഷിച്ചു കഴിയുമ്പോൾ ആശ്വാസത്തിന്റെ കിരണങ്ങൾ വിടരും. The family that prayers together, stays together. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയിൽ പുലരും എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

കുടുംബാരാധനയ്ക്കു തടസ്സമായിട്ടുള്ളത് എന്താണ്? ഒന്നാമത്തെ കാര്യം ആവശ്യബോധം ഇല്ല എന്നുള്ളതാണ്. സാമ്പത്തിക മുന്നേറ്റവും സുഖസൗകര്യങ്ങളും വർദ്ധിച്ചപ്പോൾ ദൈവത്തെ ആശ്രയിച്ചേ മതിയാവൂ എന്ന ചിന്തയ്ക്കു പ്രസക്തി ഇല്ലാതായി. ജീവിത ശൈലിയിൽ വന്ന മാറ്റം പ്രാർത്ഥനയെ അവഗണിക്കാനോ വിസ്മരിക്കാനോ, കാരണമാകുന്നു. ഈ പരാജയങ്ങൾ മനസ്സിലാക്കി, കുടുംബാരാധന നിഷ്ഠയായും ക്രമമായും നടത്താൻ ശ്രമിച്ചേ മതിയാവൂ. കുടുംബാരാധന മാത്രമല്ല, ദേവാലയത്തിൽ വിശ്വാസികൾ ഒരുമിച്ചുള്ള ആരാധനയും സുപ്രധാനമാണ്. ക്രിസ്തീയ കൂട്ടായ്മ അതു ശക്തിപ്പെടുത്തുന്നു. ആത്മീയ ശക്തിയിൽ വളരുവാൻ ഇടയാക്കുന്നു.

ഇവ കൂടാതെ വ്യക്തിപരമായി, തിരുവചന ധ്യാനത്തിനും ജാഗരണത്തിനും സമയം കണ്ടെത്തണം. പ്രഭാതത്തിന്റെ പ്രശാന്തതയിൽ പ്രകാശം പരക്കുന്ന നിമിഷങ്ങളിൽ കർത്തൃപാദത്തിൽ അണയുന്നത് ഒരു സ്വഭാവമാക്കി മാറ്റണം. "യഹോവേ ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു; നിന്റെ മുഖം എനിക്കു മറയ്ക്കരുതേ എന്ന" ദാവീദിന്റെ പ്രാർത്ഥന സ്വാനുഭവത്തിൽ വരുത്തണം. ദൈവസന്നിധിയിൽ "ഹൃദയം തുറക്കുന്ന" അനുഭവമാണ് കൈ വരുത്തേണ്ടത്.

നിമിഷ പ്രാർത്ഥനകൾ ഒരുവിടുന്നതും സ്തുതിയുടെ വാക്കുകൾ ഹൃദയത്തിൽ ഉയർത്തുന്നതും ആത്മീയതയെ പുഷ്ടിപ്പെടുത്തുന്ന ഘടകമാണ്. കർത്താവേ നിനക്കു സ്തുതി; കർത്താവേ എന്നോടു കരുണയുണ്ടാകണമേ-എന്നിങ്ങനെയുള്ള വാക്യങ്ങൾ ഹൃദയത്തിൽ ഉരുവിടാം.

ഉപസംഹാരം:

കുടുംബ ജീവിതം ഇന്ന് സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു. കുടുംബക്കോടതികളിലേക്കു പോകുന്നവരുടെ സംഖ്യ വർദ്ധിക്കുന്നു. വിവാഹ മോചനങ്ങൾ പെരുകുന്ന പ്രവണതയാണ്. കുടുംബത്തകർച്ചയുടെ പ്രധാനപ്പെട്ട ചില കാരണങ്ങൾ നാം മനസ്സിലാക്കി. അവയ്ക്കുള്ള പ്രതിവിധികളും ഉന്നയിക്കപ്പെട്ടു. അവ പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമവും, ശ്രദ്ധയുമാണ് ഉണ്ടാകേണ്ടത്. ■

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

പത്തനാപുരം:- തോമാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 44-ാം ഓർമ്മ ഡിസം 3-ന് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ.

ദേവലോകം:- ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 41-ാം ഓർമ്മ ഡിസം 8-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.

വളയംചിറങ്ങര:- മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ 4-ാം ഡിസം 9-ന് വളയംചിറങ്ങര സെ. പീറ്റേഴ്സ് & സെ. പോൾസ് പള്ളിയിൽ.

പത്തനംതിട്ട:- ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ ഡിസം. 11-ന് പത്തനംതിട്ട ബേസിൽ അരമനയിൽ.

CMS COLLEGE
പഠിത്ത വീടിന്റെ തുടർച്ചയോ..?

മിഷനറിമാരുമായുള്ള ബന്ധത്തിൽ നിന്ന് മലങ്കരസഭ വേർപിരിയുന്നു എന്നു പ്രഖ്യാപിച്ച 1836 ജനുവരി 16 ലെ മാവേലിക്കര സുന്നഹദോസിനു ശേഷമാണ് സ്വന്തമായി ഒരു കോളേജ് ഉണ്ടാക്കണം എന്ന തീരുമാനം ചർച്ച് മിഷനറി സൊസൈറ്റി കൈക്കൊള്ളുന്നത്.

■ **ഡോ. സിബി തരകൻ**
(ഡയറക്ടർ, വിപാസ്സന)



മലങ്കര മെത്രാപ്പോലീത്തായും പഴയ സെമിനാരി സ്ഥാപകനുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ തിരുമേനി സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ കേവലം സഭാ ചരിത്ര പുസ്തകങ്ങളിൽ ഒളിഞ്ഞുകിടക്കേണ്ടതല്ല. കേരളത്തിൽ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുകയും ജാതിമത ഭേദമെന്യേ ജനങ്ങളെ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുകയും സഭയിലെ വൈദിക വിദ്യാഭ്യാസം ക്രമീകൃതമാക്കുകയും ചെയ്ത പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി കേരളചരിത്രത്തിന്റെ ഭാഗമായി വിലയിരുത്തപ്പെടേണ്ട വ്യക്തിത്വമാണ്.

ജീവിച്ചിരുന്ന കാലഘട്ടത്തേയും ചരിത്ര-രാഷ്ട്രീയ നിയാമക ശക്തികളെയും പഠനവിധേയമാക്കാതെയുള്ള ചരിത്ര രചനകൾ അബദ്ധങ്ങളായി കലാശിക്കുകയെ ഉള്ളു. അദ്ദേഹത്തെക്കുറിച്ച് ഉണ്ടായിട്ടുള്ള ചരിത്രരചനകൾ ഒട്ടുമുക്കാലും തന്നെ പഴയവയുടെ ആവർത്തനങ്ങളാണ്. ചരിത്ര രേഖകൾ കണ്ടെത്താനോ കണ്ടെത്തിയവയെ വസ്തുനിഷ്ഠമായി വിലയിരുത്താനോ ശ്രമിക്കാതെ വ്യക്തി പൂജകളായി ചരിത്ര രചനയെ മാറ്റിയവ പലതും. തിരുമേനിയുടെ സംഭാവനകളെ തമസ്ക്കരിക്കാനും അവഗണിക്കാനുമുള്ള ശ്രമങ്ങളും ചില ചരിത്ര രചനകളുടെയും പിറകിലുണ്ട്.

പഠിത്തവീട് എന്ന് സുറിയാനി ക്രിസ്ത്യാനികൾ വിളിക്കുകയും 'സിറിയൻ സെമിനാരി' എന്നും 'കോട്ടയം കോളേജ്' എന്നും ബ്രിട്ടീഷ് ഭരണകാലത്ത് അറിയപ്പെടുകയും ചെയ്ത കോട്ടയം പഴയ സെമിനാരിയിലാണ് ആധുനിക വിദ്യാഭ്യാസം കേരളത്തിൽ ആദ്യമായി ആരംഭിച്ചത് എന്നത് ചരിത്ര വസ്തുതയാണ്. അതിന്റെ പ്രാരംഭകനും പ്രഥമ പ്രിൻസിപ്പലും പുലിക്കോട്ടിൽ ജോസഫ് റമ്പാനായിരുന്നു. ഇത് ചരിത്ര സത്യമായിരിക്കെ പഴയ സെമിനാരിയുടെ സ്ഥാപകൻ തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺട്രോ ആയിരു

ന്നെന്നും പ്രഥമ പ്രിൻസിപ്പൽ റവ. ബഞ്ചമിൻ ബെയിലിയായിരുന്നെന്നും വാദിച്ചുകൊണ്ട് ചരിത്രത്തെ വളച്ചൊടിക്കാനുള്ള ശ്രമങ്ങൾ പ്രൊട്ടസ്റ്റന്റ് വിശ്വാസികളായ എഴുത്തുകാർ നടത്തിയിട്ടുണ്ട്. എല്ലാ നല്ലകാര്യങ്ങളും സായിപ്പിന്റെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി 70 വർഷമായിട്ടും നമ്മളിൽ നിന്ന് വിട്ടുപോയിട്ടില്ല എന്നത് ദുഃഖകരമാണ്.

കേരളത്തിലെ പ്രശസ്തകലാലയമായ സി.എം.എസ്. കോളേജ് 200-ാം വാർഷികം ആഘോഷിച്ചത് അടുത്തകാലത്താണ്. 1815 മാർച്ചു മാസത്തിൽ സി.എം.എസ്. കോളേജ് പ്രവർത്തനമാരംഭിച്ചെന്നും അതിന്റെ കാരണഭൂതൻ കേണൽ മൺട്രോ ആയിരുന്നെന്നും വിപുലമായ പ്രചാരണങ്ങൾ അവർ നടത്തി. പിന്നീട് 1817-ൽ കോളേജ് കേംബ്രിഡ്ജ് മോഡൽ ആക്കിമാറ്റിയെന്നും പ്രചാരണം വന്നു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 2015 മാർച്ച് മുതൽ സി.എം.എസ്. കോളേജ് ദ്വിശതാബ്ദി ആഘോഷങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പ്രചരണ മാധ്യമങ്ങൾ കൊണ്ട് മറയ്ക്കപ്പെടേണ്ടതാണോ ചരിത്ര സത്യങ്ങൾ?

കേണൽ മാൺട്രോ തിരുവിതാംകൂറിൽ റസിഡണ്ടായി എത്തുന്നത് 1810 ൽ ആണ് (ഒക്ടോ. 10-ന്). അതിന് ഒരു വർഷം മുമ്പ് 1809 ചിങ്ങം 1-ന് കണ്ടനാട് പള്ളിയിൽ കൂടിയ മലങ്കര സഭയുടെ പള്ളിപ്രതിപുരുഷയോഗം തെക്കും വടക്കും രണ്ട് *പഠിത്വ വീടുകൾ* സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. കണ്ടനാടു പടിയോലയുടെ പ്രസക്തഭാഗം ഇങ്ങനെയാണ്: "8-ാമതു തെക്കും വടക്കും സുറിയാനിക്കാരുടെ പൊതുവിലുള്ള ഉപദേശത്തിനുവേണ്ടി ഓരോ പഠിത്വവീടു തീർപ്പിക്കയും അതിൽ ഓരോ, മൽപ്പാന്മാർ ഇരുന്ന പൈതങ്ങളെയും ശെമ്മാശ്ശന്മാരെയും വേദന്യായത്തിലും മറ്റും പഠിപ്പിക്കയും പള്ളികളിൽ നിന്ന് വരയിട്ട മുതൽ എടത്ത ഇവരുടെ ചലവു നടത്തിക്കയും ശെമ്മാശന്മാർക്കും പട്ടക്കാർക്കും പള്ളിക്കടുത്ത ക്രമങ്ങൾ വശമായാൽ യോഗ്യതപോലെ മൽപ്പാന്മാരുടെ എഴുത്തോടുകൂടി യജമാനസ്ഥാനത്തുനിന്നും കൂദാശ പ്രവൃത്തികൾ തികച്ചു കൊടുത്ത അനുവാദം വാങ്ങിച്ചു നടക്കാം."

ഈ തീരുമാനത്തിന്റെ ഭാഗമായ തെക്കുള്ള പഠിത്വവീടാണ് പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ നേതൃത്വത്തിൽ കോട്ടയത്ത് 1815 മാർച്ചു മാസത്തിൽ പ്രവർത്തനമാരംഭിച്ചത്. തിരുവിതാം കൂറിന്റെ രാഷ്ട്രീയ വ്യവസ്ഥകളിലേക്ക് ഒരു കവാടം പ്രതീക്ഷിച്ചിരുന്ന കേണൽ മൺട്രോ സെമിനാരി സ്ഥാപനത്തിൽ സഹായിക്കുക വഴി സ്വന്തം പദ്ധതി നടപ്പാക്കുകയാണു ചെയ്തത്. അതുകൊണ്ടു മാത്രം അദ്ദേഹത്തിന്റെ സേവനങ്ങളെ വിലകുറച്ചു കാണേണ്ടതില്ല. അന്ത്യോഖ്യൻ മെത്രാന്മാരുടെ തുടർച്ചയായ ഇടപെടലുകളിൽ നിന്ന് തൽക്കാലത്തേക്കെങ്കിലും രക്ഷപെട്ടു നിൽക്കാൻ മലങ്കര സഭയ്ക്ക് കഴിഞ്ഞത് മൺട്രോയിലൂടെ ബ്രിട്ടീഷ് സാമ്രാജ്യവുമായി ഉണ്ടാക്കിയെടുക്കാൻ സാധിച്ച രാഷ്ട്രീയ ബന്ധമാണ്. എന്നാൽ, പ്രസവത്തിനു സഹായിച്ചുവെന്നു കരുതി ഏതെങ്കിലും ഡോക്ടറോ നഴ്സോ കുട്ടിയുടെ അച്ഛനോ അമ്മയോ ആയി ചിത്രീകരിക്കപ്പെടാറില്ലല്ലോ.

ഇനി സി.എം.എസ്. കോളേജിന്റെ കാര്യം: സി.എം.എസ്. കോളേജിന് 200 വർഷത്തെ പാരമ്പര്യം അവകാശപ്പെടാനാവുമോ? ഇല്ല എന്നാണുത്തരം. കോട്ടയം പഴയ സെമിനാരി 200 വർഷം പൂർത്തിയാക്കി എന്നത് ചരിത്ര രേഖകളുടെ പിൻബലത്തോടെ സ്ഥാപിക്കപ്പെട്ട ഒരു വസ്തുതയാണ്. എന്നാൽ സി.എം.എസ്. കോളേജിന് അത്തരം അവകാശവാദം ഉന്നയിക്കാൻ എങ്ങനെയാണു സാധിക്കുക?

1815 മാർച്ചു മാസത്തിൽ പ്രവർത്തനം ആരംഭിച്ച 'പഠിത്വവീട്' (സിറിയൻ സെമിനാരി) ഇന്നും പഴയ സെമിനാരിയായി തുടരുന്നുണ്ട്. ചർച്ച് മിഷനറി കോളേജായി അത് അറിയപ്പെട്ടിരുന്നുമില്ല. പുലിക്കോട്ടിൽ ജോസഫ് റമ്പാൻ പ്രാരംഭം കുറിച്ച *പഠിത്ത്വവീടിന്റെ* തുടർച്ചയാണ് സി.എം.എസ്. കോളേജ് എന്ന സങ്കല്പത്തിലാണ് 200-ാം വാർഷികം അവർ സംഘടിപ്പിച്ചത്.

മിഷനറിമാരുമായുള്ള ബന്ധത്തിൽ നിന്ന് മലങ്കരസഭ വേർപിരിയുന്നു എന്നു പ്രഖ്യാപിച്ച 1836 (ജനുവരി 16) ലെ മാവേലിക്കര സുന്നഹദോസിനു ശേഷമാണ് സ്വന്തമായി ഒരു കോളേജ് ഉണ്ടാക്കണം എന്ന തീരുമാനം ചർച്ച് മിഷനറി സൊസൈറ്റി കൈക്കൊള്ളുന്നത്. ഇരുവിഭാഗങ്ങളും തമ്മിലുള്ള തർക്കത്തെ തുടർന്ന് തിരുവിതാംകൂർ സർക്കാർ നിയമിച്ച ആർബിട്രേഷൻ 1840 ഏപ്രിൽ 4-ന് പഠിത്തവീടും അത് സ്ഥിതി ചെയ്യുന്ന സ്ഥലവും ചാപ്പലും ഇതരസ്വത്തുക്കളും ഉൾപ്പെടെ മലങ്കര സഭയ്ക്ക് അവകാശപ്പെട്ട സ്വത്തുക്കൾ വിട്ടുനൽകിയതോടെ വിഭജനം പൂർത്തിയായി.



പഴയ സെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമന്റെ ചരമ ദ്വിശതാബ്ദി ആഘോഷങ്ങളുടെ സമാപനം നവം. 20-ന് കുന്നംകുളത്ത് 200-ാം ഓർമ്മപ്പെരുന്നാൾ നവം. 24-ന് പഴയ സെമിനാരിയിൽ നടത്തും.

സഭയും മിഷനറിമാരുമായുള്ള ബന്ധത്തിന് ഉലച്ചിലുണ്ടായ 1834-35 കാലഘട്ടത്തിൽത്തന്നെ പുതിയ കോളേജിനെക്കുറിച്ച് സി.എം.എസ്. മിഷനറിമാർ ചിന്തിച്ചു തുടങ്ങിയിരുന്നു. "*സാധിക്കുമെങ്കിൽ കോളേജ് ഇവിടെ നിന്നും മാറ്റേണ്ടതാണ്. ഒരു പുതിയ കോളേജ് പണിയുന്നതിന് 20,000 രൂപ ചെലവ് വരുമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഒരു ഭാഗം കോളേജിന്റെ വസ്തുക്കളുടെ ഉറപ്പിന്മേൽ സർക്കാരിൽ നിന്നും കടം എടുക്കാവുന്നതാണ്*" എന്ന് 1835 മാർച്ചിൽ മിഷനറിമാർ നടത്തിയ ഒരു മീറ്റിംഗിന്റെ രേഖയിൽ കാണുന്നുണ്ട് (The Angli-

മലങ്കര ഓർത്തഡോക്സ് സഭയുടെ വിവാഹ സഹായ വിതരണ സമ്മേളനം പരുമലയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. *(2016 നവം. 1)*

മലങ്കരസഭ മാസികയുടെ ആഭിമുഖ്യത്തിൽ പരുമലയിൽ നടത്തിയ മാധ്യമ സെമിനാർ പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഡോ. മധു ഇറവങ്കര ഉദ്ഘാടനം ചെയ്യുന്നു. *(2016 ഒക്ടോ. 29)*

can Church in Travancore and Cochin എന്ന പുസ്തകത്തിൽ W.S. Hunt ഉദ്ധരിച്ചത്).

മലങ്കരസഭയും സിം.എം.എസ്. മിഷനറിമാരുമായുള്ള തർക്കങ്ങൾ ഔദ്യോഗികമായി തീരുമാനമാകുന്നതിനു മുമ്പു തന്നെ റവ. ഹെൻട്രി ബേക്കറിന്റെ നേതൃത്വത്തിൽ 1839 ജൂലൈയിൽ സി.എം.എസ്. കോളേജ് ഇപ്പോൾ സ്ഥിതിചെയ്യുന്ന അണ്ണാൻകുന്നിൽ പുതിയ കെട്ടിടം ഉണ്ടാക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. മാവേലിക്കര സുന്നഹദസോസിനു ശേഷം വൈദിക വിദ്യാർത്ഥികളെ സഭ പിൻവലിച്ചിരുന്നതിനാൽ മിഷനറിമാർക്ക് പഴയ സെമിനാരിയിൽ ക്ലാസ്സുകൾ തുടരുന്നതിന് കഴിയുമായിരുന്നില്ല. മലങ്കര സഭയുമായി ചർച്ച് മിഷനറി സൊസൈറ്റിക്കുണ്ടായിരുന്ന നല്ല ബന്ധത്തെ ഏറ്റവും വഷളാക്കിയ റവ. ജോസഫ് പിറ്റ് 1838 ഒക്ടോബർ 2-നു തന്നെ അണ്ണാൻകുന്നിൽ ഒരു താൽക്കാലിക കെട്ടിടമുണ്ടാക്കി കുറെ വിദ്യാർത്ഥികളെ അവിടേയ്ക്ക് മാറ്റിയിരുന്നു. ഇതാണ് ഇന്നു നമ്മൾ അറിയുന്ന ചർച്ച് മിഷണറി കോളേജി (സി.എം.എസ്. കോളേജ്) ന്റെ തുടക്കം.

അതുകൊണ്ട് ഏറ്റവും യുക്തിപരമായിട്ടുള്ളത്, സി.എം.എസ്. കോളേജ് 1838 ഒക്ടോബർ 2-ന് ആരംഭിച്ചെന്നൊ 1839 ജൂലൈയിൽ ആരംഭിച്ചെന്നോ വാദിക്കുന്നതാണ്. അതിന്റെ അർത്ഥം സി.എം.എസ്. കോളേജ് 200 വർഷം പൂർത്തിയാക്കണമെങ്കിൽ ഇനിയും 22 വർഷങ്ങൾക്കൂടി കാത്തിരിക്കേണ്ടിയിരിക്കുന്നു എന്നാണ്.

കണ്ടനാട് കൂടിയ മലങ്കര പള്ളിയോഗത്തിന്റെ തീരുമാനങ്ങളിലൊന്നായ *പഠിത്തവീട്* കോട്ടയത്ത് സ്ഥാപിച്ചുകൊണ്ട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ കേരള നവോത്ഥാനത്തിന് വിത്തുപാകുകയായിരുന്നു. റസിഡണ്ടായിരുന്ന കേണൽ മൺട്രോയുടെ സഹായം അദ്ദേഹത്തിനു ലഭിച്ചിരുന്നു. 1839-ലെ സി.എം.എസ്. കോളേജ് സ്ഥാപനത്തിലൂടെ ചർച്ച് മിഷനറി സൊസൈറ്റി, പുലിക്കോട്ടിൽ തിരുമേനി പാകിയ നവോത്ഥാനത്തിന്റെ വിത്ത് വളർന്ന് ഫലപുയിഷ്ടമാകുന്നതിന് പശ്ചാത്തലം ഒരുക്കി.

(പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ ചരമ ദ്വിശതാബ്ദി സിംപോസിയത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ നിന്ന്)

■

മലങ്കരസഭ മാസിക



കളമശേരി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ മലങ്കരസഭാ മാസികയുടെ സപ്തതിയോടനുബന്ധിച്ച് 100 ലധികം വരിക്കാരെ ചേർത്ത പ്രമോട്ടർ പി.എ. എബ്രഹാം.



പ്രാർത്ഥിക്കണം ഔചിത്യത്തോടെ

■ പ്രൊഫ. ലീലാമ്മ ജോൺ, കോഴഞ്ചേരി

മൃതശരീരമെടുക്കുമ്പോൾ പുരോഹിതന്മാർ മോർച്ചറിയിൽ പോയി പ്രാർത്ഥിക്കണമോ? മരിച്ച ആളിന്റെ ബന്ധുക്കൾ വേണമെന്നും ചിലപുരോഹിതന്മാരും ചില കാഴ്ചക്കാരും വേണ്ടാ എന്നും ശഠിക്കുന്നു. അതിനു കാരണം പറഞ്ഞു കേൾക്കുന്നത് കാനോനിക പ്രാർത്ഥനകളിലോ നമസ്ക്കാര ക്രമത്തിലോ എല്ലാ സന്ദർഭങ്ങളിലേക്കുമുള്ള പ്രാർത്ഥനകൾ ഉൾച്ചേർത്തിരിക്കുന്ന പാമ്പാക്കുട നമസ്ക്കാരത്തിലോ മോർച്ചറി പ്രാർത്ഥന ഇല്ല എന്നതാണ്.

വേദനിക്കുന്നവരുടെ ദുഃഖത്തിൽ പങ്കു ചേരുന്നത് ഒരു സൽപ്രവൃത്തി യായിട്ടാണു തോന്നുന്നത്. മരിച്ചവരെ കബറടക്കുക, അറ്റകുറ്റങ്ങളെ ക്ഷമിക്കുക, സങ്കടങ്ങളെ കേൾക്കുക, സഹനശക്തി ഉണ്ടായിരിക്കുക, ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നിവ മനോഗുണ പ്രവൃത്തിയായി പാമ്പാക്കുട നമസ്ക്കാര പുസ്തകത്തിൽ എടുത്തു പറഞ്ഞിരിക്കുന്നു. എല്ലാ നമസ്ക്കാരപുസ്തകങ്ങൾക്കും ആധാരം വി.വേദപുസ്തകവും യേശുക്രിസ്തു മനുഷ്യനായി കാട്ടിത്തന്ന ജീവിതവുമാണ്. കർത്താവിന്റെ ഇടപെടലുകൾ കണ്ടില്ല എന്നു നടിക്കാൻ നമുക്കാവില്ല. ഇവിടെ ഇതിന്റെ ദൈവശാസ്ത്രമാനമല്ല പറയുന്നത്, സാധാരണ മനുഷ്യന്റെ മനഃശാസ്ത്രമാണ്.

നമ്മുടെ പ്രാർത്ഥനകൾ രൂപപ്പെടുത്തിയ കാലത്ത് മൃതശരീരം മോർച്ചറിയിൽ സൂക്ഷിക്കുന്ന സമ്പ്രദായം ഇല്ലായിരുന്നു. മോർച്ചറിയും ഇല്ലായിരുന്നു. മാത്രമല്ല പ്രാർത്ഥനകൾ രൂപപ്പെടുത്തിയ കാലവും സ്ഥലവും സംസ്ക്കാരവും നമ്മുടേതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. എങ്കിലും അവ നമ്മുടെ ആവശ്യങ്ങളോടും വികാരങ്ങളോടും ഏറ്റവും അടുത്തു നിൽക്കുന്നവയാണ്. മനുഷ്യഹൃദയങ്ങളുടെ ആഴങ്ങൾ അറിഞ്ഞ് ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി പരിശുദ്ധാത്മ പ്രേരിതമായി പുണ്യ പിതാക്കന്മാർ ചിട്ടപ്പെടുത്തിയ അവ സ്വർഗ്ഗീയ ആശ്വാസം പകർന്നു തരുന്നവയാണ്. നിസ്സഹായനായ മനുഷ്യന്റെ മനോവികാരങ്ങളെയാണ് അവർ ഉൾക്കണ്ണു കൊണ്ടു കണ്ടത്.

ഇന്നും വിലാപ ഭവനങ്ങളിൽ ദൈവ സാന്നിദ്ധ്യം എത്തുന്നുണ്ട്-നമ്മിലൂടെ, നമ്മുടെ സ്വാന്തന പ്രാർത്ഥനകളിലൂടെ. പാതയോരത്ത് അർദ്ധപ്രാണനായി കിടന്ന അപരിചിതനെ ആചാരാനുഷ്ഠാനങ്ങളുടെ പേരു പറഞ്ഞ് മറികടക്കുന്നു പോയ പുരോഹിതനോ ലേവ്യനോ ആകുന്നതിൽ അർത്ഥമില്ല. ജോലിത്തിരക്കിനിടയിലും, കഴുതപ്പുറത്തുനിന്നിറങ്ങി, മുറിവുകൾ കെട്ടിക്കൊടുത്ത് ആശ്വസിപ്പിപ്പിച്ച ശമര്യനാവുക. ജീവിതം യരീഹോവിന്റെ പാതയാണ്. അവിടെ മരണ ദുഃഖത്താൽ മുറിവേറ്റു കിടക്കുന്നവരുണ്ടെങ്കിൽ സ്നേഹത്തിന്റെ തൈലവും വചനത്തിന്റെ നാണയവും നൽകി, ആശ്വാസത്തിന്റെ കുളിർമ പകർന്നു കൊടുക്കുക. വരണ്ട കയ്യുള്ള മനുഷ്യനെ സൗഖ്യപ്പെടുത്തിയപ്പോൾ പഴിപറഞ്ഞ പരീശന്മാർക്ക് കർത്താവു നൽകിയ മറുപടി ഓർമിക്കുക: *ശബ്ബത്തു മനുഷ്യനു വേണ്ടിയാണ്, മനുഷ്യൻ ശബ്ബത്തിനുവേണ്ടിയല്ല.*

ഒരുപക്ഷെ ചില തിക്താനുഭവങ്ങൾ കേട്ടിട്ടുള്ളതിനാലാവാം ഇത്തരം പ്രാർത്ഥനകൾ അർത്ഥശൂന്യമാണെന്നു തോന്നുന്നത്. ശവസംസ്ക്കാരത്തിൽ അമ്മച്ചി മാറിപ്പോയ പത്രവാർത്ത മറക്കാറായിട്ടില്ല. അടുത്തടുത്ത സെല്ലുകളിൽ വച്ചിരുന്ന രണ്ടമ്മച്ചിമാർ. അമേരിക്കയിലായിരുന്ന മക്കൾ വന്ന് അത്യാഡംബരപൂർവ്വം തന്നെ അമ്മച്ചിയെ സംസ്ക്കരിച്ചു. ഉചിതമായ യാത്ര അയപ്പു നൽകിയതിൽ നിറഞ്ഞ സന്തോഷത്തോടെ ഇരിക്കുമ്പോൾ ആരൊക്കെയോ പടികടന്നു വരുന്നു. മോർച്ചറിയിലെ മറ്റെ അമ്മച്ചിയുടെ

> കൂടുതൽ പേരും പ്രാർത്ഥന ആഗ്രഹിക്കുന്നു. ഇടവകക്കാരുടേയും അച്ചന്മാരുടേയും സാന്നിധ്യം ആശ്വാസമായും കരുതുന്നു. സഭയായി അതുചെയ്യാതിരുന്നാൽ പുത്തൻ ഉണർവ്വുകാർ കയറിക്കൂടും.

മക്കൾ. അമ്മ മാറിപ്പോയത്രേ. ഒടുവിൽ കല്ലറ തുറന്ന് യഥാർത്ഥ മക്കൾ അവരുടെ അമ്മച്ചിയെ കൊണ്ടുപോയി. തുറന്ന കല്ലറയിൽ പിന്നീട് അമ്മയെ അടക്കിയത് ആരുമറിയാതെ. മറ്റൊന്ന് -പിതാവു മരിച്ചതറിഞ്ഞ് നാട്ടിലെത്തിയ മക്കളോട് ആരോ പറഞ്ഞു-മൃതദേഹം തലേന്നു വൈകിട്ടേ വീട്ടിൽ കൊണ്ടുവന്നുവയ്ക്കണം. അങ്ങനെ അപ്പച്ചൻ മൊബൈൽ മോർച്ചറിയിൽ വീട്ടിലെത്തി. ഇടവകക്കാർക്കു പ്രിയംകരനായിരുന്നതുകൊണ്ട് അവർ ബാച്ചു തിരിഞ്ഞ് രാത്രി മുഴുവുവൻ പാടുവാൻ തീരുമാനിച്ചു. ഒൻപതു മണിയുടെ ബാച്ചു പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ മക്കൾ പറഞ്ഞു ഇനി ഞങ്ങൾ ഗേറ്റടയ്ക്കാൻ പോവുകയാണ്. എല്ലാവരും രാവിലെ പത്തുമണിയോടെ വന്നാൽ മതി. നാളെ ഒരുപാടു ബുദ്ധിമുട്ടാനുള്ളതല്ലേ (strain) ഞങ്ങൾക്ക്. ഇന്നു രാത്രി അല്പം റസ്റ്റ് വേണം. അപ്പച്ചൻ മോർച്ചറിയിൽ കിടന്നുകൊള്ളും. ഇങ്ങനെയുമുണ്ട് ചിലർ.

എന്നാൽ കൂടുതൽ പേരും പ്രാർത്ഥന ആഗ്രഹിക്കുന്നു. ഇടവകക്കാരുടേയും അച്ചന്മാരുടേയും സാന്നിധ്യം ആശ്വാസമായും കരുതുന്നു. നാം സഭയായി അതുചെയ്യാതിരുന്നാൽ പുത്തൻ ഉണർവ്വുകാർ കയറിക്കൂടും. ആവശ്യത്തിൽ ഉപകരിക്കുന്നവനാണു ബന്ധു എന്നു വിചാരിച്ചാൽ തെറ്റു പറയാനാവില്ല. ■

No. 259/2016

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ..പള്ളി വികാരിയും, സഹപട്ടക്കാരും ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

നമ്മുടെ 2016 ഒക്ടോബർ മാസം 1-ാം തീയതിയിലെ 240/2016-ാം നമ്പർ കൽപനയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ പുതുതായി രൂപീകരിക്കപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ (മലങ്കര അസോസിയേഷന്റെ) ഒരു യോഗം, താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് ആവശ്യമായ തീരുമാനം ചെയ്യുന്നതിന് കോട്ടയം എം. ഡി. സെമിനാരിയിലെ മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ വച്ച് രണ്ടായിരത്തി പതിനേഴാമാണ്ട് മാർച്ച് മാസം ഒന്നാം തീയതി ബുധനാഴ്ച പകൽ 1 മണി മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം നിശ്ചയിച്ചിരിക്കുന്നു. അപ്രകാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം നടത്തുന്ന വിവരം നാം ഇതിനാൽ പ്രഖ്യാപിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യുന്നു.

ആലോചനാ വിഷയങ്ങൾ

1. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനയുടെ 79 -ാം വകുപ്പ് പ്രകാരം അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട 47 പട്ടക്കാരും 94 അല്മായരും ഉൾപ്പെടെ 141 പേരെ (2012 മാർച്ച് മാസം 7-ാം തീയതി ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം നിശ്ചയിച്ചതനുസരിച്ച്) തെരഞ്ഞെടുക്കുക.
2. ഇപ്പോൾ നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളുടെ കാലാവധി അവസാനിക്കുന്നതോടുകൂടി ഇപ്പോഴത്തെ വൈദിക ട്രസ്റ്റിയുടെ കാലാവധി അവസാനിക്കുന്നതിനാൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മലങ്കര അസോസിയേഷൻ അംഗങ്ങളുടെ കാലാവധിക്ക് സമാനമായി വൈദികട്രസ്റ്റി സ്ഥാനത്തേയ്ക്ക് ഒരാളെ തെരഞ്ഞെടുക്കുക.
3. ഇപ്പോൾ നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളുടെ കാലാവധി അവസാനിക്കുന്നതോടുകൂടി ഇപ്പോഴത്തെ അത്മായ ട്രസ്റ്റിയുടെ കാലാവധി അവസാനിക്കുന്നതിനാൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മലങ്കര അസോസിയേഷൻ അംഗങ്ങളുടെ കാലാവധിക്ക് സമാനമായി അത്മായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് ഒരാളെ തെരഞ്ഞെടുക്കുക.
4. മലങ്കര അസോസിയേഷൻ പ്രസിഡണ്ടിന് ആവശ്യമെന്ന് ബോദ്ധ്യമുള്ളതും, മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതരവിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.

നമ്മുടെ മുൻ കൽപനപ്രകാരം നമുക്ക് ലഭിച്ചിട്ടുള്ള 2016 സെപ്റ്റംബർ മാസം 30-ാം തീയതിയിലെ സ്ഥിതി വിവരങ്ങൾ അനുസരിച്ച് ആ പള്ളി ഇടവകയിൽ അർഹരായ .... ഇടവക യോഗാംഗങ്ങൾ ഉള്ളതിനാൽ ആ പള്ളി ഇടവകയിൽ നിന്നും, 2011 ഒക്ടോബർ മാസം 19-ാം തീയതി കൂടിയ മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയോഗം നിയമാനുസൃതം ഭേദഗതി ചെയ്ത് പ.സഭയിൽ നിലവിൽ വന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 71-ാം വകുപ്പ് അനുസരിച്ച് മലങ്കര അസോസിയേഷൻ അംഗങ്ങളായി ഒരു പട്ടക്കാരനെയും (ഏതെങ്കിലും പള്ളി ഇടവകയിൽ ഒരു പട്ടക്കാരൻ മാത്രമേ ഉള്ളൂ എങ്കിൽ തെരഞ്ഞെടുപ്പ് കൂടാതെ തന്നെ അദ്ദേഹം ഇടവക പ്രതിനിധി ആയിരിക്കുന്നതാണ്) .... അല്മായ പ്രതിനിധിയെയും/പ്രതിനിധികളെയും, (മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനയുടെ ടി 71-ാം വകുപ്പ് അനുസരിച്ച് പുരുഷൻമാർ മാത്രം), ടി സഭാ ഭരണഘടനയുടെ 12-ാം വകുപ്പനുസരിച്ച് ഇടവകയോഗം കൂടി അസ്സോസിയേഷൻ അംഗങ്ങളായി തെരഞ്ഞെടുത്ത് ഇതോടൊന്നിച്ച് അയയ്ക്കുന്ന **തെരഞ്ഞെടുപ്പ് അറിയിപ്പ് ഫാറം** പൂരിപ്പിച്ച്, വികാരി ഒപ്പിട്ട് **അസ്സോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി. ഒ., മുട്ടമ്പലം (വഴി), കോട്ടയം-686004 എന്ന വിലാസത്തിൽ 2016 ഡിസംബർ 15**-നോ അതിന് മുമ്പോ കിട്ടത്തക്കവണ്ണം രജിസ്റ്റേർഡ് പോസ്റ്റിൽ അയയ്ക്കുകയോ നേരിട്ട് എൽപിക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ പ്രസ്തുത ഫോറം catholicateoffice@mosc.in - എന്ന വിലാസത്തിൽ ഇ-മെയിൽ ആയും അയയ്ക്കാവുന്നതാണ്. ഇ-മെയിൽ അയക്കുന്നവരും തെരഞ്ഞെടുപ്പ് അറിയിപ്പുഫാറത്തിന്റെ ഒറിജനൽ കോപ്പി മേൽപ്രസ്താവിച്ച പ്രകാരം രജിസ്റ്റേർഡ് പോസ്റ്റിൽ അയക്കുകയോ നേരിട്ട് ഏൽപിക്കുകയോ ചെയ്യേണ്ടതാണ്.

ഇപ്പോൾ നിലവിലുള്ള ടി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനയുടെ 7-ാം വകുപ്പ് അനുശാസിക്കുന്നതനുസരിച്ച് "ഭരണഘടനയുടെ 10, 11 വകുപ്പുകളിൽ പറയുന്ന പ്രകാരമുള്ള നിരോധനമുള്ളവരൊഴികെ 21 വയസ് പ്രായം തികഞ്ഞവരും ആണ്ടിലൊരുതവണയെങ്കിലും കുമ്പസാരിച്ച് വി. കുർബ്ബാന കൈക്കൊള്ളുന്നവരും ഇടവക രജിസ്റ്ററിൽ പേരുള്ളവരുമായ എല്ലാ സ്ത്രീ പുരുഷൻമാർക്കും" ടി ഇടവക യോഗത്തിൽ സംബന്ധിക്കാവുന്നതും വോട്ടവകാശം ഉണ്ടായിരിക്കുന്നതുമായിരിക്കും.

തെരഞ്ഞെടുപ്പോടുകൂടിത്തന്നെ, അസോസിയേഷൻ യോഗത്തിലേക്കുള്ളതും, ഇതോടൊന്നിച്ച് അയയ്ക്കുന്നതുമായ **അധികാര പത്രം** പൂരിപ്പിച്ച് വികാരി സൂക്ഷിക്കേണ്ടതും, **അസോസിയേഷൻ യോഗം കൂടുന്ന ദിവസം** യോഗസ്ഥലത്ത് ഹാജരാക്കേണ്ടതുമാണ്.

അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള പള്ളി ഇടവക പ്രതിനിധികളെ, ആലോചനാ വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും, വേണ്ടിവന്നാൽ വോട്ട് ചെയ്യുന്നതിനുമായി പള്ളിച്ചെലവിൽ അയയ്ക്കേണ്ടതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ളവർ നിശ്ചിത അധികാര പത്രം സഹിതം യോഗസ്ഥലത്ത് യോഗദിവസം രാവിലെ 9 മണിമുതൽ 12 മണിവരെയുള്ള സമയത്ത് ഹാജരായി രജിസ്ട്രേഷൻ കൗണ്ടറിൽ അധികാരപത്രം ഏൽപിച്ച്, ഹാജർ പുസ്തകത്തിൽ ഒപ്പിട്ട്, യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങേണ്ടതും, യോഗത്തിന് അരമണിക്കൂർ മുമ്പ് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഇരിക്കേണ്ടതുമാകുന്നു. ആവശ്യമെങ്കിൽ, പ്രതിനിധികളെ തിരിച്ചറിയുന്നതിന് വികാരിയോ, മറ്റ് പട്ടക്കാരോ, സ്ഥലത്ത് വച്ച് നേരിട്ട് സാക്ഷ്യം കൊടുക്കേണ്ടതാണ്.

അസോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് മലങ്കര സഭയിലെ ഏതെങ്കിലും പള്ളി ഇടവകയ്ക്ക് പ്രത്യേകമായി കൽപന ലഭിക്കാത്തപക്ഷം പത്രങ്ങളിലും, പ.സഭയുടെ ഔദ്യോഗിക മാസികയിലും വെബ്സൈറ്റിലും നാം പ്രസിദ്ധീകരിക്കുന്ന കൽപന ഒരു അറിയിപ്പായി പരിഗണിച്ച്, ആ പള്ളി ഇടവകയിൽനിന്നും ഉടനെതന്നെ നമ്മുടെ കാതോലിക്കേറ്റ് ഓഫീസുമായി ബന്ധപ്പെട്ട് ആ പള്ളി ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ എണ്ണം മുതലായ വിവരങ്ങൾ നേരിട്ട് മനസ്സിലാക്കി നമ്മുടെ മേൽപറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ച് യോഗം കൂടി തെരഞ്ഞെടുപ്പ് നടത്തി ആ വിവരം **2016 ഡിസംബർ 15**-നോ അതിനുമുമ്പോ, മേൽ പ്രസ്താവിച്ച പ്രകാരം അസോസിയേഷൻ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

പള്ളി ഇടവകകളിൽ നിന്ന് ലഭിച്ചിട്ടുള്ള അറിയിപ്പുകളുടെയും മറ്റും അടിസ്ഥാനത്തിലുള്ള പ്രതിനിധികളുടെ ലിസ്റ്റ് (പ്രാഥമിക ലിസ്റ്റ്) നമ്മുടെ അനുമതി വാങ്ങി, അസോസിയേഷൻ സെക്രട്ടറി, **2016 ഡിസംബർ 25-ാം തീയതി അസോസിയേഷൻ യോഗസ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും** പ്രസിദ്ധീകരിക്കുന്നതും, ബന്ധപ്പെട്ട പകർപ്പുകൾ മെത്രാസന ഓഫീസിലേക്ക് അയയ്ക്കുന്നതുമാകുന്നു.

പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചും, പ്രസിദ്ധപ്പെടുത്തുന്ന പ്രതിപുരുഷന്മാരുടെ ലിസ്റ്റ് സംബന്ധിച്ചും, അസോസിയേഷൻ യോഗത്തിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചും മറ്റും പരാതി ഉണ്ടായാൽ അതു കേട്ട് തീരുമാനിക്കുന്നതിന് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായും ഫാ. പി. കെ. സഖറിയ പെരിയോർമറ്റം, അഡ്വ. മാത്യൂസ് മഠത്തേത്ത്, അഡ്വ. മത്തായി മാമ്പള്ളി, ശ്രീ. തോമസ് ജോൺ മോളേത്ത് എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ നിയമാനുസരണം നാം നിയമിച്ച് അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു.

പരാതി വിചാരണയ്ക്കായി 2017 ജനുവരി മാസം 10, 11 (ചൊവ്വ, ബുധൻ) തീയതികളിലും ജനുവരി 27-ാം തീയതി വെള്ളിയാഴ്ചയും പകൽ 9 മണി മുതൽ 5 മണി വരെ കോട്ടയം കാതോലിക്കേറ്റ് അരമനയിൽ വച്ച് ട്രിബ്യൂണൽ കൂടുന്നതാണ്. ട്രിബ്യൂണൽ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

ട്രിബ്യൂണലിന്റെ നടപടിക്രമം ട്രിബ്യൂണൽതന്നെ നിശ്ചയിക്കുന്നതാകുന്നു. ട്രിബ്യൂണലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽനടപടികൾ നടത്തി വിവരം അതതു ഇടവകവികാരിമാരെയും മറ്റ് ബന്ധപ്പെട്ടവരെയും ട്രിബ്യൂണലിൽ നിന്ന് ആജ്ഞാനുസരണം അറിയിക്കുന്നതുമാകുന്നു.

ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അനുസരിച്ച് പ്രസിദ്ധപ്പെടുത്തുന്ന അന്തിമ (ഫൈനൽ) ലിസ്റ്റ് **2017 ജനുവരി മാസം 29-ാം തീയതി കാതോലിക്കേറ്റ് ഓഫീസിലും, അസോസിയേഷൻ യോഗസ്ഥലത്തും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും** പ്രസിദ്ധീകരിക്കുന്നതാണ്.

നമ്മുടെ അദ്ധ്യക്ഷതയിൽ ഇപ്പോഴുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളും പള്ളി ഇടവകകളിൽ നിന്നും നിയമാനുസരണം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും, ഈ കൽപ്പന അനുസരിച്ച് കൂടുന്ന അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനപ്രകാരം അർഹതയുള്ള അംഗങ്ങളായിരിക്കും. എന്നാൽ മാനേജിംഗ് കമ്മറ്റിയിലെ നോമിനേറ്റു ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുകയില്ല.

അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനോ, യോഗാരംഭത്തിനുശേഷം തുടർന്ന് യോഗം നടത്തിക്കൊണ്ടുപോകുന്നതിനോ, വൈസ് പ്രസിഡണ്ടുമാരിൽ ആരെയെങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു. അസോസിയേഷൻ യോഗം സംബന്ധിച്ച ക്രമീകരണങ്ങളെപ്പറ്റിയോ യോഗനടപടികളെപ്പറ്റിയോ നാം നേരിട്ടോ, കാതോലിക്കേറ്റ് ഓഫീസ് മുഖാന്തിരമോ, അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ബന്ധപ്പെട്ടവർ പ്രവർത്തിക്കേണ്ടതുമാകുന്നു.

ഈ കൽപ്പന സഭയിലെ എല്ലാ ഇടവകപള്ളികളുടെയും സഭാംഗങ്ങളുടെയും മറ്റും അറിവിലേക്കും, ഇതിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾക്കുമായി ***2016 ഒക്ടോബർ മാസം 29-ാം തീയതിയിലെ*** പ്രമുഖ മലയാള ദിനപ്പത്രങ്ങളിലും, സഭയുടെ ഔദ്യോഗിക മാസികയായ 'മലങ്കരസഭ' മാസിക, ഔദ്യോഗിക വെബ്സൈറ്റായ www.mosc.in എന്നിവയിലും പ്രസിദ്ധീകരിക്കുന്നതാണ്.

അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങൾക്ക് ഈ കൽപനയുടെ ഓരോ പകർപ്പ് നമ്മുടെ ഫാസിമിലി ഒപ്പോടുകൂടി അയയ്ക്കുന്നതും അത് 2017 മാർച്ച് 01-ാം തീയതി കൂടുന്ന അസോസിയേഷൻ യോഗം സംബന്ധിച്ച അറിയിപ്പായി പരിഗണിക്കേണ്ടതുമാകുന്നു.

ഈ കൽപ്പന പ്രകാരം കൂടുന്ന അസോസിയേഷൻ യോഗം സംബന്ധിച്ചോ, മേൽപ്രസ്താവിച്ച നടപടിക്രമം സംബന്ധിച്ചോ, ഇവയിൽപെടാത്തതായി അസോസിയേഷൻ യോഗനടത്തിപ്പിന് അതതു സമയത്ത് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ, അസോസിയേഷൻ യോഗത്തിൽവച്ചോ അതിനുമുമ്പോ അപ്പോഴപ്പോൾ യുക്തമായ തീരുമാനങ്ങൾ ചെയ്യുന്നതിന് നമുക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അസോസിയേഷൻ യോഗത്തിന്റെ നടപടിക്രമങ്ങളും ക്രമീകരണങ്ങളും സംബന്ധിച്ച ചില പ്രധാന വിവരങ്ങൾ ഇതോടൊന്നിച്ച് അയയ്ക്കുന്നു. കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2016 ഒക്ടോബർ മാസം 27-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

പകർപ്പ്

1. നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്
2. പുതുതായി അസോസിയേഷൻ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്ന പള്ളി ഇടവക പ്രതിപുരുഷന്മാർക്ക് (അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ ശേഷം)



സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

അലക്സാണ്ടർ ചക്രവർത്തിയുടെ ജീവിതത്തിലെ തിരിച്ച് വരവുകൾ ചില കണ്ടുമുട്ടലുകളിലൂടെ സംഭവിച്ചതാണ്. എല്ലാം വെട്ടിപ്പിടിച്ച് കീഴടക്കാൻ വ്യഗ്രതപ്പെടുന്ന സാമ്രാജികനിൽ നിന്ന് ഒന്നുമില്ലായ്മയുടെ തീരങ്ങളിൽ ഒരു യോഗിയെപ്പോലെ ശാന്തി തേടുന്ന നിസ്വനേപ്പോലെയാവുന്നത് ചരിത്രത്തിലെ വല്ലാത്ത പരിണാമമാണ്. അലക്സാണ്ടർ ഇന്ധ്യയുടെ ഭൂമികയേയും നാട്ടു രാജ്യങ്ങളെയും മാത്രമല്ല കീഴടക്കാൻ ശ്രമിച്ചത് ബുദ്ധഭിക്ഷുക്കളെയും, സന്യാസവര്യന്മാരേയും, തത്വചിന്തകൻമാരെയും ഒക്കെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കിയിരുന്നു. അവർ അനുഭവിക്കുന്ന ആനന്ദത്തിലും ശാന്തിയിലും അദ്ദേഹം വല്ലാതെ ആകൃഷ്ടനായിട്ടുണ്ട്. പിടിച്ചടക്കലിന്റെ വിജയങ്ങൾക്കപ്പുറം അലക്സാണ്ടർ ആത്മീയ ജീവിതചര്യയുടെ മുമ്പിൽ ഒരു യാചകനെപ്പോലെ നിന്നിരുന്നു. ആ ഒരു അവസ്ഥയിലാണ് അദ്ദേഹം മഹാനായ ഡയോജനീസിനെ കണ്ട് മുട്ടുന്നത്. ഡയോജനീസ് നഗ്നനായി നദിക്കരയിൽ സൂര്യസ്നാനം നടത്തുകയായിരുന്നു. പുലർകാലം, ...പുലർകാല സൂര്യൻ,... മനോഹരമായ നദീതടം, തണുത്ത മണൽത്തടം, അലക്സാണ്ടർ കടന്ന് പോവുകയായിരുന്നു. ഡയോജനീസിനെപ്പറ്റി അലക്സാണ്ടർ ഏറെ കേട്ടിരുന്നു. അദ്ദേഹത്തെ കാണണമെന്ന് ഉൽക്കടമായ ആഗ്രഹവും ഉണ്ടായിരുന്നു.

ആരോ അദ്ദേഹത്തോട് പറഞ്ഞു. ഡയോജനീസ് അടുത്തുണ്ട് അങ്ങ് എപ്പോഴും ചോദിക്കാറുണ്ടല്ലോ? അദ്ദേഹത്തെപ്പറ്റി? ഡയോജനീസിനെപ്പറ്റി അത്രയേറെ കഥകൾ അദ്ദേഹം കേട്ടിട്ടുണ്ടായിരുന്നു. മനുഷ്യൻ എന്ന പേര് വിളിക്കപ്പെടുവാൻ ഏറെ അർഹതയുള്ള ഒരാൾ ആണ് അദ്ദേഹം എന്ന് ഏറെ കേട്ടിരുന്നു. ആയത് കൊണ്ട് അലക്സാണ്ടർക്ക് പോലും ഉള്ളിന്റെയുള്ളിൽ അദ്ദേഹത്തോട് വല്ലാത്ത അസൂയയുണ്ടായിരുന്നു. അദ്ദേഹം ഡയോജനീസിനെ കാണാൻ പോയി. എന്തൊരഴക്!, നഗ്നൻ, അനലംകൃതൻ, ആഭരണങ്ങളില്ല. അലക്സാണ്ടർ ആകട്ടെ തന്നത്താൻ നിറയെ ആഭരണങ്ങളിഞ്ഞ് സാധ്യമായ എല്ലാത്തരത്തിലും അലംകൃതനായിരുന്നു. സർവ്വാഭരണവിഭൂഷിതനായ അലക്സാണ്ടർ ഡയോജനീസിന്റെ മുമ്പിലെത്തിയപ്പോൾ അദ്ദേഹത്തിന് മുമ്പിൽ താൻ എത്രയോ താഴ്ന്നവനായി വിലയില്ലാത്തവനായി അദ്ദേഹത്തിന് തോന്നി. അദ്ദേഹം ഡയോജനീസിനോട് പറഞ്ഞു. "എനിക്ക് അങ്ങയോട് അസൂയയാണ് അങ്ങയുടെ മുമ്പിൽ ഞാൻ എത്ര മോശക്കാരനായി തോന്നുന്നു. അങ്ങയോ നിസ്വൻ! എന്താണ് അങ്ങയുടെ ഐശ്വര്യത്തിന് കാരണം"? ഡയോജനീസ് പറഞ്ഞു "ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. ആഗ്രഹമില്ലായ്മാണ് എന്റെ ധനം. ഞാൻ എന്റെ അധിപനാണ്. കാരണം എന്റെ കൈകളിലൊന്നുമില്ല. ഒന്നുമില്ലായ്മയാണ് എന്റെ ആധിപത്യം. ഞാൻ ഈ ഭുവനത്തെ കീഴടക്കിയിരിക്കുന്നു. കാരണം ഞാൻ എന്നെ കീഴടക്കിയിരിക്കുന്നു. എന്റെ വിജയം എന്നോടൊപ്പം ഉണ്ടാവും. താങ്കളുടെ വിജയത്തെ മരണം കീഴടക്കും".

"ആർക്കും നിങ്ങളിൽ നിന്ന് എടുത്ത് കളയാനാകാത്തതാണ് വിജയം. അതാണ് നിങ്ങളുടെ സ്വത്വം മരണത്തിന് പോലും അത് നിങ്ങളിൽ നിന്ന് എടുത്ത് കളയാനാവില്ല. എടുത്ത് കളയാവുന്നതൊന്നും നിങ്ങളുടേതല്ല. അതിൽ അള്ളിപ്പിടിക്കരുത്. അതു ദുഖകാരണമാകും. നിങ്ങളിൽ നിന്ന് എടുത്തു കളയാവുന്ന ഒന്നും കൈവശം വയ്ക്കനാഗ്രഹിക്കരുത്. നിങ്ങളുടെ ഉടമസ്ഥാവബോധം നിങ്ങളിൽ തീവ്രമായ ദുഃഖം ഉളവാക്കും. നിങ്ങളുടേത് മാത്രമായതിനെ കൊണ്ട് നടക്കുക. അത് മോഷ്ടിക്കാനാവില്ല. നിങ്ങളിൽ നിന്നാർക്കും അത് പിടിച്ച് പറിക്കാനാവില്ല. നിങ്ങളുടെ ശരീരം നിങ്ങൾക്ക് നഷ്ടപ്പെടും പക്ഷെ നിങ്ങൾ നഷ്ടപ്പെടുകയില്ല. നിങ്ങൾക്ക് സ്വയം അറിയാമെങ്കിൽ നിങ്ങൾക്കുള്ളിലെ അവബോധത്തിലെത്തും അവബോധത്തെ കീഴടക്കിയാൽ ശരീരത്തിന് പ്രസക്തിയുണ്ടാവുകയില്ല ഉള്ളിലെ നിങ്ങൾ പ്രസക്തനാകും. നിങ്ങൾ അനശ്വരനാവും. നിങ്ങൾ സ്വയമേവ അധിപനായെങ്കിൽ മാത്രമെ അനശ്വരതയില്ലെത്താൻ കഴിയൂ".

മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കാൻ വൃഥാ സമയം കളയാതിരിക്കുക. അധികാരത്തിനും അന്തസ്സിനുംവേണ്ടി ലോകം കീഴടക്കാൻ വേണ്ടി വൃഥാ ശ്രമിക്കാതിരിക്കുക. തന്നത്താൻ കീഴടക്കുക. കീഴടക്കാൻ കൊള്ളാവുന്ന ഒന്നേയുള്ളൂ. നിങ്ങളുടെ ആത്മസത്ത "ലോകത്തെ കീഴടക്കുക" എന്നത് തമ്പുരാൻ എത്ര സുന്ദരമായി പറഞ്ഞ പദമാണ്. നാം ലോകത്തെയൊക്കെ ഏതൊക്കെ തരത്തിൽ കീഴടക്കാം എന്ന് ധരിച്ച് വശംവദരാവുകയാണ്. തമ്പുരാൻ പറഞ്ഞതിനോട് ഒരു സമദൂരം എങ്കിലും പാലിക്കാൻ നമുക്കാകണ്ടെ? "എന്നെ വീണ് നമസ്ക്കരിച്ചാൽ എല്ലാം നിനക്ക് തരാം" എന്ന ഈറൻകാറ്റിന്റെ മുരൾച്ചകളിൽ നാം തകർന്നടിയുകയാണ്. ലോകത്തെ കീഴടക്കുക എന്ന തമ്പുരാന്റെ പദത്തെ ആക്ഷരികമായി അനുസരിക്കാൻ നാം മൽസരിക്കുകയാണ്. ക്ഷരമില്ലാത്ത അതിന്റെ ആത്മാവിനെ തേടാൻ നാം മറന്ന് പോവുകയാണ്. "എന്റെ ശബ്ദം കേൾക്കുന്ന എന്റെ ആടിനെ ആർക്കും എന്നിൽ നിന്ന് എടുക്കാനാകില്ല" എന്ന തമ്പുരാന്റെ വാക്കുകൾ എത്ര ശക്തമാണ്. ലോകത്തെ ഒരു ശക്തിക്കും ഭേദിക്കാനാവാത്തവിധം നമ്മുടെ സ്വത്വം ദൈവബന്ധത്തിന്റേതാണ് എന്ന് അദ്ദേഹം അരുളിച്ചെയ്തത് നാം എത്ര പേരാണ് കാര്യമായി എടുത്തിട്ടുള്ളത്? അങ്ങനെയെടുത്തിരുന്നെങ്കിൽ നമുക്കെന്താണ് ജീവിതത്തിന് നിന്ന് ഭീതിയൊഴിയാത്തത്? ശാന്തിയില്ലായ്മയുടെ കൂരിരുട്ടുകൾ നമ്മെ വേട്ടയാടുന്നത്?

> ദൈവമേ ഞാൻ ആരാണ്? എന്ന് ഓരോ ശ്വാസത്തിലും ഉരുവിടുന്നത്, എന്നാണ് എന്റെ പ്രാർത്ഥനയാവുന്നത്. "ദൈവമേ അങ്ങ് ആരാണ്"? എന്ന് ഓരോ ശ്വാസത്തിലും തിരിച്ചറിയുന്നത് എന്നാണ് എന്റെ ആരാധനയാവുന്നത്. ദൈവമേ എന്റെ ആത്മസത്തയിലേക്ക് എന്നാണ് അങ്ങൊരു യാത്രികനാവുക! അങ്ങനെ എന്നാണ് എനിക്കൊരു തീർത്ഥാടകനാകാൻ, അനുയാത്രികനാകാൻ കഴിയുക!?

E-mail: fr.thirumangalam@gmail.com

10TH DEATH ANNIVERSARY

27-11-2016

In loving Memory of

K. M. THOMAS

Kadavil House,

Kesavadasapuram, Trivandrum

Prayers & remembrance

2nd Death Anniversary
09-11-2016

ANNAMMA ITTY

VADAKEKARA, VAZHOOR

Children and Grand Children
Georgekutty, Thomaskutty, Jollykutty
Ciji, Mona, Johnson, Thanku, Thankam, Bitta,
Bitty, Abin, Priya, Achu.

സ്മരണാഞ്ജലി

3-ാം ചരമ വാർഷികം

(29-11-2016)

6-ാം ചരമ വാർഷികം

(08-12-2016)



"തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു (സങ്കീ 116:15)"

സി.ഒ. ദാനിയേൽ(83)   സാറാമ്മ ദാനിയേൽ(76)

ചാങ്ങഴേത്തു വടക്കേതിൽ, ഉളനാട് തുമ്പമൺ

Inserted by Ponnachan.C.D, Vizag. & C.V. Family

പ.ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ 88-ാം ഓർമ്മപ്പെരുന്നാൾ



മലങ്കരസഭയുടെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രമായ വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന പ.ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ 88-ാംഓർമ്മപ്പെരുന്നാൾ 2016 ഡിസംബർ 10 മുതൽ 17 വരെ ഭക്തിനിർഭരമായി ആചരിക്കുന്നു. പെരുന്നാൾ ശുശ്രൂഷകൾക്ക് പ.ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ കാതോലിക്കാബാവായും അഭി. മെത്രാപ്പോലീത്താന്മാരും നേതൃത്വം നൽകും.

പെരുന്നാളിനോടനുബന്ധിച്ച് 10-ന് തീയതി ശനിയാഴ്ച്ച രാവിലെ പത്തു മണിക്ക് കോട്ടയം ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ഏകദിന സമ്മേളനം ഡോ.യൂഹാനോൻ മാർ ദീയസ്കോറസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്നതും കോട്ടയം ഭദ്രാസന സെക്രട്ടറി റവ.ഫാ.തോമസ് വർഗ്ഗീസ് കാവുങ്കൽ ആശംസകൾ അറിയിക്കുന്നതുമാണ്. തുടർന്ന് തിരുവല്ല മാർത്തോമ്മാ കോളേജ് റിട്ട. പ്രൊഫ. സി. മാമച്ചൻ മാങ്ങാനം, കോട്ടയം സി.എം.എസ് കോളേജ് റിട്ട.പ്രൊ.ഡോ. ആലീസ് കെ തോമസ് എന്നിവർ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിക്കും.

11-ാം തീയതി കൊച്ചി ഭദ്രാസനാധിപൻ ഡോ.യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ വി.കുർബ്ബാനയർപ്പിച്ച് പെരുന്നാൾ കൊടിയേറ്റ് നടത്തുന്നതും 11 മണിക്ക് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി പ.ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ ജീവിത ചരിത്രത്തെ അസ്പദമാക്കി അഖില മലങ്കര പ്രസംഗ മത്സരവും 2 മണിക്ക് സൺഡേസ്കൂൾ അദ്ധ്യാപക-വിദ്യാർത്ഥികൾക്കായി അഖില മലങ്കര ഗായകസംഗ മത്സരവും നടത്തും. 13-ാം തീയതി 11 മണിക്ക് വാകത്താനം ജറുശലേം മൗണ്ട് ഹയർസെക്കണ്ടറി സ്കൂളിന്റെ ആഭിമുഖ്യത്തിൽ ദയറായിൽ വച്ച് നടക്കുന്ന പേട്രൻസ് ഡേ ദിനാചരണത്തിൽ റിട്ട. പ്രിൻസിപ്പൾ പ്രൊഫ.കെ.എം. കുറിയാക്കോസ് മുഖ്യ പ്രഭാഷണം നടത്തും. 15-ാം തീയതി സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് റവ. ഫാ. മനോജ് വർഗ്ഗീസ് ആയൂർ (തിരുവനന്തപുരം ഭദ്രാസനം) വചനശുശ്രൂഷ നടത്തും. 16-ാം തീയതി 6 മണിക്ക് വാകത്താനം വലിയ പള്ളിയിൽ നിന്നുമുള്ള റാസയ്ക്കും വിവിധ ഇടവകളിൽ നിന്നുമുള്ള തീർത്ഥാടകർക്കും ദയറായിൽ സ്വീകരണം നൽകും തുടർന്നു പ. കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ സന്ധ്യാനമസ്ക്കാരം ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അനുസ്മരണ പ്രഭാഷണം നടത്തും. തുടർന്ന് ഭക്തിനിർഭരമായ പ്രദക്ഷിണവും ശ്ലൈഹീക വാഴ്വും. 17-ാം തീയതി രാവിലെ 8ന് പ. കാതോലിക്കാബാവായുടെയും അഭി. പിതാക്കന്മാരുടെയും കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് അനുസ്മരണ പ്രഭാഷണവും. സമീപ സ്കൂളുകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കും. വൈകുന്നേരം 3 മണിക്ക് പ.ബാവായുടെ നാമത്തിൽ സ്ഥാപിതമായ വാകത്താനം ജറുശലേം സെന്റ് മേരീസ് പള്ളിയുടെ കുരിശടിയിലേക്ക് ആഘോഷപൂർവ്വമായ പ്രദക്ഷിണവും വാഴ്വും ഉണ്ടായിരിക്കും

പെരുന്നാൾ ദിസങ്ങളിൽ രാവിലെ 7 മണിക്ക് വി.കുർബ്ബാന ദയറായിൽ ഉണ്ടായിരിക്കുന്നതാണ്. പെരുന്നാളിന്റെ ഭംഗിയായുള്ള ക്രമീകരണങ്ങൾക്ക് വേണ്ടി ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ആലോചനയോഗം വകാത്തനം സെന്റ് ജോൺസ് വലിയ പള്ളി വികാരി റവ.ഫാ. ജോൺ ശങ്കരത്തിൽ ജനറൽ കൺവീനറായുള്ള 101 അംഗ കമ്മറ്റിയെ തെരഞ്ഞെടുത്തു എന്ന് ദയറാ മാനേജർ ബർശ്ലീബി റമ്പാൻ അറിച്ചു.

DOCTORATE

ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും പി.എച്ച്.ഡി. നേടിയ ഡോ. സാറാ ജേക്കബ്. ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളജിൽ (ഐ.എച്ച്.ആർ.ഡി.) ഇലക്ട്രോണിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ. വൈദ്യുതി ബോർഡിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കുണ്ടറ കുഴിമതിക്കാട്ട് വൈരമൺ കുടുംബാംഗം കെ.ജി. പണിക്കരുടെ ഭാര്യയാണ്. പത്തനാപുരം പരുപള്ളിൽ മെറിലാൻഡിൽ പി. കുര്യൻ ചാക്കോയുടെയും ലീലാമ്മ പി. തോമസിന്റെയും മകൾ. മക്കൾ: കോശി ജെ. പണിക്കർ, ജേക്കബ് ജെ. പണിക്കർ.

ഒന്നാം ചരമവാർഷികം
16-11-2016

A V VATHU
ARIMPUR
CHALISSERY
Member : St. Thomas Cathedral, Chennai

പ്രാർത്ഥനാപൂർവ്വം
പരേതാത്മാവിന് നിത്യ
ശാന്തി നേർന്നുകൊണ്ട്
കുടുംബാംഗങ്ങൾ

Advt.

സ്നേഹ സ്മരണ

7–ാം ചരമ വാർഷികം,

9–11–2016



Very. Rev. M.T. Joseph Cor-Episcopa

Thekkel Mary Bhavan
Makkamkunnu
Pathanamthitta

20th Death Anniversary

10-12-2016

GEORGE THOMAS

(Rtd. Flight Lieutenant)

GEO Bhavan, Thattayil

Inserted By:
Beloved Family Members

5th Death Anniversary, 28-11-2016

St. George Orthodox Catholicate
Simhasanapally, Pallippad

സഭയുടെ സത്യവിശ്വാസത്തിൽ
അടിയുറച്ച 97 വർഷത്തെ
ജീവിതം കർത്താവിൽ അർപ്പിച്ച



Aliyamma Chandy

Thoppil House

Sorrowing Family

2016 NOVEMBER 20, SUNDAY

മലങ്കര ഓർത്തഡോക്സ് സഭ

'സഭാജ്യോതിസ്സ്'

പരിശുദ്ധ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ

1815-2016

ചരമ ദ്വിശതാബ്ദി

ആഗോള സമാപന സമ്മേളനം

2016 നവംബർ 20
ഞായറാഴ്ച
കുന്നംകുളത്ത്

മാർ ദിവന്നാസ്യോസ് നഗറിൽ (മലങ്കര ആശുപത്രി മൈതാനം)

ഫാ. മത്തായി നൂറനാൽ മെമ്മോറിയൽ

അഖില മലങ്കര ക്വിസ്സ് മത്സരം

സുൽത്താൻ ബത്തേരി സെ. മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ തീർത്ഥാടന കേന്ദ്രത്തിൽ യുവജന പ്രസ്ഥാനത്തിന്റെയും, എം.ജി.ഒ.സി.എസ്.എമ്മിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ഫാ. മത്തായി നൂറനാലച്ചന്റെ ഓർമ്മ ദിവസം നവംബർ 27 ഞായറാഴ്ച 2 മണിക്ക് ഫാ. മത്തായി നൂറനാൽ മെമ്മോറിയൽ എവറോളിംങ് ട്രോഫിക്കുവേണ്ടിയുള്ള അഖില മലങ്കര ക്വിസ്സ് മത്സരം നടത്തും.

മലങ്കര സഭയിലെ ദേവാലയങ്ങളിൽ നിന്നും രണ്ടുപേരടങ്ങുന്ന ഒരു ടീമിന് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ 2016 നവം. 20-ന് മുമ്പായി താഴെ കാണുന്ന നമ്പരിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

1,2,3 സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് 10000/-, 5000/- 3000/- എന്ന ക്രമത്തിൽ ക്യാഷ് പ്രൈസും എവറോളിംഗ് ട്രോഫിയും ലഭിക്കുന്നതായിരിക്കും. രജിസ്ട്രേഷൻ ഫീസ് 250/- രൂപ. പങ്കെടുക്കുന്ന ടീമുകൾ ഇടവക വികാരിയുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്. ക്വിസ് മത്സരത്തിന് തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ പഴയ നിയമം, പുതിയ നിയമം, സഭാ ചരിത്രം, പൊതു വിജ്ഞാനം, വയനാടിന്റെ ചരിത്രം എന്നിവ ആയിരിക്കും.

Contact: 04936 224640, Mob. 9995362269, 9946429867, 9747317779

ബിഷപ്പ് വാൽഷിന്റെ ജീവചരിത്രം

എൺപതിന്റെ നിറവിലായ തടാകം ക്രിസ്തു ശിഷ്യാശ്രമ സ്ഥാപകനായ

ബിഷപ്പ് പെക്കൻഹാം വാൽഷിന്റെ

ജീവചരിത്രവും ആദിമ ചരിത്രവും.

പ്രകാശനം 2016 ഡിസംബർ, വില: 150 രൂപ

അച്ചടിയിൽ: മലങ്കരയിലെ കാതോലിക്കാമാർ 500 രൂപ. 2. ദ്വിശതാബ്ദി കൊണ്ടാടിയ വൈദിക സെമിനാരി 200 രൂപ. 3. ചേപ്പാട്ടു മാർ ദിവന്നാസ്യോസ് 100 രൂപ. 4. അപ്പച്ചന്റെ കവറടക്കവും അപ്പൂപ്പന്റെ കല്ല്യാണ വാർഷികവും 80 രൂപ. കമ്മീഷൻ 35%.

ഗ്രന്ഥകർത്താവും പ്രസാധകനും: കെ.വി. മാമ്മൻ, കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം-686018, ഫോൺ: 0481-2578936.

DOCTORATE

Sree Chitra Tirunal Institute for Medical Science and Technology യിൽ നിന്ന് ബയോ മെഡിക്കൽ എഞ്ചിനീയറിംഗിൽ അർബുദ രോഗ പ്രതിരോധ ചികിത്സാ ഗവേഷണത്തിൽ പി. എച്ച്.ഡി. ലഭിച്ച ഡോ. സൂസൻ എം. അലക്സ്. മാവേലിക്കര ഭദ്രാസനത്തിൽ കറ്റാനം സെ. സ്റ്റീഫൻസ് ഇടവകയിൽ മാണിപറമ്പിൽ പി.ഐ. അലക്സാണ്ടറിന്റെയും ഏലിയാമ്മ അലക്സാണ്ടറിന്റെയും മകളാണ്. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള SCIR-NIIST യിൽ ഗവേഷകയാണ്.

മുംബൈ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.ആർക്കിന് മൂന്നാം റാങ്ക് നേടിയ ജസ്റ്റിൻ തോമസ് കുര്യാക്കോസ്. നവി മുംബൈയിൽ വാഷി ഇടവകയിൽ ആർക്കിടെക്റ്റ് തോമസ് കുര്യാക്കോസിന്റെയും ഗ്രേസ് തോമസിന്റെയും മകൻ.

മലങ്കരസഭ മാസിക

മലങ്കര സഭാ മാസിക സപ്തതി പ്രമാണിച്ച് 70 ലധികം വരിക്കാരെ ചേർത്ത ഇടവകകൾ: വള്ളികുന്നം സെ. ജോർജ് വികാരി ഫാ. സി. കോശി, വർഗീസ് നൈനാൻ; കാർത്തികപ്പള്ളി സെ. തോമസ് കത്തീഡ്രൽ വികാരി ഫാ. ജോസഫ് സാമുവേൽ ഏവൂർ എന്നിവർക്ക് മലങ്കരസഭ മാസികയുടെ നന്ദി...

കുവൈറ്റ് – ഇന്ത്യൻ കുടിയേറ്റം



ഇന്ത്യക്കാരുടെ ഗൾഫ് കുടിയേറ്റം മെച്ചപ്പെട്ട ജീവിത സങ്കേതം തേടിയുള്ള ഒരുപറ്റം മനുഷ്യരുടെ സഹനത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും വിജയപരാജയങ്ങളുടെയും ചരിത്രമാണ്.

ഗ്രീൻ ബുക്സ്, പേജ് 240, വില 245

കുവൈറ്റ് കുടിയേറ്റത്തിന് ഒരു നൂറ്റാണ്ടിന്റെ ചരിത്രം

■ **സാം പൈനുംമൂട്**
മാവേലിക്കര



ഇന്ത്യക്കാരുടെ കുടിയേറ്റ ചരിത്രത്തിന് ഒരു നൂറ്റാണ്ടു പഴക്കമുണ്ട്. കുടിയേറ്റ ചരിത്രത്തിൽ ഒരു നൂറ്റാണ്ട് അത്ര വലിയ കാലയളവല്ല. ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ കുരുമുളക് തേടി എത്തിയവരുടെ നാട്ടിലേക്ക് പെട്രോ-ഡോളർ തേടി നമ്മൾ പോയ ചരിത്രം, സഹനത്തിന്റെയും പാരസ്പര്യത്തിന്റെയും അതിജീവനത്തിന്റെയുമാണ്.

പേർഷ്യൻ ഗൾഫ് രാജ്യങ്ങളിൽ ഏറെ ശ്രദ്ധേയമാണ് കുവൈറ്റ്. ഗൾഫ് മേഖലയിൽ ജനാധിപത്യ സംവിധാനത്തിലേക്ക് ആദ്യ ചുവടുവെയ്പ് നടത്തിയ രാജ്യം. എണ്ണ സമ്പന്നമാക്കിയ സാമ്പത്തിക ഉണർവും സമ്പന്ന സംസ്കൃതിയും വികസന കാഴ്ചപ്പാടും കൈമുതലായുള്ള ജനത. ഉയർന്ന സാക്ഷരതയും ഉന്നത വിദ്യാഭ്യാസത്തിനുമുള്ള സർവ്വകലാശാല സൗകര്യവും കൂടി ലഭിച്ചപ്പോൾ ഈ രാജ്യം ഇതര ഗൾഫ് രാജ്യങ്ങൾക്കും മാതൃകയായി.

'അൽഖൂത്ത്' എന്ന അറബി പദത്തിൽ നിന്നാണ് കുവൈറ്റ് എന്ന പേരിന്റെ ഉത്ഭവം. 'കടൽതീരത്തെ കോട്ട' എന്നാണ് അർത്ഥം. പേർഷ്യൻ ഉൾക്കടൽ തീരത്ത്, സൗദി അറേബ്യക്കും ഇറാഖിനും ഇടയ്ക്കാണ് കുവൈറ്റ് എന്ന കൊച്ചുരാജ്യം. ഒരു രാഷ്ട്രമായി കുവൈറ്റ് മാറിയത് 16-ാം നൂറ്റാണ്ടോടുകൂടിയാണ്.

കുവൈറ്റിലേക്കുള്ള മലയാളികളുടെ കുടിയേറ്റത്തിന് ഏഴരപതിറ്റാണ്ടിന്റെ പഴക്കമുണ്ടെങ്കിലും വ്യാപകമായി മലയാളികൾ ജോലി തേടി എത്തിത്തുടങ്ങിയത് 1970 കൾ

മുതലാണ്. 1991-നുശേഷം കുവൈറ്റിന്റെ പുനർനിർമ്മാണത്തോടെയാണ് മലയാളികളുടെ എണ്ണം ശക്തമായ തോതിൽ ഉയർന്നത്. ആഗോള സാമ്പത്തികരംഗത്തുണ്ടായ ചലനങ്ങളും ഗൾഫിലെ എണ്ണമേഖലയിലെ വർദ്ധിച്ച തൊഴിൽ സാഹചര്യങ്ങളും ഇന്ത്യൻ തൊഴിലാളികളുടെ സാധ്യതകൾ വർദ്ധിപ്പിച്ചു. കുവൈറ്റിൽ എട്ടു ലക്ഷത്തി നാല്പതിനായിരം ഇന്ത്യക്കാരുണ്ടെന്നാണ് ഇന്ത്യൻ എംബസിയുടെ ഔദ്യോഗിക കണക്ക്. ഇതിൽ മൂന്നു ലക്ഷത്തോളം ഗാർഹിക വിസയിൽ ഉള്ളവരാണ്. കുവൈറ്റിലെ മലയാളികളുടെ എണ്ണം നാലര ലക്ഷത്തോളമാണ്. ഗാർഹിക തൊഴിൽരംഗം മുതൽ കമ്പനി പാർട്ണർമാർ വരെയുള്ള എല്ലാ മേഖലകളിലും മലയാളികളുടെ സാന്നിദ്ധ്യം അനുഭവവേദ്യമാണ്.

ഇന്ത്യക്കാരുടെ ഗൾഫ് കുടിയേറ്റം മെച്ചപ്പെട്ട ജീവിത സങ്കേതം തേടിയുള്ള ഒരുപറ്റം മനുഷ്യരുടെ സഹനത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും വിജയപരാജയങ്ങളുടെയും ചരിത്രമാണ്.

1914-ൽ ആരംഭിച്ച ഒന്നാം ലോകമഹായുദ്ധം 1918-ൽ ജർമ്മൻ സാമ്രാജ്യത്തിന്റെയും ഓട്ടോമാൻ സാമ്രാജ്യത്തിന്റെയും തോൽവിയോടെ അവസാനിച്ചു. ഒന്നാം ലോകമഹായുദ്ധം വരെ ഓട്ടോമാൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇറാഖ് 1920-ൽ ബ്രിട്ടീഷ് അധീനതയിലായി. ഇന്ത്യൻ സൈന്യമാണ് ബ്രിട്ടീഷുകാർക്കുവേണ്ടി ഇറാഖിൽ യുദ്ധം ചെയ്തിരുന്നത്. 1939-ൽ തുടങ്ങിയ രണ്ടാം ലോകമഹായുദ്ധം 1945-ൽ അവസാനിച്ചു. രണ്ടാം ലോകമഹായുദ്ധാനന്തരമാണ് കുവൈറ്റിൽ എണ്ണ ഖനനം ആരംഭിച്ചത്. ബ്രിട്ടീഷ് പെട്രോളിയമാണ് കുവൈറ്റ് ഓയിൽ കമ്പനിയെ നിയന്ത്രിച്ചിരുന്നത്. അങ്ങനെ കെ.ഒ.സി. ജീവനക്കാരായി ഇവിടെ ആദ്യം എത്തിയ പലരും ബ്രിട്ടീഷ് ആർമിയിൽ നിന്നും വിരമിച്ചവരായിരുന്നു.

ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളും തുടർന്നുണ്ടായ കടുത്ത ദാരിദ്ര്യവുമാണ് ഇന്ത്യക്കാരുടെ ഗൾഫ് കുടിയേറ്റങ്ങളുടെ പ്രധാന കാരണം. സ്വാഭാവികമായും മലയാളികളുടെ കുടിയേറ്റ ഹേതുവും ഈ ദരിദ്രപൂർണ്ണമായ സാമൂഹികാന്തരീക്ഷമാണ്. 1940 കളിൽ ആരംഭിച്ച ഗൾഫ് പ്രയാണം എഴുപതുകളിലും എൺപതുകളിലും വ്യാപകമായിരുന്നു. ഇന്നും അത് അനുസ്യൂതം തുടരുന്നു.

35 വർഷങ്ങൾക്കു മുമ്പാണ് ഞാൻ ഇവിടെ വിമാനമിറങ്ങുന്നത്. അന്ന് ഒരു ടൗണിന്റെ സ്വഭാവമായിരുന്നു കുവൈറ്റിന്. അതിനും മുൻപ് ഒരു ഗ്രാമവും. 1980-ൽ നിന്നും 2016-ൽ എത്തുമ്പോൾ കുവൈറ്റ് ആകെ മാറിയിരിക്കുന്നു. കുവൈറ്റ് സിറ്റി ഇപ്പോൾ പഴയ കുവൈറ്റ് സിറ്റിയല്ല. അംബരചുംബികളായ കെട്ടിട സമുച്ചയങ്ങളാൽ സമൃദ്ധം. നല്ല നല്ല രാജവീഥികൾ, ഷോപ്പിംഗ് സെന്ററുകൾ, ആധുനിക ജീവിത സൗകര്യങ്ങൾ ആധുനിക ചരിത്രത്തിൽ കുവൈറ്റിനെ അടയാളപ്പെടുത്തിയിരിക്കുന്നു.

1900 ന്റെ തുടക്കം മുതൽ എണ്ണ കണ്ടെത്തിയ 1930കളുടെ അവസാനം വരെ ലോകം അറിയാതിരുന്ന കുവൈറ്റിന്റെ കാലം. 1940 മുതൽ 1970 വരെ കറുത്ത എണ്ണയിലൂടെ ലഭിച്ച സമൃദ്ധിയുടെ കാലം. 1970 മുതൽ 1990 വരെ വികസന പദ്ധതികളിലൂടെ മുന്നേറിയ കാലം. ഒപ്പം, 1990ലെ ഇറാഖ് അധിനിവേശത്തിലൂടെ ലോകശ്രദ്ധ നേടിയ കാലം. 1991ലെ യുദ്ധാനന്തരം പെട്രോ-ഡോളറിനൊപ്പം ഇറാഖ് നൽകിയ നഷ്ടപരിഹാര സംഖ്യയിലൂടെ സമ്പന്നമായ കാലം.

മാനവ വിഭവശേഷി ലോകത്തിന് സമ്മാനിച്ച് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന രാജ്യമാണ് നമ്മുടെ മാതൃരാജ്യം. രണ്ട് കോടിയിലധികം ഇന്ത്യക്കാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവസന്ധാരണം നടത്തുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കേരളമാണ് മാനവവിഭവശേഷി കയറ്റി അയയ്ക്കുന്നതിൽ പ്രഥമ സ്ഥാനം വഹിക്കുന്നത്. അതുകൊണ്ടു തന്നെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഗതി നിർണ്ണയിക്കുന്നതിൽ പ്രവാസി മലയാളികളുടെ സംഭാവന ചെറുതല്ല.

കേരള ചരിത്രം പരിശോധിച്ചാൽ നവോത്ഥാന പ്രസ്ഥാനങ്ങൾക്കും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ശേഷം കേരളത്തെ സ്വാധീനിച്ചത് ഗൾഫ് വരുമാനത്തിന്റെ ഇടപെടലാണ്. ഗൾഫ് പണത്തിന്റെ ശരിയായ വിനിയോഗത്തിലൂടെ, നെടുമ്പാശ്ശേരി വിമാനത്താവളം പോലെ



പുസ്തകശാല

സൺഡേസ്ക്കൂൾ പ്രസംഗ സഹായി

കെ. എം.ജോർജ്



സൺഡേസ്ക്കൂൾ വിദ്യാർത്ഥികളുടെ പ്രസംഗ അഭിരുചി വർദ്ധിപ്പിക്കുന്നതിന് വിവിധ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രസംഗങ്ങൾ. അവതാരിക: ഫാ. ഡോ. റെജി മാത്യു, തുരുത്തേൽ പ്രസ്, പന്തളം, പേജ് 208, വില-150.

ഗുരുവിന്റെ തണലിൽ

പി.എസ്. ജോർജ് ഉറുമ്പിൽ



പാമ്പാടി തിരുമേനിയുടെ അവസാനത്തെ ശിഷ്യഗണങ്ങളായ ഐപ്പ് ആശാൻ, സി.എ. എബ്രഹാം എന്നിവരെക്കുറിച്ചുള്ള പഠനം. അവതാരിക: ഫാ. ഡോ. റ്റി. ജെ. ജോഷ്വ, പേജ്: 140. വില: 150

മലങ്കരസഭാ തേജസ്സുകൾ

സഖറിയ ജേക്കബ്



മലങ്കരസഭയിലെ 1653-ന് ശേഷമുള്ള പിതാക്കന്മാരുടെ ഹ്രസ്വമായ ജീവിതവും ഫോട്ടോയും ഉൾക്കൊള്ളുന്നു. മലങ്കരയിൽ ചരിത്രം കുറിച്ച് മൺമറഞ്ഞ പിതാക്കന്മാരുടെ ജീവിതരേഖ ആശംസ:ഡോ. മാത്യൂസ് മാർ സേവേറിയോസ്, സോഫിയ ബുക്സ്, കോട്ടയം, പേജ്-152, വില-130.

വിശുദ്ധിയുടെ സൗന്ദര്യം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതവും ദർശനവും അവതരിപ്പിക്കുന്ന പത്ത് ഗവേഷണ പ്രബന്ധങ്ങൾ. വാങ്മുഖം: ഡോ. സഖറിയ മാർ അപ്രേം മെത്രാപ്പോലീത്താ, ബോധി, കോട്ടയം. എം.ഒ.സി. പബ്ലിക്കേഷൻസിന്റെ കോട്ടയം, പരുമല ഓഫീസിൽ ലഭിക്കും. വില:100.



ഗുണപ്രദമായ അനേകം പദ്ധതികൾ കേരളത്തിന്റെ ഗ്രാമങ്ങളിൽ ആരംഭിക്കാം. കേരള ഗവണ്മെന്റിന്റെ പിന്തുണ അതിനുണ്ടെങ്കിൽ പണം മുടക്കാൻ ഗൾഫ് മലയാളികൾ തയ്യാറാകും.

പദ്ധതിക്ക് കൃത്യമായ ഒരു കാഴ്ചപ്പാട് ഗവണ്മെന്റ് തന്നെ അവതരിപ്പിക്കേണ്ടതുണ്ട്. പണമിറക്കിയവർക്ക് അവർ പ്രതീക്ഷിക്കുന്ന ലാഭം കിട്ടുമ്പോൾത്തന്നെ രാജ്യത്തിന് പ്രയോജനം ചെയ്യുന്നതാകണം സ്വകാര്യ സംരംഭം വഴിയുള്ള വികസനം.

ഗൾഫ് വരുമാനം ഉല്പാദനപരമായി പ്രയോജനപ്പെടുത്തുന്നതിൽ കേരളം പരാജയപ്പെട്ടത് ഇച്ഛാശക്തിയുള്ള ഗവണ്മെന്റുകളുടെ അഭാവത്താലാണ്. വരുമാനത്തിൽ നല്ല ഒരു പങ്ക് സുരക്ഷിതമായ ആസ്തികളോ ബാങ്ക് ഡെപ്പോസിറ്റുകളോ ആയി മാറുന്ന പ്രവാസി മലയാളിയുടെ മുന്നിൽ ബദൽസംവിധാനം അവതരിപ്പിക്കാൻ ഗവണ്മെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. വിദേശത്തു നിന്നും തിരിച്ചു വന്ന പ്രവാസി മലയാളികളുടെ സമ്പാദ്യത്തെയെങ്കിലും കാർഷിക വ്യവസായ മേഖലകളിലേക്ക് ആകർഷിക്കാൻ കഴിയാതെ പോകുന്നത് ദൗർഭാഗ്യകരമാണ്.

ഗൾഫ് മേഖലയിലുള്ള പ്രവാസി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറെ സുപ്രധാനമായ കാര്യമാണ് കുടിയേറ്റ നിയമങ്ങളുടെ പരിഷ്കരണം. നിലവിലുള്ള കുടിയേറ്റ നിയമങ്ങൾ തികച്ചും കാലഹരണപ്പെട്ടതാണ്. ബ്രിട്ടീഷ് കോളനികളിലേക്ക് കൂലിത്തൊഴിലാളികളെ കൊണ്ടുപോകാൻ സൃഷ്ടിച്ച എമിഗ്രേഷൻ നിയമമാണ് ഇപ്പോഴും നമുക്കുള്ളത്. സ്വാതന്ത്ര്യം കിട്ടി ഏഴു പതിറ്റാണ്ടായെങ്കിലും 1922 ലെ ബ്രിട്ടീഷ് നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി പ്രവാസികൾക്ക് അനുകൂലമായ രാജ്യ പുരോഗതിക്കുള്ള കുടിയേറ്റ നിയമ നിർമ്മാണം ഇനിയും നമുക്ക് സാധ്യമായിട്ടില്ല.

പ്രവാസി ഇന്ത്യക്കാരുടെ ഭാഷാപ്രാതിനിധ്യ അടിസ്ഥാനത്തിൽ എംബസികളിൽ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതുണ്ട്. ഗൾഫ് പ്രവാസികളിൽ ഭൂരിപക്ഷം വരുന്ന ഗാർഹിക മേഖലയിലെയും ചെറുകിട-ഇടത്തരം തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന അവിദഗ്ധ തൊഴിലാളികളുടെയും പ്രശ്നങ്ങളിൽ ഇന്ത്യൻ എംബസിയുടെ സേവനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

പ്രവാസി മലയാളി വകുപ്പിന്റേയും നോർക്കയുടേയും പ്രവർത്തനങ്ങളെ പ്രവാസി മലയാളി സംഘടനകളുടെ സഹകരണത്തോടെ കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നത് നിരാലംബരായ പ്രവാസി തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സഹായകരമാകും.

കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ പ്രവാസികൾക്ക് കഴിഞ്ഞു. പക്ഷേ, പ്രവാസികൾക്ക് കേരളം അർഹമായ പരിഗണന കൊടുത്തിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രവാസികളുടെ 13 ലക്ഷം വീടുകൾ കേരളത്തിൽ അടഞ്ഞു കിടക്കുന്നതായി ഇതു സംബന്ധിച്ച പഠനം വ്യക്തമാക്കുന്നു. പുതിയ ജീവിതത്തെ സ്വപ്നം കണ്ടുകൊണ്ട് ഓരോ ദിവസവും കഴിച്ചുകൂട്ടുന്നു ഞങ്ങൾ ഈ പ്രവാസ ഭൂമിയിൽ, പുത്തൻ പ്രതീക്ഷകളോടെ.... ■

A User-Friendly Church Operations and Accounting Suite

HA MANAHEL
CHRISTIAN CHURCH SOFTWARE

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities.

A Few Facilities available in Ha Manahel :

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Receipts & Payments ■ Financial Statements / Quarterly ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, First Communion, Premarital Counseling ■ Certificates ■ Special Receipt for Qurbana Panam, ... ■ Income & Expenditure A/c (Malankara Orthodox Suriyani Sabha) ■ ...

☎ 09446431460 / 09447046957 / 09495673797 / 9400580620
bilumathew@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

Software available for all denominations

Installed Orthodox churches Including :
Niranom, Mallappally Kaipatta, Kaviyoor Sleeba, Panayampala, Naganchery, Thiruvalla—Kattappuram, Kolencherry, Mulamthuruthy, Trichur St Ignatius Cathedral, Anaprampal, Australia / Brisbane St George (Indian), New Delhi St. Stephen's, Chengaroor, Kuttapuzha (Tiruvalla), Ichilampadi (Mangalapuram), Chennithala,, & other denomations - Maramon, , Eraviperoor, Pandanad, Kollam, Saudi, Muscat, Qatar, Chicago, Bomaby, Bangalore, Delhi, Ernakulam, Trichur, Alapuzha, Ranny, Karavaloor, Chathannur, Kundara, Trivandrum, Chungathara, Ayroor, Perumbavoor, Kottarakkara, Valakom, Panavely, ... (More than 150 installations till September 2016)

Annual Income & Expenditure as per Malankara Orthodox Sabha Audit Requirement

ശാസ്താംകോട്ട: പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ എഞ്ചിനീയറിംഗ് കോളേജിൽ *ICETT 2016* എന്ന പേരിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര കോൺഫറൻസിന്റെ ഉദ്ഘാടനം ഒക്ടോബർ 21-നു കൊല്ലം ഭദ്രാസനാധിപൻ സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായും IEEE ഇൻഡ്യ കൗൺസിൽ ചാപ്റ്റർ ചെയർമാൻ ഡോ. എം. മാധേശ്വരനും ചേർന്ന് നിർവ്വഹിച്ചു.

മുഖ്യ അതിഥികളായി ശ്രീലങ്കയിലെ മൊറാത്തുവാ സർവ്വകലാശാലാ പ്രൊഫസർ ഡോ. സിസിൽ കുമാരവധു, തായ്‌ലന്റ് രാജമംഗള സർവ്വകലാശാലാ പ്രൊഫസർ ഡോ. നട്ടാചോട്ടെ റുഗ്ത്തെചരോൺചീപ്, കൽക്കത്ത ഹെവി വാട്ടർ ബോർഡ് ഹ്യൂമൻ റിസോർസസ് തലവൻ എ.കെ. നരംഗ്, സൗത്ത് ആഫ്രിക്കയിലെ ഷ്വാൻ സർവ്വകലാശാലാ പ്രൊഫസർ റംബുലുവാനി ഷുവാന, മാംഗ്ലൂർ സർവ്വകലാശാലാ പ്രൊഫസർ ഡോ. മഞ്ചയ്യാ, ബാംഗ്ലൂർ സർവ്വകലാശാലാ പ്രൊഫ. മഞ്ചേഷ്, പ്രിൻസിപ്പൽ ഡോ. എൽ. പദ്മാ സുരേഷ്, ഡയറക്ടർ ഡോ. എഫ് വി. ആൽബിൻ, അഡ്മിനിസ്ട്രേറ്റർ ഫാ. തോമസ് വർഗീസ് ചാവടയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ദേശീയ-അന്തർദേശീയ തലത്തിലെ 150 ഓളം കോളേജുകളിൽ നിന്നുള്ള ഗവേഷണ വിദ്യാർത്ഥികളും അദ്ധ്യാപകരും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

For Favours Received

Mani P. Thomas

അഖില മലങ്കര പ്രസംഗ മത്സരം

(2016 നവം.18, ഞായറാഴ്ച)

മലങ്കരയുടെ വലിയ ബാവാ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (കുറിച്ചി ബാവാ)യുടെ 53-ാം ഓർമ്മപെരുനാളിനോടനുബന്ധിച്ച് പ. പിതാവിനെക്കുറിച്ച് അനുസ്മരിക്കുവാൻ ഒരു പ്രസംഗ മത്സരം സൺഡേസ്ക്കൂൾ അഖില മലങ്കര അടിസ്ഥാനത്തിൽ **2016 ഡിസംബർ 18-ാം** തീയതി ഞായറാഴ്ച (18-12-16) **2.00 p.m.-ന് കുറിച്ചി വലിയ പള്ളിയിൽ** വച്ച് നടത്തും.

വിഷയം: **പ്രതിസന്ധികളെ അതിജീവിച്ച മലങ്കരയുടെ വലിയ ബാവാ**

നിബന്ധനകൾ: 1) സൺഡേസ്ക്കൂളിൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾ (VII-XII); 2) 11-12-2016-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 3) പ്രസംഗ സമയം 5 മിനിറ്റ്. 4) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് 5000, 3000, 2000 രൂപാ വീതം സമ്മാനം നൽകും 5. സമ്മാനങ്ങൾ 2017 ജനുവരി 2-ന് കുറിച്ചി വലിയ പള്ളിയിൽ നടക്കുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവാ അനുസ്മരണ സമ്മേളനത്തിൽ നൽകും.

For Registration - Fr. V.M. Abraham Vazhackal, St. Peters & St. Paul's Orthodox Church, Neelamperoor P.O., Kurichy-686534,

Ph: 9446384402, 9400833608, 9495912812
or kurichybava@yahoo.com

Advt.

നാഗ്പ്പൂർ സെ. തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ കോൺവൊക്കേഷന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമികത്വം വഹിക്കുന്നു. ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. യൂഹാനോൻ മാർ ദിമത്രയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്, റവ. ഡോ. സദാനന്ദ, റവ. ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, യാക്കോബ് മാർ ഏലിയാസ്, ഡോ. എബ്രഹാം മാർ സെറാഫിം എന്നീ മെത്രാപ്പോലീത്തന്മാർ സമീപം.

വേദവിചാരം

ഫാ. ഡോ. റെജി ഗീവർഗ്ഗീസ്, മുട്ടം



2016 *നവംബർ 20*

ദൈവമാതാവിനോടുള്ള അറിയിപ്പ്

വി: ലൂക്കോ. 1:26 – 38

എലിസബെത്ത് ഗർഭിണിയായതിന്റെ ആറാം മാസത്തിൽ ദൈവദൂതനായ ഗബ്രിയേൽ നസറെത്ത് എന്ന ഗലീല പട്ടണത്തിലെത്തി മറിയാമിനെ അഭിവാദ്യംചെയ്തു; "കൃപലഭിച്ചവളേ, നിനക്ക് വന്ദനം. കർത്താവ് നിന്നോടുകൂടെയുണ്ട്". അസാധാരണമായ ഈ അഭിവാദ്യം കേട്ട് ഭയപരവശയായ മറിയാമിനെ ഗബ്രിയേൽ ദൂതൻ ധൈര്യപ്പെടുത്തി ദൈവിക അരുളപ്പാട് അറിയിച്ചു. അവൾക്ക് ധൈര്യം പകരാൻ എലിസബെത്തിന്റെ അനുഭവം ഒരു അടയാളമായി നിർദ്ദേശിച്ചു. "ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല" എന്ന ദൂതന്റെ ഉറപ്പ് മറിയാമിന്റെ സമ്പൂർണ്ണ സമർപ്പണത്തിനു വഴിയൊരുക്കി. മാലാഖയുടെ ദൂതുപോലെ ഭവിക്കുന്നതിന് അവൾ തന്റെ ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ചു.

1. സൃഷ്ടിയുടെ അതുല്യത വെളിപ്പെടുത്തുന്ന വീണ്ടെടുപ്പ്

മനുഷ്യരുടെ അടുക്കലേക്ക് വന്ന് അവരെ വീണ്ടെടുക്കാവാൻ സന്നദ്ധനായ ദൈവത്തെ പഴയനിയമത്തിലുടനീളം കാണാം. ഇക്കാര്യം ഇന്നത്തെ പഴയനിയമ വായനയിൽ വ്യക്തമാക്കുന്നുണ്ട് (ആവർത്തനം 26:16–19; ന്യായാധിപന്മാർ 13:2–14; സഖറിയ 2:1–13, 4:1–17, 8:3; യെശയ്യാവ് 63:15–, 64:5). കൂടാതെ, ഇന്നത്തെ വി. ശ്ലീഹാ വായനയിലും ദൈവത്തിന്റെ സ്നേഹവും സന്ദർശനവും പ്രത്യേക പരാമർശമാണ് (1 യോഹന്നാൻ 3:2–17; എബ്രായർ 6:13–20, 7:1–10). മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം മനുഷ്യനായി അവതരിക്കുമെന്ന് ദൈവദൂതൻ മറിയം എന്ന കന്യകയ്ക്ക് അറിയിപ്പ് നൽകുന്നു. വിവാഹനിശ്ചയം കഴിഞ്ഞിരുന്നുവെങ്കിലും അവൾ പിതാവിന്റെ ഭവനത്തിൽ തന്നെയായിരുന്നു. അതായിരുന്നു യഹൂദ രീതി.

നസറെത്തിലെ ഗലീല എന്ന അപ്രധാനമായിരുന്ന പട്ടണത്തിലായിരുന്നു അവളുടെ ഭവനം. എങ്കിലും ലോകരക്ഷകന്റെ ജനനവാർത്ത അവിടെ എത്തി എന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ മുന്നോടിയായ യോഹന്നാന്റെ ജനന വാർത്ത ദൈവാലയത്തിലായിരുന്ന സഖറിയ പുരോഹിതന്റെ അടുക്കലെത്തി (1:8–20). ദൂതന്റെ അഭിവാദ്യം കേട്ട് പരിഭ്രമിച്ച മറിയമിനെ ധൈര്യപ്പെടുത്തി അവളോടു പറഞ്ഞു, "നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും, അവന്നു യേശു എന്നു പേർ വിളിക്കണം. അവൻ വലിയവൻ ആകും, അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും." എങ്കിലും മറിയ ഒരു സന്ദേഹമുന്നയിച്ചു, "ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും." അതിന് ദൂതൻ, "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും."

മറിയാം ഗർഭം ധരിക്കുന്നത് അപാരമായ ദൈവകൃപയാലും ദൈവാത്മാവിനാലുമാണ്. പുരുഷബന്ധം കൂടാതെ ഒരു കന്യക ഗർഭം ധരിക്കുന്നത് മനുഷ്യബുദ്ധിക്ക് അതീതമാണ്. എന്നാൽ ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ല (1:37). കന്യകയുടെ ഗർഭധാരണത്തെപ്പറ്റി യെശയ്യാ പ്രവാചകൻ പ്രവചിച്ചത് നിവൃത്തിയായി (യെശയ്യാവ് 7:10–17). "കന്യക ഗർഭിണിയായതിനാൽ ആനന്ദിക്കുക നിബിയാം യെശായ്യാ അമ്മനുവേലാം ആത്മജനെപ്പെറ്റു കന്യകയാൾ" - എന്ന ആരാധനയിലെ പുകഴ്ത്തുപാട്ട് (magnificat) പ്രവചനപൂർത്തീകരണത്തെ ഓർമ്മിപ്പിക്കുന്നു. കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനത്തെ സംശയിക്കുന്ന പണ്ഡിതന്മാരും ക്രിസ്തീയ സഭാംഗങ്ങളുമുണ്ട്. തന്റെ സുവിശേഷ രചനയ്ക്ക് ആധാരമായ വസ്തുതകൾ സൂക്ഷ്മപരിശോധന നടത്തി (1:4) രചിച്ച സുവിശേഷത്തിൽ മറിയാമിന്റെ വൈവാഹിക നിലയും (27), അവളുടെ സ്വാഭാവിക പ്രതികരണവും (34) രേഖപ്പെടുത്തിയിരിക്കുന്നത് യേശു ദൈവപുത്രനെന്ന് വെളിപ്പെടുത്തുവാനാണ്.

കന്യകയിൽ നിന്ന് (1:27, 34, 2:5; മത്തായി 1:18) ജനിക്കുന്ന ശിശുവിന്റെ പേര് "യേശു" എന്നായിരിക്കണമെന്നാണ് ദൂതൻ വെളിപ്പെടുത്തിയത്. യേശു എന്ന പേരിന് "യഹോവ രക്ഷിക്കുന്നു" എന്നർത്ഥം. കൂടാതെ കന്യകയിൽ നിന്ന് ജനിക്കുന്ന ശിശുവിന് ദൈവദത്തമായ അനേക നിലകളുമുണ്ട് (1:32–33). ശിശുവിന്റെ നാമം തന്നെ രക്ഷിക്കുന്ന സ്വഭാവം വെളിപ്പെടുത്തുന്നതാണ്. അവന്റെ ജനനവുമായി ബന്ധപ്പെട്ട് രക്ഷയുടെ സ്വരം കേൾക്കുവാൻ തുടങ്ങിയിരിക്കുന്നു (1:47,71,74,77, 2:11). ദൈവം തന്റെ അഭിഷിക്തനായ ദാവീദിനോട് ചെയ്ത പ്രവചനം (2 ശമുവേൽ 7:11–16) നിവർത്തിക്കുകയാണ്. ദൈവം തന്റെ പുത്രനിലൂടെ മനുഷ്യവർഗ്ഗത്തെ മുഴുവൻ രക്ഷിക്കുകയും അവരെ നേർവഴിക്കു നയിക്കുകയും ചെയ്യുമെന്ന ഉറപ്പാണ് നല്കുന്നത്. മനുഷ്യപുത്രനെന്ന് സ്വയം വിശേഷിപ്പിക്കുന്ന യേശു തന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തുന്നു, "കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" (19:10). ആത്മപ്രചോദിതനായ ശിമ്യോൻ ദൈവാലയത്തിൽ ശിശുവായ യേശുവിനെ ദൈവം ഒരുക്കിയ 'രക്ഷ' എന്നുതന്നെയാണ് വിളിക്കുന്നത് (2:31). സുവിശേഷത്തിലുടനീളം യേശു നൽകുന്ന രക്ഷയുടെ വിവരണമാണുള്ളത്. കാലസമ്പൂർണ്ണതയിൽ ദൈവം മനുഷ്യകുലത്തിനു നൽകിയ ഏറ്റവും വലിയ മഹത്വമാണ് യേശു എന്ന രക്ഷകൻ. അവൻ മനുഷ്യകുലത്തെ മുഴുവൻ രക്ഷിക്കുന്നു. കാലാതിവർത്തിയായ ദൈവം കാലത്തിനുള്ളിലേക്ക് ഇറങ്ങിവന്ന് മനുഷ്യരെയും സകല സൃഷ്ടിയെയും രക്ഷിക്കുന്ന സദ്വാർത്തമാനം നമുക്ക് പ്രത്യാശയും വിശ്വാസവും വർദ്ധിപ്പിക്കുന്നതാണ്.

2. അണപൊട്ടിയൊഴുകുന്ന ദൈവകൃപയുടെ നീർച്ചാലുകൾ

ദൈവസ്നേഹത്തിൽ നിന്ന് നിർഗ്ഗളിക്കുന്ന കൃപയുടെ പ്രവാഹമാണ് മനു

ഷ്യാവതാരത്തിൽ നാം കാണുന്നത്. വിദൂരസ്ഥനെന്ന് (transendent) കരുതുന്ന ദൈവത്തിന്റെ സാമീപ്യം (imminence) മനുഷ്യാവതാരത്തിൽ വ്യക്തമായി. ദൈവേഷ്ടം ദൂതൻ മുഖേന നസറെത്ത് എന്ന ചെറുപട്ടണത്തിലെത്തി. മറിയയുടെ അടുക്കൽ അകത്തു ചെന്നാണ് ഗബ്രിയേൽ മാലാഖ അവളെ അഭിവാദ്യം ചെയ്തത്. കൃപലഭിച്ച മറിയമിനെയാണ് ദൂതൻ അഭിവാദ്യം ചെയ്യുന്നത്. ദൈവം അവളോടുകൂടെയുണ്ടെന്ന് ദൂതൻ അവളെ അറിയിക്കുന്നു. ഈ അഭിവാദ്യത്തിന്റെ അർത്ഥമറിയാതെ മറിയ പരിഭ്രമിച്ചു. അത്യന്തം ഭയപരവശയായ മറിയ ആത്മഗതം ചെയ്തു, 'ഇതെന്തൊരു വന്ദനം?' ദൂതനവളെ ധൈര്യപ്പെടുത്തി, 'ഭയപ്പെടേണ്ടാ'. നാളിതുവരെയും ലഭിച്ചിട്ടില്ലാത്ത ദൈവിക അരുളപ്പാട് ലഭിക്കുന്ന മറിയ എന്ന കന്യക ഭക്തിപാരവശ്യത്താൽ ഭയന്നു പോയിരുന്നു. എന്നാൽ ദൈവകൃപ ലഭിച്ച മറിയാമിന് ഭയപ്പെടേണ്ട ആവശ്യമില്ലെന്ന് ആ എരിതീമയൻ ഓർമ്മിപ്പിച്ചു. മനുഷ്യാവതാരത്തെ ഉൾക്കൊള്ളുന്നതിന് ദൈവത്തിന്റെ കൃപയും സാന്നിദ്ധ്യവും ഏതൊരാൾക്കും ആവശ്യമാണന്ന് മറിയായുടെ ജീവിതം ഓർമ്മിപ്പിക്കുന്നു.

മനുഷ്യാവതാരത്തിന് ദൈവത്തോട് ചേർന്നു പ്രവർത്തിച്ച മറിയ ക്രിസ്തുവിലൂടെ രക്ഷിക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയാണ്; ദൈവസാന്നിധ്യത്തിന്റെ ആത്മസന്തോഷം കൊണ്ട് നിറഞ്ഞ മറിയ കൃപയുടെ നീർച്ചാലായി മാറുന്നു (1:14,47,58, 2:10). ദൈവസാന്നിധ്യത്താൽ സന്തോഷിച്ചാനന്ദിക്കുവാനുള്ള പ്രവാചകന്മാരുടെ ആഹ്വാനം (സെഫന്യാവ് 3:14-16; സഖറിയ 9:9; യോവേൽ 2:21) മറിയാമിൽ നിവൃത്തിയായി. രക്ഷകനായ യേശുവിനെ പ്രസവിക്കുന്നതിനുള്ള സൗഭാഗ്യം ലഭിച്ചവളായ മറിയ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവൾ തന്നെയായിരുന്നു. യേശുവിന്റെ ജനനം മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയായിരുന്നു. ആ രക്ഷ നേടുന്നതിൽ ദൈവത്തിന്റെ കൃപ മറിയമിനെപ്പോലെ ഏതൊരു വിശ്വാസിക്കും ലഭിക്കണം. വിശ്വാസം മൂലമുള്ള രക്ഷയ്ക്ക് കൃപ തന്നെയാണ് അടിസ്ഥാനം (എഫെസ്യർ 2:8-10). ലഭിച്ച കൃപ നന്മയുടെ നീർച്ചാലാക്കി വളർത്തുന്നതിന് മറിയയ്ക്ക് സാധിച്ചു. ശിശുവായ യേശുവിനെ വളർത്തുന്നതിലും (2:35,51) അവനെ അനുഗമിച്ച് സമ്പൂർണ്ണ സമർപ്പണത്തിൽ ജീവിക്കുന്നതിനും കൃപ ലഭിച്ച മറിയാമിന് കഴിഞ്ഞു.

3. ക്രിസ്തു ഉരുവാകുന്ന സമ്പൂർണ്ണ സമർപ്പണം

വിവാഹനിശ്ചയം കഴിഞ്ഞ് പിതൃഭവനത്തിൽ കഴിയുന്ന മറിയാമിന് ഒരു പുത്രന് ജന്മംനൽകുവാനുള്ള ആഹ്വാനം ആദ്യം ഭയമാണ് ജനിപ്പിച്ചതെങ്കിലും ദൂതൻ നല്കുന്ന അടയാളങ്ങളും ഉറപ്പുകളും അവളെ ധൈര്യപ്പെടുത്തി (1:37). അവൾ ദൂതനിലും ദൈവത്തിലും ഒരുപോലെ വിശ്വാസമർപ്പിച്ചു. മറിയ ഇങ്ങനെ പ്രതികരിച്ചു, "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (1:38). ഇതാ എന്നതിന് ഉപയോഗിക്കുന്നത് 'ഇഡു' എന്നൊരു പദമാണ്. 'ഇതാ', 'കാണുക', 'നോക്കു' എന്നെല്ലാമാണ് ഈ പദത്തിന്നർത്ഥം. ലൂക്കോസിന്റെ സുവിശേഷത്തിൽ ഈ പദം 57 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ ഈ പദത്തിന് ശേഷം വരുന്നത് ഒരു നിർണ്ണായക തീരുമാനമോ, അനുഭവമോ ആണ് (19:8, അപ്പോസ്തോല പ്രവൃത്തികൾ 7:56). കന്യകമറിയാമിന്റെ സമർപ്പണം മനുഷ്യാവതാരത്തിലെ ഏറ്റവും നിർണ്ണായകമായ വഴിത്തിരിവായിരുന്നു. അവളുടെ ജീവിതം ദൈവത്തിനായി സമർപ്പിക്കുന്നതിന് മറ്റാരുടേയും ആലോചന അവൾക്ക് ആവശ്യമായിരുന്നില്ല. ആ സമർപ്പണത്തിൽ നിന്നാണ് പരിശുദ്ധാത്മാവിനാൽ അവൾ ഗർഭിണിയായത്. ദൂതൻ അവളെ വിട്ടു പോയപ്പോൾ അവൾ ഏകാന്തതയിലായിരുന്നു എങ്കിലും ദൈവം അവളോടു കൂടെയുണ്ടെന്നുള്ള ദൂതന്റെ ഉറപ്പ് അവൾക്ക് അനുഭവവേദ്യമായി.

സമ്പൂർണ്ണ സമർപ്പണത്തിന് സ്വകാര്യ താൽപര്യങ്ങളോ നൊമ്പരങ്ങളോ തടസ്സമാവില്ല. സമർപ്പണത്തിന് നിർണ്ണായകമാകുന്നത് കാലഗണനയാണ്. ദൈവത്തിന് മുൻഗണന നൽകുന്നവർക്ക് മാത്രമേ യേശുവിന്റെ പിന്നാലെ ഗമിക്കുവാൻ കഴിയൂ. മറ്റ് കാര്യങ്ങളിൽ മുഴുകിയിരുന്നവർക്ക് യേശുവിന്റെ വിളി ഏറ്റെടുക്കാൻ കഴിയാത്ത ചിത്രം സുവിശേഷം നൽകുന്നുണ്ട് (9:58-62). ക്രിസ്തു നമ്മിൽ ഉരുവാകണമെങ്കിൽ സമ്പൂർണ്ണ സമർപ്പണമാണ് ആവശ്യം. നമ്മുടെ ജീവിതം അവൻ ആവശ്യപ്പെടുമ്പോൾ നൽകണമെങ്കിൽ കൃപയും വിശ്വാസവുംകൂടി ആവശ്യമാണ്.

2016 നവംബർ 27

എലിസബേത്തിന്റെ അടുക്കലേക്കുള്ള യാത്ര

വി: ലൂക്കോ. 1: 39 – 56

കർത്താവിന്റെയും അവന്റെ മുന്നോടിയായ യോഹന്നാന്റെയും ജനനവാർത്ത പരസ്പര ബന്ധിതമാണ്. യേശു എന്ന രക്ഷകൻ ജനിക്കുമെന്ന സദ്വാർത്ത സ്വീകരിച്ച കന്യകയായ മറിയ തന്റെ ബന്ധുവും വൃദ്ധയുമായ എലിസബേത്തിനെ കാണുവാൻ യാത്ര തിരിച്ചു. അവൾ യഹൂദ്യയിലെ സഖറിയായുടെ ഭവനത്തിലെത്തി ഗർഭിണിയായ എലിസബേത്തിനെ വന്ദിച്ചു പരിശുദ്ധാത്മാവ് നിറഞ്ഞ് എലിസബേത്ത് മറിയാമിനെയും അവളുടെ ഉദരത്തിൽ വസിക്കുന്ന യേശുവിനെയും പ്രകീർത്തിച്ചു. എലിസബേത്ത് മറിയയുടെ സന്ദർശനത്താൽ ധന്യയായി. അവൾ മറിയയുടെ വിശ്വാസത്തെ പ്രകീർത്തിച്ചു. അവളുടെ സന്ദർശനം തന്നെ തന്റെ യോഗ്യതയ്ക്ക് അപ്പുറമാണെന്ന് വ്യക്തമാക്കി. ആത്മഹർഷത്താൽ മറിയാം ദൈവത്തെ പുകഴ്ത്തിപ്പാടി. ഇരുവരുടേയും ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ ഇസ്രായേലിന്റെ ചരിത്രത്തോട് ബന്ധിപ്പിച്ച് മറിയ വ്യാഖ്യാനിച്ചു.

1. സാർത്ഥകമാകുന്ന ജന്മങ്ങൾ:

ഓരോ ജന്മവും ദൈവപ്രസാദകമാണ്. എന്നാണ് ദൈവം തന്നെ ഇറങ്ങി ഒരുവനിൽ വസിച്ചാൽ ആ സംഭവം എങ്ങനെയാണ് വിവരിക്കുക. ക്രിസ്തു സംഭവം (Christ-event) മനുഷ്യരുടെ ജീവിതത്തെ പരിവർത്തനപ്പെടുത്തും. രക്ഷാചരിത്രം രേഖപ്പെടുത്തുന്ന വി. ലൂക്കോസ് ക്രിസ്തുവിന്റെ തിരുജനനം വ്യക്തികളെ മാറ്റി മറിക്കുന്ന വർണ്ണനാതീതമായ സംഭവങ്ങളാണ് ഇന്ന് വിവരിക്കുന്നത്. രണ്ട് സ്ത്രീകളുടെ സഫലമായ ജീവിതത്തെക്കുറിച്ച് വിവരിക്കുന്ന സുവിശേഷകൻ സ്ത്രീത്വത്തിന്റെ അത്യുൽകൃഷ്ടങ്ങളായ തലങ്ങളെ നമുക്ക് മുന്നിൽ വരച്ചുകാട്ടുകയാണ്.

ദൈവപുത്രന്റെ അമ്മ എന്ന നിലയിലാണ് മറിയയുടെ ജീവിതം സായൂജ്യമടയുന്നത്. അവൾ രക്ഷകന്റെ അമ്മയാണ് (1:31). അതൊരു അതുല്യഭാഗ്യമാണെന്ന് ആത്മാവിന്റെ പ്രചോദനത്താൽ എലിസബത്ത് പ്രസ്താവിക്കുന്നു (1:42,45). അതുകൊണ്ടുതന്നെ അവൾ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാണ്. ദൈവം മറിയയെ തിരഞ്ഞെടുത്തതാണ് അതിന് കാരണം. അവൾക്ക് ദൈവകൃപ ലഭിച്ചിരുന്നു (1:28,30). കൂടാതെ ദൈവവും അവളോടുകൂടെയുണ്ടായിരുന്നു. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന സമർപ്പണ ജീവിതത്തെ തലമുറകൾ വാഴ്ത്തി പുകഴ്ത്തുമെന്ന് വചനം സാക്ഷിക്കുന്നു (1:48). ആ തിരിച്ചറിവ് ആദ്യമായി ലഭിക്കുന്നത് എലിസബേത്തിനാണ് (1:42,45).

എന്നാൽ കന്യകമറിയാമിന്റെ ജീവിതം ഒരു വാളിന്റെ

നൊമ്പരം പേറുന്നതുമായിരുന്നു. സന്തോഷത്തിന്റെ കിരീടവും, ദുഃഖത്തിന്റെ ക്രൂശും ഒരുപോലെ വഹിക്കുന്ന അനുഭവങ്ങളിലൂടെ ആ മഹതി യാത്ര ചെയ്തു. ദൈവം അവളെ തിരഞ്ഞെടുത്തത് ദൈവേഷ്ടം അവളിലൂടെ നിറവേറ്റുന്നതിനുവേണ്ടിയായിരുന്നു എന്ന് അവൾ തിരിച്ചറിഞ്ഞു. തന്റെ ഉദരത്തിൽ ഉൽപാദിതമാകുന്ന ശിശു ആരാകുന്നു എന്ന് ദൂതൻ അവൾക്ക് വെളിപ്പെടുത്തിയതുമില്ല. അവനെക്കുറിച്ച് വൻ കാര്യങ്ങളാണ് അവളെ ബോധിപ്പിച്ചത് (1:32-33). അവൾക്കു നേരിടേണ്ടിവരുന്ന കഷ്ടപ്പാടിനെക്കുറിച്ച് ഒന്നും വെളിപ്പെടുത്തിയിരുന്നില്ല. ദുരിതപൂർണ്ണമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു അവൾക്ക്. അവൾ ജന്മം നൽകിയ കുഞ്ഞിനെ പുൽത്തൊട്ടിയിൽ കിടത്തേണ്ടിവന്നു (2:7). ആത്മനിയോഗത്താൽ ശിമ്യോൻ വെളിപ്പെടുത്തിയ വാളിന്റെ അനുഭവം അവളിൽ ചാഞ്ചല്യം ഉളവാക്കിയില്ല (2:35). വ്യസനമായാലും (2:48) വേറിട്ട അനുഭവമായാലും അവൾ അതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു (2:19,51).

കർത്താവിന്റെ മുന്നോടിയായ യോഹന്നാന്റെ അമ്മ എലിസബേത്തും സന്തോഷവതിയായിത്തീർന്നു. വാർദ്ധക്യകാലത്ത് അപ്രതീക്ഷിതമായി അവൾ ഗർഭം ധരിച്ചു എങ്കിലും അവളുടെ നിന്ദ അതുവഴി നീങ്ങിയതായി അവൾ ആശ്വസിച്ചു (1:25). മറിയയുടെ സന്ദർശനം അവളിൽ ആശ്ചര്യമുളവാക്കിയെങ്കിലും അവൾ സന്ദർശന സൗഭാഗ്യം നേടി. പരിശുദ്ധാത്മാവ് നിറഞ്ഞവളായി മറിയയെ അനുഗ്രഹിച്ച് അവളും ധന്യത നേടി. ഇവരുടെ അപൂർവ്വമായ ഈ കൂടിക്കാഴ്ച ദൈവപദ്ധതിയുടെ ഭാഗമായ രണ്ട് മഹത് വ്യക്തികളുടെ ത്രസിപ്പിക്കുന്ന അനുഭവമായി. ഇരുവരും സന്താന സൗഭാഗ്യങ്ങൾ കൊണ്ട് ചരിത്രത്തിൽ ഇടം നേടിയവരായി. ഒരാൾ വഴിയൊരുക്കുന്നവനെങ്കിൽ അപരൻ വഴി തന്നെയാണ്. തങ്ങളുടെ മക്കളെക്കുറിച്ചുള്ള ഈ തിരിച്ചറിവ് പരിഭവങ്ങളില്ലാത്ത "ഞാനെന്ന" ഭാവമില്ലാത്ത സമ്പൂർണ്ണ സമർപ്പണത്തിന് അവരെ സന്നദ്ധരാക്കി. "ഈശ്വരാ! ഞാനെന്തായിത്തീരാൻ നീ ആഗ്രഹിക്കുന്നുവോ, അങ്ങനെ എന്നെ നീ ആക്കിത്തീർക്കണമേ" എന്ന നിക്കോസ് കസൻദ്സാക്കിസിന്റെ പ്രാർത്ഥന അവരുടെ ജീവിതത്തോട് ചേർത്ത് വായിക്കാവുന്നതാണ്.

2. ആത്മനിറവിലൊരു ഒത്തുചേരൽ

യേശു ജനിക്കുമെന്ന ദൂത് ലഭിച്ച കന്യകമറിയാം നേരെ പോയത് തന്റെ ചാർച്ചക്കാരി എലിസബേത്തിന്റെ അടുക്കലേക്കാണ്. മറിയാമിന്റെ പ്രായം ഏകദേശം പതിമൂന്ന് വയസ്സായിരിക്കാം. യഹൂദ രീതി അനുസരിച്ച് പെൺകുട്ടിക്ക് വിവാഹപ്രായം 12-ഉം ആൺകുട്ടികൾക്ക് 14-ഉം ആണ്. എന്നാൽ എലിസബേത്ത് പ്രായാധിക്യമെത്തിയവളായിരുന്നു (1:7,18). എലിസബേത്തിന്റെ ഗർഭധാരണം ദൂതനിൽ നിന്ന് അറിഞ്ഞ് (1:36) അവളെ കാണുവാനും, ശുശ്രൂഷിക്കുവാനും വേണ്ടിയാണ് മറിയ യാത്രയാകുന്നത്. തിടുക്കത്തിലുള്ള ഒരു യാത്രയാണിത്. ബദ്ധപ്പെട്ട് എന്ന മലയാള പദത്തിന് 'തിടുക്കത്തിൽ' വേഗത്തിൽ എന്നാണർത്ഥം. മൂലഭാഷയിൽ സ്പൗഡെസ് എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനർത്ഥം വേഗത്തിൽ എന്നുതന്നെയാണ്. ദൈവീക വെളിപ്പെടുത്തലിന്റെ അനന്തരഫലമാണ് വേഗത്തിൽ യാത്ര പുറപ്പെടുവാൻ കാരണം. എലിസബേത്തിനെ നേരിൽ കാണുക തന്നെയാണ് യാത്രോദ്ദേശ്യം. വിവരങ്ങൾ അറിയുകയല്ല. വിവരങ്ങൾ അറിയുന്നതുകൊണ്ട് മാത്രം തൃപ്തിയടയുന്ന സംസ്ക്കാരമല്ലായിരുന്നു മറിയയുടേയും എലിസബേത്തിന്റെയും. അവരുടെ സംഗമം ഒരു സത്സംഗമായിരുന്നു.

രണ്ടു ദേശത്തും രണ്ടു പ്രായത്തിലുള്ളവർ ഒത്തുചേർന്നപ്പോൾ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞു. അവരുടെ സംവേദനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തിയത് പരിശുദ്ധാത്മാവായിരുന്നു. പൂർവ്വസൂരികളുടെ പ്രവചനം പൂവണിയുന്ന യുഗാന്ത്യമിങ്ങെത്തി എന്ന് നമുക്ക് മനസ്സിലാക്കാം. മറിയാമിന്റെ അഭിവാദ്യം സ്വീകരിച്ച എലിസബേത്തിന്റെ ഗർഭപാത്രത്തിൽ ശിശുവായ യോഹന്നാൻ ആനന്ദപുളകിതനായിത്തീർന്നു. ദൈവപദ്ധതിനുസരിച്ച് ചുവടുകൾ വയ്ക്കുന്ന അമ്മമാരുടെ ഒത്തുചേരൽ ഉദരഫലങ്ങളെ ദൈവശുശ്രൂഷയ്ക്കായി ഒരുക്കുമെന്ന സന്ദേശം വിളംബരം ചെയ്തു. കർത്താവിന് വഴിയൊരുക്കുവാൻ വന്നവൻ കർത്താവിന്റെ സാന്നിധ്യത്താൽ ഉല്ലാസപുളകിതനായി. എലിസബേത്തിന്റെ സംഭാഷണങ്ങളിൽ രണ്ട് കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഒന്ന്, മറിയാമിന്റെ സാന്നിധ്യം ഉൾക്കൊള്ളാനുള്ള തന്റെ യോഗ്യതയെക്കുറിച്ചുള്ള ഉൾബോധ്യം. "എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെനിന്ന് ഉണ്ടായി" എന്ന തിരിച്ചറിവ് ആത്മപ്രചോദനത്താൽ ഉണ്ടായതാണ്. 'മാനം' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നു എങ്കിലും അതിന് തുല്യമായ ഒരു പദം മൂലഭാഷയിലില്ല. 'മഹത്വം', 'ഭാഗ്യം', 'കൃപ', 'യോഗ്യത' എന്നെല്ലാം അർത്ഥപരിണാമങ്ങൾ നല്കത്തക്കവിധമാണ് 43-ാം വാക്യത്തിന്റെ ഘടന. മറിയമിനെ കർത്താവിന്റെ മാതാവ് എന്ന് ആദ്യമായി തിരിച്ചറിഞ്ഞത് എലിസബേത്താണ്. മറിയയുടെ ഗർഭോൽപാദനം പരിശുദ്ധാത്മാവിനാൽ ആണെന്ന സാക്ഷ്യമാണിത്. ഇന്ന് പലരും അതിനെ സംശയിക്കുന്നവരാണ്. കർത്താവിനെക്കുറിച്ച് വിശ്വാസപ്രമാണത്തിൽ പ്രഖ്യാപിക്കുന്ന "പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവ"മെന്ന സത്യം നാം വിസ്മരിച്ചുകൂടാ.

രണ്ട്, മറിയാമിന്റെ അചഞ്ചലമായ വിശ്വാസത്തെ ഭാഗ്യാവസ്ഥയായി തിരിച്ചറിയുന്നു. "അവളോട്" അരുളിച്ചെയ്തത് എന്ന പരാമർശം ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള മനുഷ്യന്റെ വിശ്വാസവും സമർപ്പണവുമാണ് എടുത്തുകാട്ടുന്നത്. "ഭാഗ്യവതി മറിയമേ" എന്ന നമ്മുടെ ആരാധനാഗീതത്തിലെ അഭിവാദ്യം എത്ര തിരുവചനാധിഷ്ഠിതവും ദൈവനിവേശിതവുമാണെന്ന് നാം തിരിച്ചറിയണം. മറിയാം പരിശുദ്ധ സഭയുടെ പ്രതിനിധി എന്നോ വിശ്വാസികളുടെ പ്രതിനിധി എന്നോ ചിത്രീകരിക്കുന്നതിൽ പരിശുദ്ധ പിതാക്കന്മാർ എത്രമാത്രം വചനബന്ധിതമായിരുന്നു എന്നു നമുക്ക് മനസ്സിലാകും.

സാങ്കേതിക വിദ്യയുടെ മികവിൽ വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നത് ശക്തമാണെങ്കിലും സംവേദനം അത്ര കാര്യക്ഷമമല്ല. ഒരു വിവരം അയക്കുന്ന ആളിൽ നിന്ന് (sender)സ്വീകരിക്കുന്ന ആളിൽ (receiver) വ്യക്തമായ ചലനങ്ങൾ സൃഷ്ടിക്കുമ്പോഴാണ് ആശയ സംവേദനം ഫലപ്രാപ്തിയിലെത്തുന്നത്. എന്നാൽ ഏറ്റവും ശക്തമായ ആശയവിനിമയം വ്യക്തിയിൽനിന്ന് വ്യക്തിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ് (intimate and personal). വ്യക്തികളുടെ സാന്നിധ്യത്തിനു പകരമാവില്ല സാങ്കേതിക ഘടകങ്ങൾ. സാമൂഹിക മാധ്യമങ്ങൾ (social media) വഴി വിവരങ്ങളും ആശയങ്ങളും കൈമാറിക്കൊണ്ടിരിക്കുന്നുവെങ്കിലും വ്യക്തിയെയും സമൂഹത്തെയും ആത്മനിഷ്ഠമായി ഒത്തുചേർക്കുന്നതിനും നവസമൂഹം സൃഷ്ടിക്കുന്നതിനും ഇനിയും നാം വളരെ മുന്നോട്ടുപോകേണ്ടതുണ്ട്. മറിയാം എലിസബേത്ത് കൂടിക്കാഴ്ച വ്യക്തികൾ തമ്മിലുള്ള ഹാർദ്ദവവും ചലനാത്മകവുമായ സംവേ

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

ദനത്തിന് കാരണമായി. വ്യക്തികളെ സ്പർശിക്കുന്ന സംസർഗ്ഗത്തിന് ഇവരുടെ സംഗമം നമുക്ക് പ്രചോദനമാകണം.

3. പരിവർത്തനത്തിന്റെ സുവർണ്ണ ഗീതം

'ലോകത്തിലെ ഏറ്റവും സുന്ദരമായ പുസ്തകം' എന്ന് വിശ്രുതി നേടിയ വി. ലൂക്കോസിന്റെ സുവിശേഷത്തിലെ ഏറ്റവും ഹൃദയാവർജ്ജകമായ ഗീതമാണ് മറിയാമിന്റെ നാവിൽനിന്ന് ഉയരുന്നത്. മറിയാമിന്റെ വിശ്വാസത്തെ പ്രകീർത്തിച്ച എലിസബെത്തിന്റെ സാമീപ്യത്തിലാണ് അവൾ ഇത് ആലപിച്ചത്. Magnificat എന്ന് അറിയപ്പെടുന്ന ഈ പുകഴ്ത്തുപാട്ട് (ഗ്രീക്ക് ഭാഷയിലെ 'മെഗാലുവോ' എന്ന പദം ലാറ്റിൻ വൾഗേറ്റിൽ Magnificat എന്ന് വിവർത്തനം ചെയ്തിരിക്കുന്നതിനാൽ ആ പേര് ലഭിച്ചു). യേശുവിന്റെ പ്രേഷിത ദൗത്യത്തിനൊരാമുഖമെന്ന് വിശേഷിപ്പിക്കാം. ഹന്നായുടെ ഗീതത്തോട് ഇതിന് സാമ്യമുണ്ട് (1 ശമുവേൽ 2:1-10). ഗർഭിണിയായ മറിയ തന്റെ ജീവിതഗന്ധമൂറുന്ന വരികളിലൂടെ ദൈവത്തെ പുകഴ്ത്തുകയാണ്. ശക്തനായ ദൈവം ഒരു സാധാരണ സ്ത്രീയുടെ ജീവിതത്തിൽ വൻകാര്യങ്ങൾ പ്രവർത്തിച്ചതിന്റെ പ്രതിധ്വനിയാണിത്. രക്ഷാദാതാവായ ദൈവം അവളുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നു (1:46-48).

ദൈവം ചരിത്രത്തിൽ ഇടപെട്ടപ്പോഴുണ്ടായ സാമൂഹികപരിവർത്തനങ്ങളും ആ ഗീതത്തിൽ അക്കമിട്ട് നിരത്തുന്നു; അഹങ്കാരികളെ ചിതറിച്ചു, പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി. താണവരെ ഉയർത്തി. വിശന്നവരെ സമ്പുഷ്ടരാക്കി, സമ്പന്നരെ വെറുതെ അയച്ചു. ശക്തനായ ദൈവത്തിന്റെ അതിശക്തമായ പ്രവർത്തനങ്ങളത്രേ ഇവ. ദൈവം ശക്തനെങ്കിലും അവൻ താണവരെ ഉയർത്തുന്നു. ദൈവഭരണത്തിൽ സാമൂഹിക ഘടനയിലുണ്ടാകുന്ന സമൂല മാറ്റമാണിത്. സമ്പൂർണ്ണ പരിവർത്തനത്തിന്റെ ഭേരിയാണ് മറിയാം മുഴക്കുന്നത്. യേശുവിന്റെ പരസ്യശുശ്രൂഷയിലും ഈ 'കാലസമ്പൂർണ്ണ' തയുടെ തീജ്വാലയുണ്ടാകുമെന്ന് ശിമ്യോൻ വ്യക്തമാക്കുന്നു (2:34).

2016 ഡിസംബർ 4

സ്നാപക യോഹന്നാന്റെ ജനനം

വി: ലൂക്കോ. 1: 57 – 80

അരുളപ്പാടനുസരിച്ച് സഖറിയ-എലിസബേത്ത് ദമ്പതികൾക്ക് ജനിച്ച പുത്രന്റെ പരിച്ഛേദനയാണ് 8-ാം ദിവസം നടക്കുന്നത്. യഹൂദന്മാരുടെ കീഴ്വഴക്കം അനുസരിച്ച് പേരിടീൽ കർമ്മംകൂടി നടക്കുന്നതുകൊണ്ട് അയൽക്കാരും ചാർച്ചക്കാരും സഖറിയായുടെ ഭവനത്തിലണഞ്ഞു. കർത്താവ് ഈ വൃദ്ധ ദമ്പതികൾക്ക് കരുണ ചെയ്തിരിക്കുകയാൽ വന്നവരെല്ലാം സന്തുഷ്ടരായി. ശിശുവിന്റെ പേരിനെ ചൊല്ലി അല്പം അവ്യക്തത ഉയർന്നെങ്കിലും അവന്റെ മാതാപിതാക്കൾ ഒരു പേര് തന്നെ നിശ്ചയിച്ച് കൂടിവന്നവരെയെല്ലാം അതിശയിപ്പിച്ചു. നാവിന്റെ ബന്ധനമറ്റ സഖറിയ ദൈവത്തിന്റെ അപാര കൃപകളെ ധ്യാനിച്ച് സ്തുതി പാടി. തന്റെ പുത്രനെക്കുറിച്ച് പ്രവചനവും നടത്തി.

1. അപ്രതീക്ഷിത നിലപാടെടുത്ത മാതാപിതാക്കൾ

സഖറിയാ-എലിസബേത്ത് ദമ്പതികളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം തികച്ചും അപ്രതീക്ഷിത സംഗതികളാണ് (1:7, 18, 20, 21-22). മകന്റെ പരിച്ഛേദന കർമ്മത്തിന് സാക്ഷ്യം വഹിക്കാൻ കടന്നുവന്ന അയൽക്കാർക്കും ബന്ധുകൾക്കുമുണ്ടായിരുന്നു ചില പ്രതീക്ഷകൾ. എന്നാൽ ഈ ദമ്പതികൾ അവരുടെ പ്രതീക്ഷകൾക്കതീതമായി പ്രവർത്തിച്ചു. അപ്പന്റെ പേരുപോലെ തന്നെ മകനും പേരിടുമെന്നായിരുന്നു അവർ കരുതിയിരുന്നത്. കീഴ്വഴക്കങ്ങളെ ഭേദിച്ച് അരുത് എന്ന് ശബ്ദമുയർത്തിയത് എലിസബേത്താണ് (1:60). അവൾ തന്നെ മകന് യോഹന്നാൻ എന്ന് പേര് നിർദ്ദേശിച്ചു. ആ പേരിന് അർത്ഥം "ദൈവകൃപ, യഹോവ കരുണ ചെയ്തു, ദൈവത്തിന്റെ ദാനം" എന്നെല്ലാമാണ്. വൃദ്ധരായ തങ്ങൾക്ക് അപ്രതീക്ഷിതമായി ലഭിച്ച മകൻ ദൈവത്തിന്റെ വരദാനമാകുന്നു എന്ന കാര്യത്തിൽ അവർക്ക് ഏക അഭിപ്രായമായിരുന്നു. ആ ബോധ്യം പ്രതിധ്വനിക്കുന്നതായിരിക്കണം തങ്ങളുടെ മകന്റെ പേരെന്ന് ആ അമ്മയ്ക്ക് നിർബന്ധമുണ്ടായിരുന്നു. മകന്റെ പേര് യോഹന്നാൻ എന്നായിരിക്കണമെന്ന് സഖറിയായിക്ക് വെളിപ്പെടുത്തിയിരുന്നു (1:13). എന്നാൽ ഈ വെളിപ്പാട് ലഭിച്ച സഖറിയാ ഇപ്പോൾ ഊമയാണ്. അദ്ദേഹം പേരിന്റെ കാര്യം എലിസബേത്തിനെ അറിയിച്ചിരുന്നില്ല എന്നുതന്നെവേണം കരുതാൻ (1:62-63). എലിസബേത്തിന്റെ ചാർച്ചയിൽ പോലും ഇല്ലാത്ത പുതിയ പേരിൽ അതൃപ്തരായവർ സഖറിയായോട് അഭിപ്രായമാരാഞ്ഞു. അവനും നിർദ്ദേശിച്ചത് എലിസബേത്ത് തെരഞ്ഞെടുത്ത പേര് തന്നെയായിരുന്നു. ഇതു തികച്ചും അപ്രതീക്ഷിതമായിരുന്നു.

മറ്റുള്ളവരുടെ ദൃഷ്ടിയിൽ അപ്രതീക്ഷിത നിലപാടെടുക്കുന്നവർ എങ്കിലും അവർ ദൈവത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുന്നവരായിരുന്നു. ദൈവിക പദ്ധതികൾക്ക് കീഴ്പ്പെടുമ്പോൾ പൊതുജനാഭിപ്രായത്തെ ചിലപ്പോൾ അവഗണിക്കേണ്ടിവരും. മകന്റെ ജന്മോദ്ദേശം വ്യക്തമായി അറിയാവുന്ന അമ്മയുടെ ധീരമായ നിലപാടാണ് എലസബേത്തിൽ നാം കാണുന്നത്. സമ്മർദ്ദങ്ങൾക്ക് കീഴപ്പെടാത്തവർക്ക് മാത്രമേ ദൈവേഷ്ടത്തിന് പ്രഥമസ്ഥാനം നൽകാൻ കഴിയു. പിതാവിന്റെയോ ചാർച്ചകാരുടെയോ പേരിനോട് ബന്ധമുള്ള നാമം നിർദ്ദേശിക്കുന്നവർ പാരമ്പര്യവാദികളാണ്. അവർ എപ്പോഴും പിന്നിലേക്ക് മാത്രമേ നോക്കു. ഇപ്പോൾ സംഭവിക്കുന്നതിനെക്കാൾ പ്രാധാന്യം അവർക്ക് പഴയ ഏടുകൾ ചികഞ്ഞെടുക്കുന്നതിലാണ്.

ദൂതന്റെ വാക്ക് അവിശ്വസിച്ച സഖറിയാ മകന് യോഹന്നാൻ എന്ന് പേരു നൽകുകവഴി ദൈവേഷ്ടത്തിന് കീഴ്പ്പെട്ടു. പൂർണ്ണ വിശ്വാസം അർപ്പിച്ചപ്പോൾ ഉടൻതന്നെ അവനിൽ ദൈവമഹത്വം വെളിപ്പെട്ടു, അവന്റെ വായുടെ ബന്ധനമറ്റു. 'ഉടനെ' (ഗ്രീക്ക്: പരാക്രിമ) എന്ന ക്രിയാവിശേഷണം ദൈവശക്തിയുടെ പ്രത്യക്ഷമായ വെളിപ്പെടുത്തലാണ് (4:39, 5:25, 8:44, 47, 55, 13:13, 18:43). ദൈവനിശ്ചയങ്ങൾക്ക് പ്രാധാന്യം നൽകുന്ന മാതാപിതാക്കളായിരുന്നു അവർ. യഹോവ ഓർത്ത് കൃപചെയ്തിരിക്കുന്നു എന്ന കാര്യത്തിലാണ് അവരുടെ ഐക്യം. സഖറിയാ എന്ന പേരിന് "യഹോവ ഓർക്കുന്നു" എന്നർത്ഥം. ഇസ്രായേലിനെയും സഖറിയായേയും ഓർത്ത് ചരിത്രത്തിൽ പ്രവർത്തിക്കുകവഴി "ദൈവം കൃപചെയ്തു" എന്നു തന്നെയാകണം മകന്റെ പേര് എന്നവർക്ക് നിശ്ചയമുണ്ടായിരുന്നു. വാർദ്ധക്യത്തിൽ ജനിച്ച മകനെക്കുറിച്ച് അവർക്ക് അവ്യക്തതകൾ ഇല്ലായിരുന്നത് അവർ ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരായിരുന്നതിനാലാണ്. ദൈവേഷ്ടത്തിനും ദൈവകൃപയ്ക്കും വിധേയരായ ആ മാതാപിതാക്കളുടെ സമീപനം നമുക്ക് മാർഗ്ഗദീപമാകേണ്ടതാണ്.

2. ദൈവ-മനുഷ്യ ബന്ധത്തിന്റെ നൂതനാദ്ധ്യായം

ദൈവ-മനുഷ്യ ബന്ധത്തിലെ നൂതനാദ്ധ്യായമാണ് മനുഷ്യാ

18th Blessed Memorial

On 12th Nov. 2016 at St. Antony's Orthodox Church, Thannithodu



Rev. Fr. P. A. Samuel

Member of Mar Basil Dayara, Pathanamthitta

Inserted by:-

Achenckunju, Elsamma, Febin & Jiya Newin & Ansu

SANTHOMS RESY:

(Panikkatharyl), Thekkady-685509

Ph:- 04869-222003

വാതാരത്തിലൂടെ വിരചിതമാകുന്നത്. ആ നൂതന ചരിതത്തിലെ തിളക്കമാർന്ന കണ്ണിയാണ് സ്നാപക യോഹന്നാൻ. കർത്താവിന് വഴിയൊരുക്കുകയായിരുന്നു യോഹന്നാന്റെ ജന്മോദ്ദേശ്യം. മശിഹായുടെ വരവിനുവേണ്ടി ഏറെ പ്രത്യാശയോടെ കാത്തിരുന്ന ഒരു ജനതതിയുടെ പ്രതീക്ഷകളും സ്വപ്നങ്ങളും വിളിച്ചറിയിക്കുന്നതാണ് സഖറിയാ പുരോഹിതന്റെ സ്തുതിഗീതം. Benedictus എന്ന് പരക്കെ അറിയപ്പെടുന്ന ഈ മഹത് ഗീതം (1:68-79) പിറന്നു വീണത് യോഹന്നാന്റെ പരിച്ഛേദന ദിനത്തിലാണ് (Vulgate എന്ന ലത്തീൻ പരിഭാഷയിൽ 68-ാം വാക്യം ആരംഭിക്കുന്നത് Benedictus (വാഴ്ത്തപ്പെട്ട) എന്നായതിനാലാണ് ആ പേരിൽ ഈ വേദഭാഗം അറിയപ്പെടുന്നത്). ഏകദേശം ഒരു വർഷത്തോളമായി നിശബ്ദനായിരുന്ന സഖറിയാ സംസാര ശേഷി ലഭിച്ച് ദൈവത്തെ സ്തുതിക്കുന്നു (1:64, 68-79). മലാഖി പ്രവാചകന് ശേഷം നിലച്ചുപോയ പ്രവാചക ശബ്ദമാണ് നാം കേൾക്കുന്നത്. ഒരു സമൂഹത്തിന്റെ മുഴുവൻ പ്രതീക്ഷകളും പൂവണിയുന്നതിനുള്ള മുന്നൊരുക്കമായി തന്റെ മകന്റെ ജന്മത്തെ ആ പിതാവ് തിരിച്ചറിയുന്നു (സ്തുതിഗീതത്തിലുടനീളം 'നാം' എന്നാണ് പരാമർശിച്ചിരിക്കുന്നത്). രക്ഷാചരിത്രത്തിൽ താനുമൊരു കണ്ണിയാകുമോയെന്ന് അല്പം സന്ദേഹിച്ചെങ്കിലും (1:18-20) ചരിത്രത്തെ സഖറിയ നിരാകരിക്കുന്നില്ല (1:68-75).

സഖറിയാ പുരോഹിതന്റെ വാക്കുകളിൽ വീണ്ടെടുപ്പിന്റെ പ്രത്യാശ നിഴലിക്കുന്നു. ഇസ്രായേലിനെ സംബന്ധിച്ച് വീണ്ടെടുപ്പിന് മതപരവും രാഷ്ട്രീയവുമായ മാനങ്ങളുണ്ട് (1:70, 73). യവന, റോമാ ഭരണം ആ ചിന്തകൾക്ക് ആക്കംകൂട്ടി. ദൈവത്തിന്റെ ആർദ്രകരുണയാണ് ഉയരത്തിൽനിന്നുള്ള ഉദയത്തിനടിസ്ഥാനം (1:79). 76 മുതൽ 79 വരെയുള്ള വാക്യങ്ങളിൽ 53 വാക്കുകളുണ്ട്. അതിന്റെ മധ്യഭാഗത്താണ് ആർദ്രകരുണ (ഗ്രീക്ക്: സ്പ്ലാഗിക്സ്ന) എന്ന വാക്ക് വരുന്നത്. രക്ഷ ദൈവത്തിന്റെ മനസ്സലിവിൽനിന്നും വരുന്നതാണെന്ന സത്യമാണ് ഇത് വിളംബരം ചെയ്യുന്നത്. ദാവീദ് ഗൃഹത്തിലുയർന്ന രക്ഷയുടെ കൊമ്പും (1:68-69), ഉയരത്തിൽ നിന്നുള്ള ഉദയവും ദൈവത്തിന്റെ കരുണാകടാക്ഷത്തിന്റെ പ്രതിഫലനമാണ്. അതിന്റെ ആന്ത്യന്തിക ലക്ഷ്യമാണ്, "നാം ആയുഷ്ക്കാലമൊക്കെയും ഭയംകൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്ക് കൃപ നൽകും" എന്നാണ് (1:74). ദൈവത്തെ ആരാധിക്കുന്നതിന് പുതിയൊരു വാതിൽ തുറന്നിരിക്കുകയാണ്. വിശുദ്ധിയും നീതിയും ആവശ്യമാകുന്ന ആരാധനയിലൂടെയാണ് മനുഷ്യർ ദൈവത്തെ അറിയുന്നത്, മഹത്വപ്പെടുത്തുന്നത്. ഇത് ദൈവമനുഷ്യ ബന്ധത്തിലെ നൂതനാദ്ധ്യായമാണ്. യോഹന്നാന്റെ ജനനത്തിലൂടെ മുന്നൊരുക്കത്തിന് (1:16-17) വേദിയൊരുങ്ങുമ്പോൾ സമാഗതമാകുന്ന രക്ഷ സ്വീകരിക്കുവാനുള്ള ഉണർത്തുപാട്ടാണ് എവിടെയും മുഴങ്ങുന്നത്.



3. വഴിയൊരുക്കി വഴിമാറുന്ന മുന്നോടി.

തന്റെ മകനായ യോഹന്നാനെ അഭിസംബോധന ചെയ്ത് സഖറിയാ പുരോഹിതൻ ഇങ്ങനെ പ്രവചിച്ചു, "നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകനെന്ന് വിളിക്കപ്പെടും"(1:76). "എന്റെ പിന്നാലെ വരുവീൻ" എന്ന് ആഹ്വാനംചെയ്ത കർത്താവിന്റെ മുന്നോടിയാകുവാനുള്ള ശ്രമകരമായ ദൗത്യമാണ് യോഹന്നാനുള്ളത്. പാദപരിചയത്താൽ മൃദുവാക്കപ്പെട്ട പാതയിലൂടെയല്ലാ ഈ യാത്ര. പുതിയ വഴി വെട്ടിത്തുറക്കുകതന്നെവേണം. ദൈവജനത്തിന് പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുക്കുവാനുള്ള യാത്രയാണത് (1:77). ഏലിയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ കർത്താവിന്റെ മുമ്പേ നടക്കുക എന്ന ദൂത തന്റെ അരുളപ്പാട് സഖറിയാ ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു. സ്വന്തമകനെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് എന്താണെന്ന് ഒരു പിതാവ് വെളിപ്പെടുത്തുകയാണിവിടെ. "ഈ പൈതൽ എന്തായിത്തീരും എന്ന്" ഒരു ജനതതി പ്രതീക്ഷയും ആകാംക്ഷയും പുലർത്തിയ വ്യക്തിയുടെ ജന്മോദ്ദേശം വഴിയൊരുക്കുക എന്നതാണ്.

മനപരിവർത്തനത്തിലൂടെ (നിർബന്ധിത മതപരിവർത്തനമല്ല) ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ യോഹന്നാൻ ശ്രമിക്കുന്നു. പാപമോചനത്തിന് രക്ഷാപരിജ്ഞാനമാണാവശ്യം. ജോർദ്ദാൻ നദിക്കരികെയുള്ള നാട്ടിലൊക്കെയും അവൻ പാപമോചനത്തിനുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചു. യെശയ്യാ പ്രവാചകന്റെ പ്രവചന പൂർത്തീകരണമായിരുന്നു ഇത് (യെശയ്യാ 40:3-5, ലൂക്കോസ് 3:3-6). തന്റെ അടുക്കൽ വരുന്നവരുടെ ഹൃദയത്തെ സ്പർശിക്കത്തക്കവിധം അവൻ സംസാരിച്ചു. മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കുവിൻ എന്നായിരുന്നു അവന്റെ ആഹ്വാനം. ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളുമെല്ലാം ഇല്ലാത്തവരുമായി പങ്കുവയ്ക്കുവാൻ അവൻ നിർദ്ദേശിച്ചു. ചുങ്കക്കാരും പടയാളികൾ പോലും അവന്റെ അടുക്കൽ വന്ന് ഉപദേശം സ്വീകരിച്ചു. മശിഹായെ പ്രതീക്ഷിച്ചിരുന്ന ജനം അവൻ മശിഹ ആയിരിക്കുമോ എന്നുപോലും സംശയിച്ചു (3:15-16). എന്നാൽ പൊതുജനാഭിപ്രായം പ്രയോജനപ്പെടുത്തുകയല്ലായിരുന്നു അവൻ (3:16-17). താൻ വഴിയൊരുക്കുന്നവൻ മാത്രമാണെന്ന ഉത്തമബോധ്യം യോഹന്നാനുണ്ടായിരുന്നു. ശിഷ്യന്മാരും അനുയായികളും യോഹന്നാനിൽ മശിഹായെ കണ്ടെത്തുമ്പോൾ അവൻ ആ നിലപാട് തിരുത്തി. "സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല" (7:28) എന്ന് കർത്താവ് സാക്ഷ്യം നല്കിയ യോഹന്നാൻ ക്രിസ്തുവിന്റെ മുന്നോടി മാത്രമായിരുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത് ക്രിസ്തുവുമായുള്ള ബന്ധത്തിലാണ്. ദൈവോദ്ദേശ്യവും മാതാപിതാക്കളുടെ പ്രതീക്ഷകളും ഒരുപോലെ പൂവണിഞ്ഞ ജീവിതമായിരുന്നു യോഹന്നാന്റേത്. അവനോ വളരേണം... ഞാനോ കുറയേണം എന്നതായിരുന്നു അവന്റെ ജീവിതവീക്ഷണം. ക്രിസ്തുവിനുവേണ്ടി പാത തെളിക്കേണ്ടവർ ബഹുജന സമ്മർദ്ദങ്ങൾക്ക് കീഴ്പ്പെട്ടാൽ ദൈവജനം വഴിതെറ്റും. ഏകദേശം സമപ്രായക്കാരും ഒരർത്ഥത്തിൽ ബന്ധുക്കളുമായ രണ്ടു യുവാക്കളുടെ സമകാലിക ദൗത്യമാണ് യോഹന്നാനിലും യേശുവിലും നാം കാണുന്നത്. ഒരാൾ മറ്റൊരാളിന്റെ ദൗത്യത്തിന് തടസ്സമാകാതെ വർത്തിച്ചു. ക്രിസ്തു നമ്മുടെ പരമമായ ലക്ഷ്യമാകുമ്പോൾ നാം അവന് വഴിയൊരുക്കുന്നവരാകും.

2016 ഡിസംബർ 11

യൗസേഫിനുണ്ടായ വെളിപാട്

വി: മത്തായി 1: 18 – 25

പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ മറിയയെ സ്വീകരിക്കുവാൻ ഭർത്താവായ യൗസേഫിന് വെളിപ്പാട് ലഭിച്ചതാണ് ഇന്നത്തെ വേദഭാഗം.

യേശുവിന്റെ അമ്മയായ മറിയാം യൗസേഫിന് വിവാഹനിശ്ചയം നടത്തിയ കന്യകയായിരുന്നു. എന്നാൽ വിവാഹത്തിനു മുമ്പുതന്നെ അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി. ഭർത്താവായ യൗസേഫ് ഈ കാര്യത്താൽ ഏറെ ആകുലചിത്തനായി. അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ അവൻ നിശ്ചയിച്ചു. എന്നാൽ അവളെ സ്വീകരിക്കണമെന്നും അവൾ വഹിക്കുന്ന ശിശു ആത്മാവിനാൽ ഉൽപ്പാദിതമായതാണെന്നും സ്വപ്നത്തിൽ വെളിപ്പാട് ലഭിച്ചു. മറിയാം ഗർഭം ധരിച്ചിരിക്കുന്ന ശിശുവിന് യേശു എന്ന പേര് ഇടണമെന്നും നിർദ്ദേശം ലഭിച്ചു. നീതിമാനായ യോസഫ് അരുളപ്പാട് അനുസരിച്ച് പ്രവർത്തിച്ചു.

1. നീതിമാന്റെ വേറിട്ട വഴികൾ

മറിയ ഗർഭിണിയായത് പരിശുദ്ധാത്മാവിനാലാണെന്ന് യോസഫ് മനസ്സിലാക്കിയെങ്കിലും ഈ സത്യത്തെ മറ്റുള്ളവരുടെ മുമ്പിൽ എങ്ങനെ അവതരിപ്പിക്കും എന്നൊരു ചിന്ത അവനെ അസ്വസ്ഥനാക്കി. രണ്ടു വഴികളാണ് അവനു മുമ്പിൽ ഉണ്ടായിരുന്നത്. ഒന്ന്, ഇക്കാര്യത്തിൽ തന്റെ നിരപരാധിത്വം വ്യക്തമാക്കുക. എന്നാൽ, അതിന്റെ ഫലം ഒരു കന്യകയുടെ ദാരുണാന്ത്യത്തിൽ കലാശിക്കും. രണ്ട്, രഹസ്യമായി അവളെ ഉപേക്ഷിക്കുക. അവൻ നീതിമാൻ ആകകൊണ്ട് രണ്ടാമത്തെ വഴിയാണ് യോസഫ് തിരഞ്ഞെടുത്തത്. യഹൂദ വിവാഹ രീതിയനുസരിച്ച് ഒരുവർഷം മുമ്പുതന്നെ അവരുടെ വിവാഹനിശ്ചയം കഴിഞ്ഞിരുന്നു. അവർ ഒന്നിച്ച് വസിക്കുന്നില്ലായെങ്കിലും അവർ ഭാര്യാഭർത്താക്കന്മാർ എന്നുതന്നെയാണ് അറിയപ്പെടുന്നത്. ആ ബന്ധം വിവാഹത്തിനുമുമ്പ് അവസാനിപ്പിക്കണമെങ്കിൽ വിവാഹമോചനം തന്നെ നേടണം. അപമാനഭാരം ഉള്ളിലൊതുക്കി മറിയയ്ക്ക് ലോകാപവാദം വരുത്തുവാൻ അവൻ തയ്യാറാകുന്നില്ല. യൗസേഫ് നീതിമാനായിരുന്നു (1:19) എന്ന വെളിപ്പെടുത്തലിനെ പിൻതാങ്ങുന്നതാണ് ഇക്കാര്യത്തിൽ യൗസേഫിന്റെ നിലപാട്. ഈ നിലപാട് തികച്ചും വ്യത്യസ്തമായിരുന്നു. വലിയൊരു ധാർമ്മിക വിഷമഘട്ടത്തിലകപ്പെട്ട യൗസേഫ് അന്നു നിലവിലിരുന്ന കീഴ്‌വഴക്കങ്ങൾക്കും നിയമവ്യവസ്ഥകൾക്കും അതീതമായി ചിന്തിച്ചു. അവളെ പരിഹാസപാത്രമാക്കുവാൻ അവന് മനസ്സുവന്നില്ല. നീതിമാന്റെ പ്രവൃത്തികളുടെ മാനദണ്ഡം മനസ്സും മനഃസാക്ഷിയും അനുസരിച്ചാണ്. യൗസേഫ് തന്റെ നിരപരാധിത്വം ലോകരുടെ മുമ്പിൽ തെളിയിച്ച് നീതിമാനെന്ന വിശേഷണം ചാർത്തപ്പെട്ട ആളല്ലായിരുന്നു, മറിച്ച് നീതിമാനായതുകൊണ്ടാണ് അവന്റെ തീരുമാനങ്ങൾ ദൈവസന്നിധിയിൽ നീതീകരിക്കപ്പെടാനിടയായത്. ഇതെങ്ങനെ സാധിക്കുമെന്ന വിഷമഘട്ടത്തിൽ ദൈവം ഇടപെട്ടു എന്നത് ശ്രദ്ധേയമാണ്. നീതിമാന്റെ പാത മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായിരിക്കണം. പ്രതിസന്ധിഘട്ടങ്ങളിലാണ് നമ്മുടെ നീതിബോധം നിർണ്ണായക നിലപാടുകളെടുക്കാൻ സഹായകമാകണം. അപരനെ അപമാനത്തിലകപ്പെടുത്തി സ്വയം നീതീകരണം കണ്ടെത്തുന്നവരുടെ ഈ കാലഘട്ടത്തിൽ യൗസേഫ് വേറിട്ട വ്യക്തിത്വമായി നിലകൊള്ളുന്നു.

2. നമ്മോടൊപ്പം വസിക്കുന്ന ദൈവം

പിറക്കുവാനിരിക്കുന്ന ശിശുവിന് 'യേശു' എന്ന പേര് നൽകണമെന്നാണ് അരുളപ്പാട് (1:21). അതിനുള്ള കാരണവും വ്യക്തമാക്കിയിട്ടുണ്ട്, 'അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും'. മനുഷ്യകുലത്തിന്റെ പാപങ്ങൾക്ക് പരിഹാരമായിട്ടാണ് യേശു ജനിക്കുന്നത്. യേശു എന്ന നാമത്തിന് രക്ഷ എന്നാണ് അർത്ഥം. യേശുവിന്റെ ജനനം പ്രവചനപൂർത്തീകരണമായിരുന്നു (1:22-23). യെശയ്യാ 7:14ന്റെ പൂർത്തീകരണമാണ് കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനം. പ്രവചനപ്രകാരം കന്യകയുടെ പുത്രന് 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള 'ഇമ്മാനുവേൽ' എന്നാണ് പേരിടേണ്ടത്. ഈ രണ്ടു പേരുകളും യേശുവിന്റെ ജനനത്തിൽ അർത്ഥപൂർണ്ണമായി. നമ്മോടുകൂടെ വസിക്കുന്ന ദൈവമാണ് രക്ഷകൻ. ദൈവം വിദൂരസ്ഥനായിരിക്കുമെന്ന പൊതുസങ്കല്പത്തിൽ നിന്ന് ദൈവം സമീപസ്ഥനാകുമ്പോൾ അവൻ രക്ഷകനാകുന്നു. യേശുവാണ് ആ രക്ഷകൻ. മനുഷ്യാവതാരമാണ് രക്ഷകനെ ലോകത്തിന് പ്രദാനം ചെയ്തത്. തികഞ്ഞ ഒരു നിരീശ്വരവാദിയോട് ഒരു അഭിമുഖത്തിൽ ഇങ്ങനെ ചോദിച്ചു, "താങ്കൾ ദൈവം ഇല്ലായെന്ന് വിശ്വസിക്കുന്ന ആളാണല്ലോ, എങ്കിലും ദൈവത്തെ കണ്ടുമുട്ടുന്നു എന്നു കരുതുക. എന്തായിരിക്കും ദൈവത്തോട് ചോദിക്കുക." അദ്ദേഹം മറുപടി പറഞ്ഞു, "സർ, താങ്കൾ എന്തിനാണ് ഇങ്ങനെ ഒളിച്ചിരിക്കുന്നത്." മനുഷ്യാവതാരത്തിലൂടെ പൂർണ്ണമായും ദൈവത്തെ വളിപ്പെടുത്തുകയാണ് യേശു ചെയ്യുന്നത്. ദൈവത്തിന്റെ സ്നേഹം, ആർദ്രത, കനിവ്, മനുഷ്യവർഗ്ഗത്തോടുള്ള സംസർഗ്ഗം ഇവയെല്ലാം ഇമ്മാനുവേലിൽകൂടെ നാം അനുഭവിച്ചറിയുന്നു. ജനത്തെ പാപങ്ങളിൽ നിന്ന് രക്ഷിക്കുമെന്നതാണ് യേശുവിന്റെ പ്രഥമ ദൗത്യം. വിദേശാധിപത്യവും പ്രവാസവുമെല്ലാം തങ്ങളുടെ പാപം മൂലമെന്ന് തിരിച്ചറിഞ്ഞ ജനത്തിനാണ് യേശു പാപമോചനം നൽകുന്നത്. ജനത്തിനുവേണ്ടി ജനിച്ച്, ജീവിച്ച്, മരിച്ച്, ഉയിർത്ത് ജീവിക്കുന്ന ദൈവം മനുഷ്യാവതാരത്തിലൂടെ ലോകത്തിന് വെളിപ്പെട്ടു. ഇവ ഉൾക്കൊള്ളുവാൻ ദൈവകൃപതന്നെ ആവശ്യമാണ്. ദൈവദർശനത്തിലൂടെ മനുഷ്യാവതാരത്തിന്റെ മർമ്മങ്ങൾ യൗസേഫ് തിരിച്ചറിഞ്ഞെങ്കിൽ, നമ്മുടെ ജീവിതത്തിൽ നാം ദൈവത്തെ തിരിച്ചറിയുന്നതിന് യൗസേഫിന്റെ ജീവിതവും സഹായിക്കും.

3. പ്രശ്നപരിഹാരത്തിന്റെ അദൃശ്യതലം

യേശുവിന്റെ ജനനം യൗസേഫിന്റെ വ്യക്തിപരമായ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. തന്റെ പ്രതിശ്രുത ഭാര്യ ഗർഭിണിയായത് അവന്റെ ജീവിതത്തിലെ നിർണ്ണായകമായ സംഭവമാണ്. ഒരു നീതിമാന്റെ പാതയിലൂടെ പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന യൗസേഫിന് അദൃശ്യമായ ദൈവിക ഇടപെടൽ ലഭിക്കുന്നു. പഴയനിയമത്തിലെ യൗസേഫിന്റെ സ്വപ്നദർശനങ്ങൾ പോലെ ദിവ്യദർശനം ഇവിടെയും ഉണ്ടാകുന്നു. യൗസേഫ് നേരിടുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ലോകത്തിന് എങ്ങനെ വ്യാഖ്യാനിക്കാം എന്ന പ്രശ്നമാണ് അവന്റെ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് തന്റെ ജീവിതത്തിലെ സന്നിദ്ധാവസ്ഥ പരിഹരിക്കാമെന്നാണ് കരുതിയത്. എന്നാൽ അവന്റെ നിനവുകളെ മാറ്റിമറിച്ചുകൊണ്ട് ദൈവംതന്നെ പ്രശ്നപരിഹാരത്തിനായി ഇടപെടുന്നു. യാതൊരു മടിയും കൂടാതെ യൗസേഫ് ദൈവഹിതം അനുസരിച്ചു. കടന്നുകയറാൻ കഴിയില്ല എന്നു നാം ചിന്തിക്കുന്ന പല പ്രശ്നങ്ങളും ദൈവഹിതത്തിനും പരിശുദ്ധാത്മാവിനും വിധേയമാക്കുമ്പോൾ അനായാസം തരണം ചെയ്യുവാൻ സാധിക്കും. യൗസേഫ്-മറിയാം ദമ്പതികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന് നിർണ്ണായക സ്ഥാനമുണ്ടെന്ന് തിരിച്ചറിഞ്ഞപ്പോഴാണ് യേശു എന്ന രക്ഷകൻ പിറവിയെടുത്തത്. ആത്മാവിന്റെ പ്രത്യേകത അവന് കായികതലം ഇല്ലെന്നതാണ്. എന്നാൽ പ്രവർത്തിക്കുവാൻ ഇടം ലഭിച്ചാൽ പരിശുദ്ധ റൂഹാ (മൂല അർത്ഥത്തിൽ 'കാറ്റ്') അവാച്യമായ നിലയിൽ പ്രവർത്തിക്കും. സകലസത്യത്തിലേക്കും നമ്മെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ആത്മാവിനാൽ ജന്മമെടുത്ത യേശുവിന് ഇടംകൊടുത്തപ്പോൾ യൗസേഫിന്റെ പ്രശ്നം അവസാനിച്ചു. വഴിമുട്ടിനിൽക്കുന്നവർക്ക് വഴികാട്ടിയാണ് യേശു. യൗസേഫ് നീതിമാനായിരുന്നതുകൊണ്ട് ദൈവഹിതത്തിന് വിധേയപ്പെട്ടു. ദൈവത്തിന് വിധേയപ്പെടുകയെന്നാൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിന് പ്രവർത്തിക്കുവാൻ ഇടം കൊടുക്കുക എന്നാണർത്ഥം. ചിലപ്പോഴത് നമ്മുടെ യുക്തിക്കും ബുദ്ധിക്കും അതീതമാകാം. അതൊരു പുതിയ വഴി തിരഞ്ഞെടുക്കലാണ്. തികച്ചും വ്യത്യസ്തവും പരിവർത്തനോന്മുഖവുമായ നിലപാടുകളാണ് അതിനാവശ്യം. ■

മൃതശരീരം ദഹിപ്പിക്കാമോ?

സഹദേന്മാർക്കെല്ലാം ഇന്നത്തെ രീതിയിലുള്ള സംസ്കാരം ലഭിച്ചിട്ടില്ല. ചിലർ മൃഗങ്ങൾക്കിരയായി, ചിലർ അഗ്നിക്കിരയായി, അവരുടെ തിരുശേഷിപ്പുകൾ ലോകം മുഴുവൻ ആദരവോടെ ഏറ്റുവാങ്ങി ബഹുമാനിക്കുന്നു. മൃതദേഹം മറവ് ചെയ്യുന്നത് മാത്രമാണ് വേദാനുസരണമെങ്കിൽ ഇത് - എങ്ങനെ ന്യായീകരിക്കും?

മൃതശരീരം ദഹിപ്പിക്കുന്നത് വേദവിപരീതമാണോ?

ഡോ. അലക്സ് ഫിലിപ്പ്
ചാത്തന്നൂർ



മലങ്കരസഭ ഓഗസ്റ്റ് ലക്കത്തിൽ മൃതദേഹം ദഹിപ്പിക്കാമോ? എന്ന ലേഖനത്തിലെ ചില പരാമർശങ്ങളാണ് ഇതു എഴുതാൻ പ്രേരിപ്പിച്ചത്. പ്രസ്തുത ലേഖനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിനെതിരാണ് എന്നതാണ് സമർത്ഥിക്കാൻ ശ്രമിക്കുന്നത്. എന്നാൽ ഇത് ഉയർത്തി വിടുന്ന ചില ചോദ്യങ്ങളുണ്ട്? എന്തുകൊണ്ട് ഇപ്രകാരം സഭയ്ക്ക് ചിന്തിക്കേണ്ടി വരുന്നു. ലേഖകൻ തന്നെ കാര്യങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. സ്ഥലപരിമിതി, ശവം മറവ് ചെയ്യുന്നതിലുള്ള എതിർപ്പ്, ദുഷ്കരമായ നിയമങ്ങൾ എന്നിവ.

ഇന്ത്യയിൽ തന്നെ ഏറ്റവുമധികം ജനസാന്ദ്രത കൂടിയ സംസ്ഥാനമാണ് കേരളം. ഉൾനാടൻ ഗ്രാമങ്ങൾ പോലും ഇന്ന് സ്ഥലപരിമിതിമൂലം വീർപ്പ് മുട്ടുന്നു. ജനസാന്ദ്രത കൂടിയ കേരളം പലതരം വിഷമതകൾ നേരിടുന്നു. ഇപ്പോൾ നേരിടുന്ന മാലിന്യ പ്രശ്നങ്ങൾ, ശുദ്ധ ജലക്ഷാമം, കൃഷിസ്ഥലത്തിന്റെ പരിമിതികൾ എന്നിവയെല്ലാം കേരളത്തിലെ വർദ്ധിച്ച ജനസാന്ദ്രതയുടെ ഉപോൽപ്പന്നങ്ങളാണ്. കേരളത്തിലെ 80% ജനങ്ങളും ശുദ്ധജലത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ഈ കിണറുകളിലെ ജലം മലിനമാകുന്നു എന്നത് ആശങ്കയോടെയാണ് കേരളീയ സമൂഹം നോക്കി കാണുന്നത്.

ശാസ്ത്രീയമായ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ലെങ്കിലും മണ്ണിൽ ശരീരം മറവ് ചെയ്യുന്നത് ശുദ്ധജലസ്രോതസ്സുകളെ മലിനമാക്കുന്നു എന്ന ഒരു ധാരണ സമൂഹത്തിൽ വളർന്ന് വരുന്നുണ്ട്. ഇത് ദുരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ജാതീയമായ വേർതിരിവുകൾ കൂടി വരുന്ന ഇക്കാലത്ത് ഇത് ക്രിസ്തീയ സമൂഹത്തെ മുഴുവനായി സംശയത്തിന്റെ നിഴലിൽ നിർത്താൻ കാരണമാക്കും. അതിനാൽ ഇക്കാര്യത്തിൽ കുറേക്കൂടി മുൻ കരുതലുകൾ സഭ സ്വീകരിക്കേണ്ടതാവശ്യമാണ്. പെട്ടെന്ന് ദ്രവിക്കാത്ത മൈക്ക ഒട്ടിച്ച ശവപ്പെട്ടി, പ്ലാസ്റ്റിക് കോട്ടിംഗ്

പെട്ടി, മൃതദേഹത്തിലണിയിക്കുന്ന വിലകൂടിയ പെട്ടെന്ന് ദ്രവിക്കാത്ത വസ്ത്രം, ശാസ്ത്രീയമായി നിർമ്മാക്കാത്ത കുടുംബക്കല്ലറകൾ, ശവശരീരത്തോടൊപ്പം നിക്ഷേപിക്കുന്ന ശോശാപ്പാ, പ്ലാസ്റ്റിക് പൂക്കൾ എന്നിവ ഗുരുതലമായ അനാസ്ഥയും ധാരാളം തെറ്റിദ്ധാരണയും പരത്താൻ ഇടയാക്കുന്നു എന്നത് വാസ്തവമാണ്. അതിനാൽ തന്നെ ഇക്കാര്യം സഭയുടെ പരിസ്ഥിതി സമിതി ഏറ്റെടുത്ത് കൃത്യമായ മാർഗ്ഗ നിർദ്ദേശം, ശവക്കുഴി നിർമ്മാണത്തിലും മൃതദേഹം മറവ് ചെയ്യുന്നതിലും അതാത് ഇടവകകൾക്ക് നൽകേണ്ടതാണ്. പിൽക്കാലത്ത് പല പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ സഭയെ സഹായിക്കും.

എന്നാൽ ലേഖനം ഉന്നയിക്കുന്ന പ്രസക്തമായ ചോദ്യം ഏതൊരു കാരണത്താലും മൃതദേഹം ദഹിപ്പിക്കാമോ? എന്നതാണ്. ഇക്കാര്യത്തിൽ വേദപുസ്തകസംഭവങ്ങൾ ഉയർത്തിപ്പിടിച്ച് അബ്രഹാം ചെയ്തതുപോലെ ഇന്നത്തെ സഭയും ചെയ്യണം. അല്ലെങ്കിൽ അത് വേദവിപരീതമാകും എന്ന് പറയുന്നത് ബാലിശമാണ്. അബ്രഹാം ഒന്നിലധികം സ്ത്രീകളെ വിവാഹം കഴിച്ച വ്യക്തിയാണ്. കൂടാതെ പരിച്ഛേദന ഏറ്റ വ്യക്തിയും. ഇത് രണ്ടും ചെയ്യാത്ത ക്രിസ്ത്യാനികൾ വേദവിപരീതികളാണോ? സാമൂഹികവ്യവസ്ഥയ്ക്ക് ചേരാത്ത രീതിയിലുള്ള വേദപ്രമാണ അപ്രമാദിത്വത്തെ കർത്താവ് തന്നെ നിശിതമായി വിമർശിക്കുന്നുണ്ട്. (യഹൂദരുടെ ശബത്താചരണവും അതിന്റെ പൊള്ളത്തരവും കർത്താവ് തന്നെ വിമർശിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധയോടെ വായിക്കുക.)

പിൽക്കാലത്ത് പൗലോസും തന്റെ ലേഖനത്തിലൂടെ ഇത്തരം വേദപ്രമാണങ്ങളുടെ പ്രായോഗികതയെ ഊന്നി സംസാരിക്കുന്നുണ്ട്. (ന്യായപ്രമാണത്തെക്കുറിച്ചും, പരിച്ഛേദനയെക്കുറിച്ചും, ശുദ്ധിയും അശുദ്ധിയുമുള്ള ഭക്ഷണത്തെക്കുറിച്ചുമുള്ള ഭാഗങ്ങൾ ശ്രദ്ധിക്കുക).

ക്രിസ്തീയസഭ എന്നത് യറുശലേമിലാണ് ആരംഭിച്ചതെങ്കിലും അതിനെ ഒരു ലോകമതമാക്കി മാറ്റിയത് അത് തദ്ദേശീയമായതിനെ തിരസ്കരിക്കാതെ തന്നെ അതിനെ ക്രിസ്തീയമായി രൂപാന്തരപ്പെടുത്തിഫലപ്രദമായി ഉപയോഗിച്ചതിനാലാണ്. യറുശലേമിൽ നിന്ന് വളരെ ദൂരെ സ്ഥിതിചെയ്തിരുന്ന

കേരളത്തിൽപോലും തദ്ദേശീയമായതും എന്നാൽ വ്യത്യസ്ത പുലർത്തുന്നതുമായ ആരാധനാ സംവിധാനവും, വേഷഭൂഷാധികളും, കീഴ്വഴക്കവും സൃഷ്ടിച്ച് കൊണ്ടാണ് സഭ വളർന്നത് കാലഘട്ടങ്ങളിലുള്ള മാറ്റങ്ങളെ ഏറ്റവും ഫലപ്രദമായി സ്വീകരിച്ച് സ്വയം പുതുക്കം പ്രാപിച്ചതുകൊണ്ടാണ് ഇപ്പോഴും വർദ്ധിത വീര്യത്തോടെ സഭ നിലനിൽക്കുന്നതും (ഇതിനും ചില ദോഷഫലങ്ങൾ ഉണ്ട് എന്നത് വിസ്മരിക്കുന്നില്ല.) ശവം മറവ് ചെയ്യുന്നതിലും ഈയൊരു മാറ്റം കേരളത്തിലെ ക്രൈസ്തവർ അനുവർത്തിച്ചിട്ടുണ്ട്. ആദ്യ നൂറ്റാണ്ടുകളിൽ അതാത് ഭവനാങ്കണത്തിൽ തന്നെയായിരുന്നു ശവസംസ്കാരം നടത്തിയിരുന്നത്. കാരണം അക്കാലത്ത് സ്ഥലപരിമിതി എന്നൊന്ന് ഉണ്ടായിരുന്നില്ല. എന്നാൽ സ്ഥലപരിമിതിയോ, വിശ്വാസതീഷ്ണതയാണോ എന്നറിയില്ല. ക്രിസ്തീയ ശവസംസ്കാരം ദേവാലയത്തിനുള്ളിലായി മാറി. പത്രോസ് ത്രിതീയൻ പാത്രിയർക്കീസിന്റെ ആഗമനം ഇതിനെ പൂർണ്ണമായി ഇല്ലാതാക്കുകയും പ്രത്യേകമായി വേർതിരിച്ച ശവക്കോട്ടയുടെ ആവിർഭാവത്തിനിടയാക്കുകയും ചെയ്തു. വ്യവസായവൽക്കരണവും വിദേശപണവും ശവക്കോട്ടയിലെ കല്ലറനിർമ്മാണം, കുടുംബക്കല്ലറ നിർമ്മാണം എന്നിവയ്ക്ക് വഴി തെളിച്ചു. നഗരങ്ങളിൽ ചേക്കേറിയ വിശ്വാസികൾ അവർ ശവക്കോട്ടകൾ പൊതുശ്മശാനത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ച് മാതൃക കാട്ടി. ഈ സ്ഥിതി അതിവേഗം വളർന്ന് വരുന്ന ഗ്രാമപ്രദേശങ്ങളിലേയ്ക്ക് വ്യാപിക്കാൻ തുടങ്ങിയതോടെ ശവക്കോട്ട തന്നെ ഉണ്ട് പ്രശ്നബാധിത പ്രദേശമായി മാറി. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ കൂടുതൽ പ്രായോഗികതയിൽ ഊന്നിയതും എന്നാൽ ക്രിസ്തീയ മൂല്യങ്ങൾക്ക് കോട്ടം തട്ടാത്തതുമായ സമീപനങ്ങൾ ആവശ്യമാണ്. വ്യക്തിപരമായി എനിക്ക് ശവം ദഹിപ്പിക്കുന്നതിനോടാണ് കൂടുതൽ യോജിപ്പ് കാരണം കേരളത്തിലെ പ്രത്യേക കാലാവസ്ഥ ശവം ദഹിപ്പിക്കുന്നതിന് അനുകൂലമാണ്. സൂര്യപ്രകാശത്തിന്റെ അളവ്, അന്തരീക്ഷത്തിലെ ഈർപ്പം, മണ്ണിന്റെ സവിശേഷ ഘടന, ജലസ്രോതസ്സുകളുടെ സാന്നിദ്ധ്യം എന്നിവ ശവദാഹത്തിനുള്ള അനുകൂലഘടകങ്ങളാണ്. സൂര്യപ്രകാശം എപ്പോഴുമില്ലാത്ത പാശ്ചാത്യരാജ്യവും, എപ്പോഴും പൊടിക്കാറ്റ് വീശുന്ന ഗൾഫ് നാടുകളിലും ശവദാഹം ഒട്ടും യോജിച്ച മാർഗ്ഗമല്ല അതിനാൽ, അവർ മൃതദേഹങ്ങൾ മറവ് ചെയ്യുന്നു. കേരളത്തിലെ ക്രിസ്തീയ സഭകൾ ഇക്കാര്യത്തിൽ പാശ്ചാത്യരെ അനുകരിച്ച് അതാണ് ശരി എന്ന് സമർത്ഥിക്കേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ നമ്മുടെ കാലാവസ്ഥയ്ക്ക് യോജിച്ച തീരുമാനം എടുക്കുക എന്നേയുള്ളൂ.

സഹദേന്മാർക്കെല്ലാം ഇന്നത്തെ രീതിയിലുള്ള സംസ്കാരം ലഭിച്ചിട്ടില്ല. ചിലർ മൃഗങ്ങൾക്കിരയായി, ചിലർ അഗ്നിക്കിരയായി, അവരുടെ തിരുശേഷിപ്പുകൾ ലോകം മുഴുവൻ ആദരവോടെ ഏറ്റുവാങ്ങി ബഹുമാനിക്കുന്നു. മൃതദേഹം മറവ് ചെയ്യുന്നത് മാത്രമാണ് വേദാനുസരണമെങ്കിൽ ഇത് - എങ്ങനെ ന്യായീകരിക്കും? വിമാന അപകടങ്ങളിൽ മരണപ്പെടുന്നതും ഭീകരാക്രമണങ്ങളിൽ ചിന്നഭിന്നമാക്കപ്പെടുന്നതും യുദ്ധത്തിൽ കൊല്ലപ്പെടുന്നതും, പ്രകൃതിദുരന്തത്താൽ ശവശരീരം പോലും ലഭിക്കാതെ മരണപ്പെടുന്നതും ക്രിസ്ത്രീയ വിശ്വാസത്തിനെതിരാണോ? അങ്ങനെയുള്ളവരെ സഭ ഓർക്കാതിരിക്കുമോ? അന്ധമായ

BRIDE WANTED

Orthodox Boy 30 (178) Phd. Employed in central Govt. Institute in Chennai, invite proposals from parents of post graduate employed girls. Chemistry, Physics, Biotechnology, Civil Engineering and nationalised banks.

Contact:
9495756154

BRIDE GROOMWANTED

Orthodox parents from Pathanamthitta Dist, invite proposal for their daughter born and brought up out side Kerala, BTech (EEE), 26 years, Height 157 cm medium complexion, working in MNC Pune, from parents of professionally qualified Orthodox Boys.

M4 marry: 4299195
Mob: 7736725370, 9446265370

BRIDE WANTED

ദുബായിൽ ഓട്ടോമൊബൈൽ മെക്കാനിക്കായി ജോലി ചെയ്യുന്ന യുവാവ് 30 വയസ്സ്, ITI ഓട്ടോമൊബൈൽ, സാധാരണ കുടുംബം. നവംബർ അവസാനം ലീവിൽ വരുന്നു. അനുയോജ്യമായ വിവാഹാലോചനകൾ മാതാപിതാക്കളിൽ നിന്നും ക്ഷണിക്കുന്നു.

Contact:
9496912382, 9846200687

BRIDE WANTED

Christian orthodox upper middle class girl,26/5.3,B.C.A Graduate,Diploma in 3d & vfx animation, seeks god fearing professionally qualified boy.

M4 marry: 4075816
Contact no:
9829924590

BRIDE GROOM WANTED

സ്വഭാവ നൈർമ്മല്ല്യമുള്ള സൗന്ദര്യവതിയായ ഓർത്തഡോക്സ് യുവതി 32 വയസ്സ് 163 cm ഉയരം. B.Sc. Nurse, I.E.L.T.S. കോഴ്സ് പരീക്ഷയെഴുതാൻ തയ്യാറെടുക്കുന്നു. പ്രൊഫഷണൽ ക്വാളിഫിക്കേഷനുള്ള പരമ്പരാഗത ഓർത്തഡോക്സ് പശ്ചാത്തലത്തലമുള്ള കുടുംബങ്ങളിലെ യുവാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 9744217615, 8281274522
M4 ID: 4042611

For Favours Received



Alice Mathai　　　ഒരു വിശ്വാസി

പാശ്ചാത്യ അനുകരണവും, അതിലൂടെ തള്ളിക്കയറ്റപ്പെടുന്ന വിശ്വാസവും തടഞ്ഞ് നിർത്തി സഭയെ തദ്ദേശീയമായും, സാമൂഹികമായും ഉറപ്പിച്ച് നിറുത്തേണ്ടത് സഭാ നേതൃത്വത്തിന്റെ ചുമതലയാണ്. അതിനാൽ ഇക്കാര്യത്തിൽ മൗനം പാലിക്കുന്നത് ദുർവ്യാഖ്യാനങ്ങൾക്ക് ഇടയാകും.

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും, യാക്കോബിന്റേയും ശവമടക്ക് ശ്രദ്ധിച്ച് പരിശോധിച്ചാൽ അത് ദൈവീക അരുളപ്പാടിനാൽ ചെയ്യതതല്ല മറിച്ച് അവരുടെ ആഗ്രഹ പ്രകാരം മക്കൾ നിവർത്തിച്ച് കൊടുത്തതായാണ് കാണുന്നത്. ഉദാഹരണത്തിന് യാക്കോബ് മരിക്കുന്നതിന് മുമ്പ് തന്നെ കനാൻ ദേശത്ത് അടക്കണമെന്ന് ജോസഫിനെ കൊണ്ട് സത്യം ചെയ്യിച്ചതായി ജോസഫ് തന്നെ വെളിപ്പെടുത്തുന്നു. (ഉല്പത്തി 50:5) ആ ആഗ്രഹമാണ് നിവർത്തിച്ചത്. എന്നാൽ ജോസഫിന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ ശരീരം ശവപ്പെട്ടിയിൽ വയ്ക്കണമെന്ന് നിർദ്ദേശിച്ചത് ജോസഫ് തന്നെയായിരുന്നു. (ഉല്പത്തി 50:21,22) ശവശരീരം എങ്ങനെ സംസ്കരിക്കണം എന്ന നിർദ്ദേശം ദൈവം കൊടുക്കുകയല്ല മറിച്ച് മനുഷ്യൻ തന്റെ ആഗ്രഹവും സാഹചര്യവുമനുസരിച്ച് തീരുമാനിക്കുകയായിരുന്നു. അതിനാൽ തന്നെ ഇക്കാര്യത്തിൽ വ്യക്തിയുടെ ആഗ്രഹം കൂടി മുഖവിലയ്ക്കെടുത്ത് ഉചിതമായ തീരുമാനം സഭ എടുക്കുന്നത് നല്ലതല്ലേ. സ്വന്തം ശരീരം ഭൂമിയിൽ മറവ് ചെയ്ത് പ്രകൃതിക്ക് ദോഷം വരുത്താതെ അത് ദഹിപ്പിച്ച് കളഞ്ഞ് പ്രകൃതിയോട് അവസാന നിമിഷത്തിലെങ്കിലും നമുക്ക് ചേർന്ന് നിൽക്കാം. ■

പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...
ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

എം.എ. കയർ ഹൗസ്
ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

മലങ്കരസഭ മാസിക വരിസംഖ്യ

ഒറ്റപ്രതി	: ₹ 15	13 ലക്കം	: ₹ 200
ഒരുവർഷം	: ₹ 180	രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000	വിദേശത്തേക്ക്:	
		ഒരു വർഷം	: ₹ 2000

Malankara Sabha Magazine Devalokam
Kottayam-04; Ph:0481-2573234, 9947804477

66th CONFERENCE

INAMS

■ തോമസ് പോൾ
സെക്രട്ടറി, ഐനാംസ്

ഐനാംസിന്റെ 66-ാം ദേശീയ കോൺഫ്രൻസ് 2016 ഒക്ടോ. 8-10 വരെ ഭിലായ് മിഷൻ സെന്ററിൽ നടന്നു. 'ദാനമായി നിങ്ങൾക്കു ലഭിച്ചു. ദാനമായി കൊടുപ്പീൻ' എന്നതായിരുന്നു മുഖ്യ ചിന്താവിഷയം.

കോൺഫറൻസിലേക്ക് 7-ാം തീയതി തന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നായി 200-ലധികം പ്രതിനിധികൾ വന്നെത്തിയിരുന്നു. സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കൽക്കട്ടാ ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനി മിഷൻ രംഗത്ത് ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി നടപ്പാക്കിയ തനത് ശൈലികൾ വിശദീകരിച്ചു.

ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും താൽക്കാലിക സഹായങ്ങൾ നല്കുന്നതിൽനിന്ന് ഭിന്നമായി 130 ഗ്രാമങ്ങൾ ദത്തെടുത്ത് (മക്കോഡിയ) എല്ലാ ഗ്രാമത്തിലും സ്കൂൾ, ക്ലിനിക്, ടെയ്‌ലറിംഗ് സ്കൂൾ, കൂടാതെ ഗ്രാമത്തെ സ്വയംപര്യാപ്തതയിലെത്തിക്കുവാൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ച് കന്നുകാലി വളർത്തലും മറ്റു ചെറുതൊഴിലുകളും ചെയ്യിച്ച് അവരേക്കൂടി മുഖ്യധാരയിലേക്കുയർത്തിയ അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം എടുത്തുപറഞ്ഞു. മലങ്കരസഭയിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ കത്തിച്ച മിഷൻ വെളിച്ചം പരുമലത്തിരുമേനിയും പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും കൈമാറി ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും, തേവോദോസ്യോസ് തിരുമേനിയും അവരവരുടെ ശൈലിയിൽ അത് പരിപോഷിപ്പിച്ചുവെന്ന് തിരുമേനി പറഞ്ഞു.

ഡോ. യൂഹാനോൻ മാർ തേവോദോറോസ് (ഐനാംസ് സഭയുടെ സുവിശേഷത്തിന്റെ കൂട്ടുവേല ക്കാർ) Fr. Dr. Reji Mathew *(Indian Orthodox Mission : Emerging Definition and Methodology)*, Fr. Dr. K. Geevarghese *"Freely you have received, freely give"*, Prof. K.C.Mani *(Mission: Methdology of Church Fathers)*, Fr. John Mathew (Discipleship with and without Baptism) എന്നിവർ മുഖ്യ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

നമ്മുടെ സഭാപിതാക്കന്മാരുടെ മിഷൻ മാതൃകകൾ സ്വാംശീകരിച്ച് പിന്തുടരുന്നതിനൊപ്പം സഭയിന്ന് നേരിടുന്ന കാലികമായ വെല്ലുവിളികളെയും ഉൾക്കൊണ്ടുള്ള മിഷൻ ശൈലികൾ സ്വീകരിക്കണം. അത് മാമോദീസായോടു കൂടിയോ അല്ലാതെയോ എന്നതിലുപരി ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും വിമോചനത്തിന്റെയും സന്ദേശം അതിരുകളില്ലാതെ എല്ലാവരിലേക്കും എത്തിക്കത്തക്കവിധമാകണം എന്നതാണ് സമ്മേളനം പൊതുവേ മുന്നോട്ടുവയ്ക്കുന്ന വീക്ഷണം. രണ്ടുസഹസ്രാബ്ദംകൊണ്ട് ഭാരതത്തിൽ മാമോദീസായിൽക്കൂടി ക്രിസ്ത്യാനികളായിരിക്കുന്നവരിലധികം ക്രിസ്തുശിഷ്യന്മാരുണ്ടെന്ന തിരിച്ചറിവാണ് ലഭിച്ചത്. അവരവരായിരിക്കുന്ന വ്യവസ്ഥിതിയിൽ തുടരുകയും ക്രിസ്തുസന്ദേശം ഉൾക്കൊണ്ടുജീവിക്കുകയും ചെയ്യുന്ന വരെ വ്യവസ്ഥാപിത സഭകൾ ഉൾക്കൊള്ളേണ്ടുന്ന കാലം വിദൂരമല്ല എന്നസന്ദേശവും മുന്നോട്ടുവന്നു.

പ്രകൃതി ജീവനത്തെപ്പറ്റി ബോധവൽക്കരണക്ലാസ്സ് എം. കുര്യൻ എടുത്തു. ഐനാംസ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇരുപതിന കർമ്മപദ്ധതികളെപ്പറ്റി ജനറൽ സെക്രട്ടറി പ്രൊഫ. പി.കെ. കുര്യൻ വിശദീകരിച്ചു. ക്രിസ്തീയ നേതൃത്വം എന്ന വിഷയത്തിൽ ഡോ. ഫിലിപ്പോസ് ജോഷ്വാ, ഫാ. കുര്യൻ ഏബ്രഹാം എന്നിവർ ക്ലാസ്സെടുത്തു. ഉത്തരാഖണ്ഡ്, നേപ്പാൾ ദുരന്തങ്ങളിൽ സഭയും മിഷൻബോർഡും കൈക്കൊണ്ട നടപടികളെപ്പറ്റി വിഡിയോ ഷോയിൽക്കൂടി കെ. ജി. മത്തായിക്കുട്ടി വിശദീകരിച്ചു. റവ. ഗീവർഗീസ് റമ്പാൻ, ഫാ. ഗീവർഗീസ് പൊന്നോല, ഫാ. തോമസ് കെ. ചാക്കോ, ഫാ. പി.റ്റി. തോമസ്, ഫാ. ജോഷി വർഗീസ്, റവ. കോശി പ്ലാമ്മൂട്ടിൽ കോർഎപ്പിസ്കോപ്പാ, ഫാ. എൻ. ജെ. മാത്യു, ഫാ. അജു കെ. വർഗീസ്, ഫാ. എൻ. ജെ. ജോസഫ്, പ്രൊഫ.ഡി. മാത്യു എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിൽ വിശുദ്ധീകരിച്ചാൽ മാത്രമേ ക്രിസ്തീയ മിഷന്റെ അന്തഃസത്ത ഉൾക്കൊള്ളുവാൻ നമുക്ക് സാധിക്ക യന്ന് ഡോ. യൂഹാനോൻ മാർ തേവോദോറോസ് തിരുമേനി സമാപനസമ്മേളനത്തിൽ പറഞ്ഞു. ഐനാംസ് ഈവർഷം യുണിറ്റ് തലത്തിൽ നടപ്പാക്കുന്ന "പ്രകൃതി കൃഷി"യുടെയും പച്ചക്കറി വിത്ത് വിതരണോദ്ഘാടനവും തിരുമേനി നർവ്വഹിച്ചു.

യൂണിറ്റ് റിപ്പോർട്ടുകളിൽനിന്ന് പ്രാദേശിക അടിസ്ഥാനത്തിൽ നടക്കുന്ന ലക്ഷക്കണക്കിനു രൂപയുടെ സേവനപ്രവർത്തനങ്ങൾ വിശദീകരിക്കപ്പെട്ടു. യൂണിറ്റംഗങ്ങളുടെ ദശാംശമിച്ചം കോൺഫറൻസ് ചെലവിലേക്കും യാച്ചാരത്ത് ആരംഭിക്കുന്ന ഒസ്താത്തിയോസ് തിരുമേനിയുടെ സ്മരണയ്ക്കായുള്ള സ്കൂൾഫണ്ടിലേക്കുമായി ശേഖരിക്കപ്പെട്ടു. പ്ലീനറി സമ്മേളനത്തിനുശേഷം ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ സമാപന സന്ദേശം, ലൗ സർക്കിൾ ഇവയോടെ കോൺഫറൻസിനു തിരശീല വീണു. ■

Rev. Fr. Oommen Punnoose

(19-10-1933 : 28-11-2014)

Modisseril

Sulthan Battery



LOVE YOU DADY

Inserted by
The Sorrowing Family

വിപാസ്സന മെഡിക്കൽ സെമിനാർ



കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ വിപാസ്സന വൈകാരിക സഹായ കേന്ദ്രം, ഓർത്തഡോക്സ് മെഡിക്കൽ ഫോറം, കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ സെന്റ് പോൾസ് മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ **'മെഡിക്കൽ മിഷൻ: നൂതന സംരംഭങ്ങൾ'** എന്ന വിഷയത്തിൽ സെമിനാർ നടത്തി. കോപ്റ്റിക് മെഡിക്കൽ മിഷൻ ഡയറക്ടർ ഡോ. ആബുന ദാവൂദ് ലാമായി സെമിനാർ ഉദ്ഘാടനം ചെയ്തു. ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന വിദഗ്ദ്ധർ തങ്ങളുടെ സമയത്തിന്റെ ദശാംശം സൗജന്യ സേവനമായി പൊതു സമൂഹത്തിനു നൽകിയാൽ ആരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും എന്ന് അദ്ദേഹം പറഞ്ഞു. മാനവശാക്തീകരണ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി ഫാ. പി. എ. ഫിലിപ്പ് അധ്യക്ഷത വഹിച്ചു.

ആബുന മാർക്കോസ്, ആബുന സോളമൻ, ഓർത്തഡോക്സ് മെഡിക്കൽ ഫോറം ജനറൽ സെക്രട്ടറി ഡോ.വറുഗീസ് പുന്നൂസ്, വിപാസ്സന ഡയറക്ടർ ഡോ. സിബി തരകൻ, ഡോ. ജോസഫ് പി. വറുഗീസ്, ഡോ. അന്നമ്മ വറുഗീസ്, ഡോ. റോസമ്മ അലക്സ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മെഡിക്കൽ മിഷൻ രംഗത്തുള്ള സഹകരണ സാധ്യതകൾ യോഗത്തിൽ ചർച്ചചെയ്തു. ■

For Favours Received



Bitty & Bini

കുഴിമറ്റം പള്ളി
സെന്റ് ജോർജ്ജ് ഓർത്തഡോക്സ്
മോഡൽ സൺഡേസ്കൂൾ കുഴിമറ്റം, കോട്ടയം
CENTENARY CELEBRATION
ശതാബ്ദി മഹാസമ്മേളനം
2016 നവംബർ 22 ചൊവ്വാഴ്ച 2 പി.എം.
ഉദ്ഘാടനം
പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ
വിശിഷ്ടാതിഥി
പരിശുദ്ധ ആബൂനാ മത്ഥ്യാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവാ
(എത്യോപ്യൻ സഭാ മേലധ്യക്ഷൻ)
അദ്ധ്യക്ഷൻ
H.G. ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്സ്
(സഹായ മെത്രാപ്പോലീത്താ, കോട്ടയം ഭദ്രാസനം)
അഭിവന്ദ്യ തിരുമേനിമാരും വൈദീകശ്രേഷ്ഠരും പങ്കെടുക്കുന്നു.
ഫാ.വർഗ്ഗീസ് മർക്കോസ് ആര്യാട്ട്
(ഇടവക വികാരി)
ശതാബ്ദി വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ
തണൽ 25 പ്രാർത്ഥനാ സംഗമങ്ങൾ
വചനം 50 ബൈബിൾ ക്ലാസ്സുകൾ
സമീക്ഷ 100 ബോധനക്ലാസ്സുകൾ
അഭയം ഭവനദാന പദ്ധതി
ദക്ഷിണ അദ്ധ്യാപകർക്ക് ആദരം
സമൃദ്ധി പൂർവ്വ അദ്ധ്യാപകരുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും കൂട്ടായ്മ
പൈതൃക പഠനയാത്ര
സ്മൃതി ശതാബ്ദി സ്മരണിക
സമസ്യ അഖില മലങ്കര ക്വിസ്
സർഗ്ഗ അഖില മലങ്കര കലോത്സവം
തളിര് കൗൺസിലിംഗ് ക്ലാസ്സുകൾ
ദ്യുതി കരിയർ ഗൈഡൻസ് പ്രോഗ്രാം
ആത്മന വ്യക്തിത്വ വികസന പരിപാടി
സ്പർശം കുമ്പസാരവും കുർബ്ബാനാനുഭവവും
ദിശ ത്രിദിന പഠനക്യാമ്പ്
പ്രബോധനം അദ്ധ്യാപകർക്കുള്ള സെമിനാർ
സമർപ്പണം ദിവ്യബലിയെ അടുത്തറിയുക
ആർദ്ര മെഡിക്കൽ ക്യാമ്പ്
കനിവ് രോഗീസന്ദർശനം
ജ്വാല പ്രഭാഷണവാരം
യോജന എക്യൂമെനിക്കൽ സമ്മേളനം
സൺഡേസ്കൂൾ ശതാബ്ദി സമാപന സമ്മേളനം 2017 മെയ് 21ന്
പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യും.
സൺഡേസ്കൂൾ ശതാബ്ദി വാർത്തകൾക്കും ചിത്രങ്ങൾക്കും QR Code സ്കാൻ ചെയ്യുക

In Everloving Memory of



K.O. MATHEW
48th year of Demise
(05-06-2016)



V.M. OOMMEN
30th Day of Demise
(01-11-2016)

P.O. ALEYAMMA
30th year of Demise
(29-11-2016)

KARIKKOTTU VADACKAL, PUNNAMOODU, MAVELIKARA

Inserted by:

KARIKKOTTU BENJOE INDUSTRIES

INDUSTRIAL ESTATE, MAVELIKARA

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/November/2016

RNI No. 3076/57, Registered No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

ST. MARY'S ORTHODOX VALIYAPALLY

JALAHALLI BANGALORE

GOLDEN JUBILEE CELEBRATION-2016

H.H.Baselios Marthoma Paulose II
(Catholicos of the East & Malankara Metropolitan)



H.G.Dr. Yakoob Mar Irenaios
(Metropolitan Kochi Diocese)

H.G.Dr. Abraham Mar Seraphim
(Metropolitan Bangalore Diocese)

പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ദേവാലയത്തിന്റെ അനുഗ്രഹപ്രദമായ 50-ാം വാർഷികം 2016 നവംബർ 25,26,27 തീയതികളിലായി പരി. കാതോലിക്കാബാവാ തിരുമേനിയുടെയും അഭിവന്ദ്യ പിതാക്കന്മാരുടെയും, വൈദീകരുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്നു.

ഏവർക്കും സ്വാഗതം

Rev. Fr. James Eapen Kuttykandam
(Vicar)

Rev. Fr. Bino Samuel
(Asst. Vicar)

V Mathews
(Treasurer)

C.G Mathew
(Secretary / General Convenor)

K.K. Mathukutty Vaidhyan
(Advisor)

With Best Wishes: C.G.Mathew, Sabha Managing Committee Member, Bangalore Diocese.

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL